**KOTTAYAM PUBLIC LIBRARY**

Call No M200 Acc. No 14079

Author ഉണ്ണാചനാവിൽ, എസ്. ജെ

Title സ്വർഗ്ഗസോപാനം

898


## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

14079.

# സ്വർഗ്ഗസോപാനം

അഥവാ

# ദിവ്യബലി

ഫാദർ ജെ. കുഞ്ഞാപ്പറമ്പിൽ എസ്സ്. ജെ.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

ted at the St. Joseph's Press, Mannanam. 1957.

0/37

Nihil obstat

Fr. J. Edamaram, S. J.

Imprimatur

† Sebastian Vayalil
Bishop of Palai.

Palai
22—11—1956.

*To*

*All Those*

*who Helped me*

*In whatever way*

*To Ascend The Altar of God*

*This Book Is*

*Gratefully and Respectfully*

*Dedicated.*

# ഉള്ളടക്കം

ആമുഖം
അദ്ധ്യായം 1. മുഖവുര
,, 2. ദിവ്യബലിയും പഴയനിയമവും
,, 3. ദിവ്യബലിയുടെ സ്ഥാപനം
,, 4. കുരിശും കുർബാനയും
,, 5. ദിവ്യബലിയുടെ ഉദ്ദേശ്യങ്ങൾ
,, 6. ദിവ്യബലിയുടെ പ്രധാന ഭാഗങ്ങൾ
,, 7. കുർബാനയുടെ സ്വീകരണം
,, 8. ഉപസംഹാരം

# ആമുഖം

അനന്തജ്ഞാനിയായ സ്രഷ്ടാവിൻെറ കരകൗശലത്തിൻെറ മഹത്തായ രൂപമാണു് മനുഷ്യൻ. മനുഷ്യൻെറ പ്രവൃത്തികൾക്കെല്ലാം ഒരുദ്ദേശ്യമുണ്ടെങ്കിൽ ദൈവത്തിൻെറ സൃഷ്ടികർമ്മത്തിലും ഒരുദ്ദേശ്യംകൂടിയേ തീരൂ. അതേ, മനുഷ്യൻ ദൈവത്തിനു മഹത്ത്വം നല്കുവാനാണു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ദൈവത്തിനു മഹത്ത്വം നല്കുക എന്നു പറഞ്ഞാൽ ദൈവത്തിൻെറ പരമാധികാരത്തെ ഏറ്റു പറയുക, മനുഷ്യരും സകല സൃഷ്ടവസ്തുക്കളും അവിടുത്തെ കരവേലയാണെന്നു് പ്രഖ്യാപിക്കുക, സൃഷ്ടികളിൽ കുടികൊള്ളുന്ന അവിടുത്തെ ചൈതന്യവിശേഷത്തെ വാഴ്ത്തുക, ദൈവത്തിലാണു് അവയുടെയെല്ലാം പൂർത്തീകരണമെന്നുള്ള സത്യത്തെ അനുസ്മരിക്കുക എന്നൊക്കെയാണു് വിവക്ഷ. മനുഷ്യനാണു് പ്രപഞ്ചത്തിൻെറ മകുടം; അവനാണു് സൃഷ്ടികളുടെയെല്ലാം അത്യുന്നത പുരോഹിതൻ; അവനുവേണ്ടിയാണു് ഈ മഹത്തായ പ്രപഞ്ചത്തെ ദൈവം ചമയിച്ചൊരുക്കിയതും. അതിനാൽ ബുദ്ധിശക്തിയുള്ള മനുഷ്യനു് ഒരു പ്രത്യേക ചുമതലയുണ്ടു്— തന്നെത്തന്നെ ദൈവത്തിൻെറ തൃക്കരങ്ങളിൽ, സമർപ്പിക്കുക; അവനോടുകൂടി സകല സൃഷ്ടവസ്തുക്കളേയും ദൈവത്തിനു സമർപ്പിക്കുക. മനുഷ്യൻെറ താദൃശസമർപ്പണമാണു് ആരാധന; അതാണു് അവൻെറ ബലിയും.

പാപം—ദൈവത്തിനു മനുഷ്യരുടെമേലും സൃഷ്ടികളുടെമേലുമുള്ള അധികാരത്തിൻെറ തിരസ്കരണമാണതു്; സ്രഷ്ടാവിനു് സൃഷ്ടികളിലുള്ള അവകാശത്തിൻെറ നിഷേധമാണതു്; ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിലുള്ള പ്രതിഷേധമാണതു്; അവിടുത്തേക്കു ബലി അർപ്പിക്കുന്നതിലുള്ള വിസമ്മതവുമാണതു്. അതേ മനുഷ്യൻ ദയനീയമായി പാപം ചെയ്തു. അവൻെറ ഹൃദയത്തിൻെറ ഓരോ സ്പന്ദനങ്ങളേയും നിയന്ത്രിക്കുന്ന അവൻെറ ജീവൻെറ നാഥനെതിരായി അവൻ സ്വരമുയർത്തി. അവൻ അവിടുത്തെ നിഷേധിച്ചു. അവിടുത്തേയ്ക്കു ബലിയായി സ്വയമർപ്പിക്കുവാൻ അവൻ വിസമ്മതിച്ചു. അതോടെ സൃഷ്ടികർമ്മത്തി

ന്റെ ഉദ്ദേശ്യം ദയനീയമായി പരാജയപ്പെടുത്തപ്പെട്ടു. അതു് മറ്റെന്തോ ആയി മാറി. മാനവചരിത്രം അൎത്ഥശൂന്യമായി. അനാഥത്വവും ശൂന്യതയും എങ്ങും ദൃശ്യമായി, അതേ, നാഥനില്ലാത്ത പ്രകൃതി അമ്മയില്ലാത്ത ശിശുവിനു സദൃശമല്ലേ?

സമയത്തിന്റെ പൂൎത്തീകരണം സമാഗതമായി. ദൈവസുതൻ മനുഷ്യസ്വഭാവം സ്വീകരിച്ചു. വ്യഭിചരിപ്പിക്കപ്പെട്ട ക്രമീകരണം പുനഃസ്ഥാപിക്കുവാൻ, സൃഷ്ടിയുടെ ഉദ്ദേശ്യം നിറവേറ്റുവാൻ, ദൈവം മനുഷ്യനായി ബതലഹെമിൽ അവതരിച്ചു. അവിടുന്നു ചരിത്രത്തെ ഉടച്ചുവാൎത്തു് വീണ്ടും പ്രഭാപൂരിതമാക്കി. സൃഷ്ടിയുടെ ഉദ്ദേശ്യം നിവൎത്തിയാക്കി. അങ്ങനെ പ്രപഞ്ചത്തെ വീണ്ടും ധന്യമാക്കുവാൻ അവിടുന്നു സ്വീകരിച്ച മാൎഗ്ഗം കാൽവരിയിലെ ബലിയായിരുന്നു. കരചരണങ്ങൾ കാരിരുമ്പാണികളാൽ തറയ്ക്കപ്പെട്ട് ആകാശത്തിനും ഭൂമിക്കും മദ്ധ്യേ വൻകുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു് അവിടുന്നു പ്രഘോഷിച്ചു "പൂൎത്തിയായി" എന്നു്. എന്താണു് പൂൎത്തിയായതു്? അഥവാ എന്താണവിടുന്നു സാധിച്ചതു്? അതേ, സൃഷ്ടികൎമ്മത്തിന്റെ പരമോദ്ദേശ്യം, ചരിത്രത്തിന്റെ പൂൎത്തീകരണം. മാനവചരിത്രത്തിലെ അതിപ്രധാനമായ നിമിഷമായിരുന്നു അതു്; യുഗാന്തരങ്ങളുടെയെല്ലാം പ്രതീക്ഷകളുടെ പൂൎത്തീകരണമായ നിമിഷമായിരുന്നു അതു്.

മാമ്മോദീസാമൂലം ഓരോ മനുഷ്യനും മിശിഹായോടു സംയോജിക്കപ്പെടുന്നു. ഈ യോജിപ്പു് അവിടുന്നൎപ്പിച്ച ബലിയുടെ ഭാഗഭാഗിത്വത്തിലാണു് നിലനില്ക്കേണ്ടതു്. ആ ഭാഗഭാഗിത്വത്തിൽ ഓരോരുത്തരും അവരവരുടെ അസ്തിത്വത്തിന്റെ ഉദ്ദേശ്യം നിവൎത്തിക്കണം. ആ ബലിയിലാണു് ഓരോ കത്തോലിക്കനും ജീവിക്കേണ്ടതു്. ആ ഭാഗഭാഗിത്വംമൂലമാണു് ഓരോരുത്തനും മിശിഹായുടെ ബലിയെ തന്റെ ബലിയാക്കുന്നതു്. ഈ മഹത്തായ കൃത്യമാണു് അൾത്താരയിൽ അനുദിനം അൎപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ നടക്കുന്നതു്.

ചരിത്രത്തിന്റെ നിൎണ്ണായകഘട്ടമാണു് കാൽവരി. കാൽവരിയിൽ നാട്ടപ്പെട്ട കുരിശിൽനിന്നാണു് ജീവന്റെ സന്ദേശം പുറപ്പെടുന്നതു്; ചരിത്രത്തിനൎത്ഥവ്യാപ്തി ലഭിക്കുന്നതും കുരിശിൽനിന്നാണു്. മനുഷ്യജീവിതത്തിനൎത്ഥവും ഉന്നവുമുണ്ടാകണമെങ്കിൽ, മനുഷ്യനിൽ ജീവച്ഛായ നിഴലിക്കണമെങ്കിൽ,

അവൻ അൾത്താരയുടെ നേരെ തിരിയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കുരിശിലെ ബലിയാണ് അൾത്താരയിൽ ആവർത്തിക്കപ്പെടുന്നതു്. ജീവിതത്തിന്റെ ആനന്ദമധുരിമ നുകരുന്ന നിമിഷങ്ങൾ; തിക്തകാനുഭവങ്ങൾക്കും വിപരീതസാഹചര്യങ്ങൾക്കും അടിമപ്പെട്ടു വലയുന്ന നിമിഷങ്ങൾ; ജീവിതത്തിന്റെ നാൽക്കവലയിൽ ചുററിത്തിരിഞ്ഞു് തീരാത്ത നൈരാശ്യമനുഭവിക്കുന്ന നീങ്ങാത്ത നിമിഷങ്ങൾ; പരാജയത്തിൽനിന്നു പരാജയത്തിലേക്കു മനുഷ്യനെ നയിക്കുന്ന ജീവിതാനുഭവങ്ങൾ; രക്തത്തുള്ളികളെ വിയർപ്പുതുള്ളികളാക്കി മാററുന്ന അധ്വാനപൂരിതമായ ജീവിതസാഹചര്യങ്ങൾ; ഇവയെല്ലാം ദിവ്യബലിയിൽ മാത്രമേ അർത്ഥമുണ്ടാകയുള്ളു. മനുഷ്യന്റെ താദൃശക്രിയകളെല്ലാം കാൽവരിയിലെ ബലിയായ അൾത്താരയിലെ ബലിമൂലം ദിനംപ്രതി നിത്യപിതാവിനു സമർപ്പിക്കുമ്പോൾ അവയെല്ലാം അനന്തമായ വിലയുള്ളതായിത്തീരും. അവയൊന്നും മേലിൽ അർത്ഥശൂന്യങ്ങളല്ല. എന്നാൽ നാം അവയെ ദൈവത്തിനു കാഴ്ചയണക്കാഞ്ഞാൽ അവയെല്ലാം നമുക്കു തീരാനഷ്ടമായി ഭവിക്കും.

ഇത്രമാത്രം മനുഷ്യജീവിതത്തിൽ പ്രാധാന്യമർഹിക്കുന്ന ദിവ്യബലിയെപ്പററി ഇതാ ഒരു ചെറിയ വിശദീകരണംകൂടി മലയാളികൾക്കു ലഭ്യമായിരിക്കുന്നു. ഗ്രന്ഥകാരന്റെ ലളിതമായ ഭാഷയും വിശദീകരണരീതിയും ഒരു സാധാരണ കത്തോലിക്കനുപോലും ആസ്വാദ്യജനകമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അതു് ഓരോ കത്തോലിക്കനും വി. കുർബാനയെപ്പററി കൂടുതലായ അറിവും നവചൈതന്യവും പ്രദാനം ചെയ്യുമെന്നും അതുമൂലം വി. കുർബാനയിൽ കൂടുതൽ ഫലപ്രദമായ ഒരു ഭാഗഭാഗിത്വം അവർക്കുണ്ടാകുമെന്നും പ്രത്യാശിക്കുകയും ചെയ്യുന്നു.

പാരമ്പര്യം തെളിഞ്ഞു പ്രകാശിക്കുന്ന കത്തോലിക്കാ ജീവിതത്തിൽപോലും മതത്തെപ്പററി മിക്കവാറും ഒരു നിഷ്പക്ഷ മനോഭാവമാണ് ഇന്നു കണ്ടുവരുന്നതു്. മതമൂല്യങ്ങൾ എവിടെയും അവഹേളിക്കപ്പെടുകയാണ് ചെയ്യുന്നതു്. ധാർമ്മികമൂല്യങ്ങളെപ്പററിയുള്ള പ്രതിപത്തി ദൈനംദിനം കുറഞ്ഞുവരികയുമാണ്. അങ്ങനെയുള്ള ഇന്നത്തെ സാഹചര്യത്തിൽ മതാനുസരണത്തിൽ അതിപ്രധാനങ്ങളായ നിത്യസത്യങ്ങളെപ്പററി

യുള്ള പ്രതിപാദനം ഒരിക്കലും അസ്ഥാനത്താകുകയില്ല; അവയ്ക്കു കൊടുക്കുന്ന പ്രാധാന്യം ഒരിക്കലും അധികമായി പോകുകയുമില്ല. കത്തോലിക്കാജീവിതത്തിന്റെ നടുനായകമായ വി. കുർബ്ബാനയെപ്പററി — ഇങ്ങനെയൊരു പ്രതിപാദനത്തിനു തയ്യാറായ ഗ്രന്ഥകാരൻ മതമൂല്യങ്ങളെ മതിക്കുന്ന സകലരുടെയും അഭിനന്ദനത്തിനും കൃതജ്ഞതയ്ക്കും തികച്ചും അർഹനാണ്. വ്യാപ്തിയേറിയ നിത്യസത്യങ്ങളെ ലളിതസുന്ദരമായി പ്രതിപാദിച്ച് അതു് സാധാരണക്കാരനു് ആസ്വാദ്യജനകമാക്കിത്തീക്കുവാൻ അദ്ദേഹത്തിന്റെ കരുത്തേറിയ തൂലിക തുടന്നു ചലിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

ഫാ. പി. സി. ആന്റണി എസ്. ജെ.

# സ്വർഗ്ഗസോപാനം

അഥവാ

# ദിവ്യബലി

---

## 1. മുഖവുര

മനുഷ്യരക്ഷയ്ക്കായി മനുഷ്യനായവതരിച്ച ദിവ്യസുതന്റെ ഇഹലോകജീവിതത്തിലെ ഏററവും പ്രധാനവും മാഹാത്മ്യമുള്ളതുമായ കൃത്യം തന്റെ കുരിശിലെ ബലിയായിരുന്നു. ആ ദിവ്യബലിയുടെ ഒരു ആവൎത്തനമാണ് ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള കത്തോലിക്കാ ദേവാലയങ്ങളിൽ ഇടവിടാതെ അൎപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാന. ഈശോ തന്റെ മണവാട്ടിയായ കത്തോലിക്കാസഭയ്ക്കും, താൻ വീണ്ടെടുത്ത ജനങ്ങൾക്കുമായി കൊടുത്ത അതിപ്രധാനമായ ദാനം വിശുദ്ധ കുർബാനയാണ്. ദിവ്യപൂജയെ അതിശയിക്കുന്ന മറെറാരു കൎമ്മാനുഷ്ഠാനം ലോകത്തിലില്ല. ഇതു് ഈശോയുടെ ജീവിതത്തിന്റെതന്നെ രത്നച്ചുരുക്കമാണ്. വിശുദ്ധ കുർബാനവഴി ഈശോ നമ്മെ തന്നോടു് ഐക്യപ്പെടുത്തി, നമുക്കുവേണ്ടി നമ്മിൽ, തന്നെത്തന്നെ ബലിയായി നിത്യപിതാവിനു സമൎപ്പിക്കുന്നു. കാൽവരിയിലെ ബലിയിൽ താൻ സമ്പാദിച്ച വിലമതിക്കപ്പെടാനാവാത്ത വരപ്രസാദങ്ങളാൽ നമ്മുടെ ആത്മാക്കളെ അലങ്കരിച്ചു്, നിത്യജീവിതത്തിൽ പ്രവേശിക്കുന്നതിനു് നമ്മെ ഓരോരുത്തരേയും സഹായിക്കുവാനാണ് ഈശോനാഥൻ ഈ ദിവ്യബലി നമുക്കു ദാനമായി തന്നിട്ടുള്ളതു്.

വിശുദ്ധ കുർബാന കത്തോലിക്കസഭയുടെ കേന്ദ്രവും ക്രിസ്തീയ ജീവിതത്തിന്റെ കാമ്പുമാണ്. എല്ലാ ക്രിസ്തീയ സത്യങ്ങളുടെയും ഒരു സംക്ഷേപരൂപം നമുക്കുണ്ടെങ്കിൽ അതു് ദിവ്യപൂജ മാത്രമാണ്. വീണ്ടെടുക്കപ്പെട്ട ജനത്തെ പരിശുദ്ധാത്മാ

വിൻെറ പ്രവൃത്തിയാൽ ശുദ്ധീകരിച്ച്, സുതനായ സർവ്വേശ്വരൻ നിത്യപിതാവിൻെറ മഹത്വത്തിനും ആരാധനയ്ക്കുമായി ഈ ബലി സമർപ്പിക്കുന്നു. ദിവ്യബലിയുടെ മഹത്വവും വല്ലഭവും ശരിയായി മനസ്സിലാക്കി അതിൽ ബോധപൂർവ്വവും സജീവവുമായി ഒരു പങ്കെടുക്കുന്നതിൽപരം മഹത്തരമായ കൃത്യം മറെറന്താണു് ക്രിസ്ത്യാനിക്കുള്ളത്? ദൈനംദിനജീവിതത്തിൽ ഒരു കത്തോലിക്കൻെറ ഏററവും പ്രധാനമായ കൃത്യം ദിവ്യപൂജയിൽ പങ്കെടുക്കുകയായിരിക്കണം. വി. കുർബാന ദൈവീകജീവിതത്തോട് നമ്മെ സംഘടിപ്പിച്ച്, എല്ലാ പരിശുദ്ധതയുടെയും എല്ലാ നന്മകളുടെയും ഉറവയായ ആ ജീവിതത്തിൽനിന്നും നമുക്കാവശ്യമായ പ്രസാദവരങ്ങൾ ധാരാളമായി സ്വീകരിക്കുവാൻ നമ്മെ യോഗ്യരാക്കുന്നു.

ദിവ്യബലിയിൽ പ്രധാന കാർമ്മികത്വം വഹിക്കുന്നത് ഈശോയുടെ സ്ഥാനത്തുനില്ക്കുന്ന വൈദികനാണു് എന്നതിൽ സംശയമില്ല. പട്ടമെന്ന കൂദാശവഴി ഈശോ വൈദികനെ ഈ കർമ്മത്തിനു പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നു. "ഇതു നിങ്ങൾ എൻെറ ജ്ഞാപകമായി ചെയ്യുവിൻ," [1] എന്നരുളിച്ചെയ്ത് തൻെറ പുരോഹിതന്മാരായി നിയമിച്ച അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും മാത്രമേ ദിവ്യപൂജ അർപ്പിക്കുവാൻ അധികാരം ക്രിസ്തു കൊടുത്തിട്ടുള്ളു. അതിനാൽ പൗരോഹിത്യാഭിഷേകംമൂലം പ്രത്യേകം ദിവ്യശക്തി ലഭിച്ചിട്ടുള്ള ഈശോയുടെ പുരോഹിതന്മാർക്കു മാത്രമേ അൾത്താരയിൽ പ്രവേശിച്ച് ദൈവരഹസ്യങ്ങൾ കൈകാര്യം ചെയ്യുവാനുള്ള അധികാരമുള്ളു.

എന്നാൽ ഇതിൽനിന്നു്, മററു വിശ്വാസികൾക്കും ദിവ്യപൂജയിൽ ഒരു പങ്കില്ലെന്നോ, അവരും ദിവ്യപൂജ അർപ്പിക്കുന്നില്ലെന്നോ അർത്ഥമാകുന്നില്ല. ഈശോയുടെ പൗരോഹിത്യം യഥാർത്ഥത്തിൽ വൈദികനിൽ മാത്രമാണ് സ്ഥിതിചെയ്യുന്നതെങ്കിലും, ജ്ഞാനസ്നാനത്തിൽ ലഭിക്കുന്ന മുദ്രമൂലം എല്ലാ വിശ്വാസികളും ഈശോയുടെ പൗരോഹിത്യത്തിൽ ഏതാണ്ട് ഒരു പങ്കു വഹിക്കുന്നുണ്ടു്. ജ്ഞാനസ്നാനം എല്ലാ വിശ്വാസികളേയും ഒരു തെരഞ്ഞെടുക്കപ്പെട്ട വർഗ്ഗമായി മാററി, അവരെ ദിവ്യാരാധനയ്ക്കായി പ്രത്യേകം നിയോഗിക്കുന്നു. "പ്രസാദവരത്തിലിരിക്കുന്ന ഓരോ ക്രൈസ്തവനും ആന്തരികവും ആദ്ധ്യാത്മികവുമായ

ബലി തനിക്കും മററുള്ളവക്കുംവേണ്ടി ദൈവത്തിന്നു നേരിട്ടു സമപ്പിക്കുവാൻ സാധിക്കും. അതു് അവൻെറ അവകാശവും, അധികാരവും പാവനമായ കത്തവ്യവുമാണ്'' [2] അന്ധകാരത്തിൽനിന്നും ദൈവത്തിൻെറ മഹിമപ്രകാശത്തിലേയ്ക്കു വിളിക്കപ്പെട്ട ക്രിസ്ത്യാനികൾ ഒരു തെരഞ്ഞെടുക്കപ്പെട്ട വഗ്ഗവും രാജകീയാചായ്യത്വം നിവ്വഹിക്കേണ്ട വിശുദ്ധ ജനവുമാണെന്നുള്ള വി. പത്രോസിൻെറ വാക്കുകൾ ഇവിടെ അത്ഥവത്താണ്. [3]

ദിവ്യബലി തിരുസ്സഭയുടെ ബലിയാണ്; അതു് പുരോഹിതൻെറമാത്രം ബലിയല്ല. വി. കർബാന എല്ലാ വിശ്വാസികളുടെയും ബലിയാണെന്നുള്ള സത്യം, എല്ലാ വിശ്വാസികളും ഈശോയുടെ മൗതികശരീരത്തിൻെറ അംഗങ്ങളാണെന്നുള്ളതിൽനിന്നും സ്പഷ്ടമാകുന്നു. ഈശോ സ്ഥാപിച്ച തിരുസ്സഭയാണ് അവിടത്തെ മൗതികശരീരം. ദിവ്യസുതൻ എന്തിനായി മനുഷ്യനായി അവതരിച്ചുവോ ആ കൃത്യം തുടന്നുകൊണ്ടുപോകുവാനാണ് അവിടുന്നു തൻെറ മൗതികശരീരമായ തിരുസ്സഭയെ സ്ഥാപിച്ചതു്. അതിനാൽ തിരുസ്സഭ ദിവ്യരക്ഷകൻെറ മനുഷ്യാവതാരത്തിൻെറ ഒരു തുടർച്ച മാത്രമാണ്. ജ്ഞാനസ്നാനം സ്വീകരിച്ച വിശ്വാസികൾ ഈ മൗതികശരീരത്തിൻെറ അംഗങ്ങളും ക്രിസ്തു അതിൻെറ ശിരസ്സുമാകുന്നു. ജ്ഞാനസ്നാനംമൂലം, പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും, മിശിഹായുടെ അരൂപിയുമായ പരിശുദ്ധാത്മാവു് നമ്മിൽ വാസം ചെയ്തു് മൗതികശരീരത്തിൻെറ അംഗങ്ങളായ നമ്മെ എല്ലാം തമ്മിൽ തമ്മിൽ ഐക്യപ്പെടുത്തി നമ്മുടെ ഉന്നതമായ ശിരസ്സിനോടു് യോജിപ്പിക്കുന്നു. "പരിശുദ്ധാത്മാവു് പരിപൂണ്ണമായി ശിരസ്സിലും, പരിപൂണ്ണമായി ശരീരത്തിലും, പരിപൂണ്ണമായി അംഗങ്ങൾ ഓരോന്നിലും സ്ഥിതിചെയ്യുന്നു." [4] അതിനാൽ മിശിഹാ തിരുസ്സഭയുടെ ശിരസ്സും പരിശുദ്ധാത്മാവു് അവളുടെ ആത്മാവുമാണ്. ഇപ്രകാരം ജ്ഞാനസ്നാനം സ്വീകരിച്ച വിശ്വാസികളും ഈശോയും ഒരേ ശരീരമായി മാറുന്നു. വി. പൗലോസിൻെറ വാക്കിൽ "നമുക്കു് ഒരേ ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവൃത്തിയല്ലാതിരിക്കുകയും ചെയ്യുന്നതെങ്ങനെയോ, അങ്ങനെതന്നെ പലരായിരിക്കുന്ന നാമും മിശിഹാ

യിൽ ഒരേ ശരീരമായിരിക്കുന്നു; നമ്മിൽ ഓരോരുത്തനും ഒരുത്തൻ മററൊരുത്തന്റെ അവയവങ്ങളുമാകുന്നു." 5

ഈ സത്യം നമുക്കു കൂടുതൽ വ്യക്തമാക്കിത്തരുവാൻ ഈശോ തന്നെത്തന്നെ ഒരു മുന്തിരിച്ചെടിയോട് ഉപമിച്ചുകൊണ്ട് ഇപ്രകാരം അരുളിച്ചെയ്യുന്നു: "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു." 6 ശിഖരങ്ങൾക്ക് മുന്തിരിച്ചെടിയെ വിട്ട് തനിയേ ജീവിക്കുവാനോ ഫലം തരുവാനോ സാധിക്കുകയില്ല. ചെടിയും ശിഖരങ്ങളും ഒരേ ഒരു ജീവൽദ്രാവകത്താൽ പോഷിപ്പിക്കപ്പെടുന്നു. ഈ ചെടി ഈശോയും ശിഖരങ്ങൾ വിശ്വാസികളും ജീവൽദ്രാവകം പരിശുദ്ധാത്മാവുമാണ്. പരിശുദ്ധാത്മാവ് പ്രസാദവരത്താൽ നമ്മെ പോഷിപ്പിച്ച് നമ്മുടെ ശിരസ്സായ ക്രിസ്തുവിനോട് ഗാഢമായി ഐക്യപ്പെടുത്തി, ഈശോയുടെ ദൈവികജീവിതത്തിലേക്ക് നമ്മെ ഉയർത്തുന്നു. ഇപ്രകാരം തിരുസ്സഭ ക്രിസ്തുവിന്റെ മൗതികശരീരവും, അതിന്റെ ശിരസ്സ് ക്രിസ്തുവും അംഗങ്ങൾ വിശ്വാസികളുമാണ്. ശിരസ്സിൽനിന്നു വേർപെട്ടാൽ അസ്തിക്യം അംഗങ്ങൾക്കില്ലാത്തതുപോലെ വരപ്രസാദജീവൻ വേണമെങ്കിൽ വിശ്വാസികൾ ശിരസ്സായ ക്രിസ്തുവോടുചേർന്ന് ജീവിക്കണം. ശരീരത്തിന്റെ ഏതെങ്കിലും ഒരംഗം ചെയ്യുന്ന കൃത്യം ശരീരം മുഴുവനും ബാധിക്കുന്നതുപോലെ, ഈശോയുടെ മൗതികശരീരത്തിലുൾപ്പെട്ട അംഗങ്ങൾ ചെയ്യുന്ന പ്രവൃത്തികളും മൗതികശരീരം മുഴുവനേയും ബാധിക്കുന്നു. ഇപ്രകാരം വിശുദ്ധ കുർബാന ഈശോയുടെ മൗതികശരീരത്തിന്റെ മുഴുവന്റെയും ബലിയാണ്. ശിരസ്സും അംഗങ്ങളും ഒന്നുചേർന്ന് സ്വർഗ്ഗസ്ഥനായ പിതാവിനർപ്പിക്കുന്ന ബലിയാണ് ദിവ്യപൂജ. ഈശോയുടെ സ്ഥാനത്തുനില്ക്കുന്ന വൈദികൻ ഈശോയുടെ മൗതികശരീരത്തെയാണ്—അതെ നമ്മെ ഓരോരുത്തരെയുമാണ്—പ്രതിനിധീകരിക്കുന്നത്. അതിനാൽ ദിവ്യബലി നമ്മുടെ ഓരോരുത്തരുടെയും ബലിയാണ്.

ദിവ്യപൂജയിൽ സജീവവും ബോധപൂർവ്വവുമായ ഒരു പങ്കെടുക്കലാണ് നമ്മുടെ അനുദിനജീവിതത്തിൽ നമുക്കു ചെയ്യാവുന്ന ഏററവും മഹത്തും ഫലപ്രദവുമായ കൃത്യം. നമ്മുടെ ജീവിതത്തിന്റെയും തിരുസ്സഭയുടെയും ലക്ഷ്യങ്ങൾ ശരിയായി മനസ്സിലാക്കുന്നതിനു മാത്രമല്ല, അവ പ്രാപിക്കുന്നതി

നൽകുന്ന ശക്തിയും അനുഗ്രഹങ്ങളും ദിവ്യബലിയിൽ നാം കണ്ടെത്തും. വി. കുർബാനയിൽനിന്നു പ്രവഹിക്കുന്ന അനന്തഫലങ്ങൾ നമ്മുടെ ആവശ്യങ്ങൾക്കു മാത്രമല്ല, ലോകത്തിൻെറ മുഴുവൻ രക്ഷയ്ക്കും, ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്ക് ശീഘ്രം മോക്ഷാനന്ദഭാഗ്യം നല്കുന്നതിനും, മതിയാവുന്നതാണ്. മാനവവംശത്തിനു ദൈവവുമായിട്ടുണ്ടായിട്ടുള്ള ഐക്യത്തെ പ്രഖ്യാപനം ചെയ്യുന്ന ഈ ബലിയിലേക്ക് മനുഷ്യരെ ആനയിക്കുന്നതിലാണ് കത്തോലിക്കാസഭയുടെ ലോകത്തിലെ യത്നം മുഴുവൻ സ്ഥിതിചെയ്യുന്നതെന്ന് അതിശയോക്തി കൂടാതെ പറയാം. ദിവ്യബലിയുടെ പരിശുദ്ധതയും വല്ലഭവും ശരിയായി ബോദ്ധ്യമാക്കിയ വിശ്വാസി തീർച്ചയായും കർദ്ദിനാൾ ന്യൂമാനോടുകൂടി ഇപ്രകാരം പറയും: "ദിവ്യബലിയോളം അത്ര ആശ്വാസസന്ദായകവും ഹൃദയസ്പർശകവും വികാരനിർഭരവും വിജയപൂർണ്ണവുമായി യാതൊന്നും എനിക്കനുഭവപ്പെട്ടിട്ടില്ല. എന്നെന്നേയ്ക്കുമായി ദിവ്യപൂജയിൽ പങ്കുകൊള്ളുവാൻ എനിക്കു കഴിയും. എന്നാലും ഞാൻ ക്ഷീണിതനാവുകയില്ല. അതു വെറുമൊരു പദസംഹിതയല്ല, ഒരു മഹാ കർമ്മമാണ്. അതെ, ലോകത്തിൽ ഉണ്ടാകാവുന്നതിൽ ഏററവും മഹത്തായ കർമ്മമത്രേ!"[7]

---

1. Luke 22/19.
2. My Mass By J.Putz S.J.
3. I Pet. 2/9
4. Mystici C.Christi. No. 55
5. Rom. 12/4
6. John 15/5
7. My Mass

## 2. ദിവ്യബലിയും പഴയനിയമവും

പഴയനിയമത്തിലെ ബലികൾ എപ്രകാരം ഈശോമിശിഹായാൽ സ്ഥാപിക്കപ്പെടുവാനിരുന്ന വി. കുർബാനയുടെ പൂർവ്വരൂപങ്ങളും മുന്നടയാളങ്ങളും ആയിരുന്നു എന്ന് അല്പം ആരായുന്നതു് ദിവ്യപൂജയുടെ മഹത്വം ശരിയായി അറിയുന്നതിനും നമുക്ക് അതിനോടുള്ള ഭക്തിയും ആദരവും വർദ്ധിക്കുന്നതിനും കാരണമാകും. തന്നെ സൃഷ്ടിച്ചവനും തന്റെ സൗഭാഗ്യങ്ങളുടെ എല്ലാം നിദാനവുമായ ദൈവത്തെ ആരാധിക്കുക എന്നതു് മനുഷ്യന്റെ സ്വാഭാവികമായ ഒരു ഗുണമാണ്. മനുഷ്യന്റെ ഈ നൈസർഗ്ഗികവാസനയിൽനിന്നാണ് വിവിധ മതങ്ങൾ ലോകത്തിൽ ആവിർഭവിച്ചിട്ടുള്ളതു്. എല്ലാ മതങ്ങൾക്കും പൊതുവായ ഒരു ഘടകമാണ് ബലി. ബലിയിൽ മനുഷ്യൻ തനിക്കു സ്വന്തമായ എന്തെങ്കിലും വസ്തുവിനെ മതക്രിയകളുടെ അകമ്പടിയോടുകൂടി തന്റെ സ്രഷ്ടാവിനു സമർപ്പിക്കുന്നു. ബലിയുടെ പ്രധാന സൂചന താൻ സമർപ്പിക്കുന്ന പദാർത്ഥം തനിക്കായി നില്ക്കുന്നു എന്നും തന്റെ ഉത്ഭവവും അന്ത്യവുമായ ദൈവത്തിനു താൻ എപ്പോഴും കീഴ്‌വഴങ്ങി ആരാധന സമർപ്പിച്ചുകൊള്ളാമെന്നുമുള്ളതാണ്. അതിനാൽ ബലി ദൈവത്തിനുമാത്രം സമർപ്പിക്കുന്ന അതിപ്രധാന മതക്രിയയാണ്. സത്യദൈവത്തെ അറിയാത്ത അജ്ഞാനികൾ പിശാചുക്കളെയോ പ്രകൃതിവസ്തുക്കളെയോ ദൈവമായി ആരാധിച്ച് അവരുടെ സ്വാഭാവികമായ മതതൃഷ്ണയ്ക്കു് പരിഹാരം കണ്ടെത്തിയിട്ടുണ്ടു്. ഇപ്രകാരമുള്ള വിഗ്രഹാരാധനയ്ക്കു കാരണം മനുഷ്യന്റെ അന്ധവിശ്വാസമാണ്. വിഗ്രഹാരാധനയേക്കാൾ ദൈവത്തിന് അസഹ്യമായ മറ്റൊന്ന് ലോകത്തിലില്ല. പലപ്പോഴും വിഗ്രഹാരാധനക്കാരുടെമേൽ കോപിച്ച് ദൈവം അവരെ കഠിനമായി ശിക്ഷിച്ചിട്ടുണ്ടു് എന്നുള്ളതിനു പഴയനിയമവും ചരിത്രവും സാക്ഷ്യം വഹിക്കുന്നു. അതിനാൽ അജ്ഞാനാന്ധകാരത്തിലും വിഗ്രഹാരാധനയിലും ജീവിക്കുന്നവർ വേഗം സത്യപ്രകാശത്തിലേക്കു വന്ന് ഏക ദൈവാരാധനയ്ക്കായി ഈശോമിശിഹായാൽ സ്ഥാപിക്കപ്പെട്ട അമൂല്യ ദിവ്യബലിയിൽ പങ്കെടുക്കുവാ


നായി പ്രാർത്ഥിക്കേണ്ടതും പ്രയത്നിക്കേണ്ടതും എല്ലാ വിശ്വാസികളുടെയും കടമയാണ്.

മനുഷ്യചരിത്രത്തിൽ ആദ്യമായി പ്രസ്താവിക്കപ്പെടുന്ന ആബേലിന്റെയും കായേന്റെയും ബലിയിൽ, ബലിക്ക് അത്യാവശ്യമായ ഒരു ഗുണം സ്പഷ്ടമായി കാണാം. ആട്ടിടയനായിരുന്ന ആബേൽ തന്റെ ആട്ടിൻപറ്റത്തിൽനിന്നുള്ള കടിഞ്ഞൂൽ കുട്ടിയേയും, കൃഷികനായിരുന്ന കായേൻ വയലുകളിൽനിന്നു കിട്ടിയ ആദ്യഫലങ്ങളേയും ദൈവത്തിനു ബലിയായി കാഴ്ചവച്ചു. [1] ദൈവം ബലിയെ സ്വീകരിച്ചെങ്കിൽ മാത്രമേ ആ ബലി സഫലമാകുകയുള്ളു. ദൈവമോ തനിക്കിഷ്ടമില്ലാത്ത ബലി സ്വീകരിക്കുകയില്ല. അതിനാൽ ദൈവസ്നേഹത്തിൽ വസിച്ചിരുന്ന ആബേലിന്റെ ബലി ദൈവം സ്വീകരിച്ചു. കായേന്റെ ബലിയോ തിരസ്കരിക്കപ്പെടുകയാണുണ്ടായത്. തുടർന്നു വരുവാനിരുന്ന സംഭവം— കായേൻ ആബേലിനെ വധിച്ച വസ്തുത— കായേന്റെ ബലി ദൈവത്തിന് എന്തുകൊണ്ട് സ്വീകാര്യമല്ലായിരുന്നു എന്നു തെളിയിക്കുന്നു. കായേൻ ആബേലിനെപ്പോലെ ഒരു ശുദ്ധ ഹൃദയനല്ലായിരുന്നു. കായേൻ അഹംഭാവിയും അശുദ്ധ വിചാരങ്ങൾക്ക് ഹൃദയത്തിൽ ഇടംകൊടുത്തവനുമായിരുന്നതിനാൽ അവൻ ദൈവസ്നേഹത്തിൽ വസിച്ചിരുന്നില്ല. ഇപ്രകാരമുള്ള ഒരുവന്റെ ബലി ദൈവം സ്വീകരിക്കുകയില്ല. ഈശോതന്നെ ഈ സത്യം തെളിവായി നമ്മെ പഠിപ്പിക്കുന്നുണ്ട്: "നീ ബലി അർപ്പിക്കുവാനായി അൾത്താരയിൽ പ്രവേശിക്കുമ്പോൾ, നിന്റെ അയല്ക്കാരനോട് നിനക്ക് എന്തെങ്കിലും നീരസമുള്ളതായി നീ ഓർക്കുന്നെങ്കിൽ, ഉടൻ നീ ബലിവസ്തുവെ അൾത്താരയിൽ വച്ചിട്ട് ആദ്യം നിന്റെ അയല്ക്കാരന്റെ അടുത്തുപോയി അവനുമായി രമ്യപ്പെടുക. പിന്നെ വന്ന് നിന്റെ ബലി സമർപ്പിക്കുക." [2] ഈശോയിൽ ഒരു ശരീരമായി അവിടുത്തെ പരിപാവനമായ ബലി അർപ്പിക്കുന്ന നമുക്കുണ്ടായിരിക്കേണ്ട പരസ്നേഹം ഏറ്റവും നിർമ്മലമായിരിക്കണം. ഈശോ നമ്മെ സ്നേഹിച്ചതുപോലെ നാം നമ്മുടെ അയല്ക്കാരനേയും സ്നേഹിക്കണമെന്നതാണ് അവിടുത്തെ പ്രധാന കല്പന. പരസ്നേഹമില്ലാത്ത നമ്മുടെ ദൈവാരാധനയെല്ലാം വ്യർത്ഥമാണ്. എന്തുകൊണ്ടെന്നാൽ വി. യോഹന്നാൻ പഠിപ്പിക്കുന്നതുപോലെ "ഒരുവൻ താൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു

പറയുകയും തൻെറ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നെങ്കിൽ അവൻ വ്യാജം പറയുന്നവനാകുന്നു; കാണപ്പെടുന്ന തൻെറ സഹോദരനെ സ്നേഹിക്കാതിരിക്കുന്നവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ എങ്ങനെ കഴിയും?" [3]

പഴയനിയമത്തിൽ പലവിധ ബലികൾക്ക് സ്ഥാനമുണ്ടായിരുന്നു. ദഹനബലി, സമാധാനബലി, പരിഹാരബലി തുടങ്ങിയ രക്തമയമായ ബലികളും, രക്തമയമല്ലാത്ത മററു പല ബലികളും പഴയനിയമ വിധിപ്രകാരം യഹൂദജനങ്ങൾ അനുഷ്ഠിച്ചുവന്നിരുന്നു. ഇപ്രകാരമുള്ള ബലികളാൽ അവർ തങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്ത്, ദൈവത്തെ ആരാധിച്ചു പ്രീതിപ്പെടുത്തി, തങ്ങളുടെ രക്ഷകൻെറ വരവിനായി പ്രാർത്ഥിച്ചുവന്നു. എന്നാൽ ഈ ബലികളെല്ലാം ഈശോമിശിഹായാൽ സ്ഥാപിക്കപ്പെടുവാനിരുന്ന ദിവ്യബലിയുടെ പൂർവ്വരൂപങ്ങളും മുന്നടയാളങ്ങളുമായിരുന്നതിനാൽ അവയ്ക്കു സ്വതേ യാതൊരു വിലയുമില്ലായിരുന്നു. ആദ്യത്തെ പാപംമുതൽ മനുഷ്യനെ ദൈവത്തിൽനിന്നകററി നിറുത്തിയിരുന്ന മഹാഗർത്തം നികത്തുവാൻ അവയ്ക്കു ശക്തിയില്ലായിരുന്നു. അതിനാലാണ് വി. പൗലോസ് പഴയനിയമവും അതിലെ ബലികളുമെല്ലാം വരുവാനിരിക്കുന്ന നന്മകളുടെ ഛായ മാത്രമായിരുന്നു എന്നു പ്രസ്താവിക്കുന്നത്. [4] ഈശോമിശിഹായുടെ കുരിശിലെ ബലിയോടുകൂടി പഴയമനിയമവും അതിലെ ബലികളും നിർദ്ദേശങ്ങളുമെല്ലാം നിറുത്തലാക്കപ്പെട്ടു. [5] ഇന്ന് ദൈവത്തിനിഷ്ടമുള്ള ഒരേ ഒരു ബലിയേ ലോകത്തിലുള്ളു– വിശുദ്ധ കുർബാന.

പഴയനിയമത്തിലെ എല്ലാ ബലികളും തിരസ്കരിക്കപ്പെടുമെന്നും തൽസ്ഥാനത്ത് ഏററവും നിർമ്മലമായ ഒരു ബലി സ്ഥാപിക്കപ്പെടുമെന്നും മാലാക്കി എന്ന പ്രവാചകൻ പ്രവചിച്ചിട്ടുണ്ട്. എന്തെന്നാൽ യഹൂദന്മാർ സർവ്വശക്തനായ ദൈവത്തിനു സ്വീകാര്യമായ ബലി സമർപ്പിച്ചിരുന്നില്ല. ജനങ്ങളും അവരുടെ പുരോഹിതന്മാരും പാപരഹിതരായിരുന്നില്ലെന്നു മാത്രമല്ല, അവർ സമർപ്പിച്ചിരുന്ന ബലിവസ്തുവും ദൈവത്തിന് ഏററവും അയോഗ്യമായിരുന്നു. അതിനാൽ ദൈവം പ്രവാചകൻമൂലം ഇപ്രകാരം പറയുന്നു: "വ്യർത്ഥമായി എൻെറ ബലിപീഠത്തിൽ ബലി അർപ്പിക്കാതിരിക്കുന്നതിന് അതിൻെറ വാതിലുകളെ അടയ്ക്കുവാൻ നിങ്ങളിലാരുണ്ട്? എനിക്കു നിങ്ങളിൽ പ്രസാദമില്ല,



പീഠത്തിന്റെ അടിയിൽനിന്നു ഗുരു ജപിക്കുന്നു.

നിങ്ങളിൽനിന്നു ഞാൻ ബലി സ്വീകരിക്കുകയുമില്ല എന്നു് സൈന്യങ്ങളുടെ കർത്താവു് അരുളിച്ചെയ്യുന്നു. എന്തെന്നാൽ സൂര്യോദയം മുതൽ അസ്തമനംവരെ എന്റെ നാമം പുറജാതികളുടെ ഇടയിൽ വലിയതാകും. എല്ലാ സ്ഥലങ്ങളിലും ധൂപം അർപ്പിക്കപ്പെടും. എന്റെ നാമത്തിനു് നിർമ്മലമായ ബലികൾ അർച്ചിക്കപ്പെടും. എന്തെന്നാൽ എന്റെ നാമം പുറജാതികളുടെ ഇടയിൽ വലിയതാകും എന്നു് സൈന്യങ്ങളുടെ കത്താവു് അരുളിച്ചെയ്യുന്നു." 6

വി. കുർബാനയാകുന്ന പുതിയനിയമത്തിലെ ബലിയിൽ മാത്രമാണു് ഈ പ്രവചനം നിറവേറിയിട്ടുള്ളതു്. സൂര്യോദയം മുതൽ അസ്തമനംവരെ എല്ലാ സ്ഥലങ്ങളിലും സൈന്യങ്ങളുടെ കത്താവായ ദൈവത്തിനു് അർപ്പിക്കപ്പെടുന്ന നിർമ്മല ബലി വി. കുർബാനയല്ലാതെ മറ്റൊന്നുമല്ല. 'എന്റെ നാമം പുറജാതികളുടെ ഇടയിൽ വലിയതാകും' എന്ന പ്രവചനം മിശിഹായുടെ വരവിനുശേഷം ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും സുവിശേഷപ്രസംഗംവഴി എല്ലാ ജാതി ജനങ്ങളും സത്യദൈവത്തെ അറിഞ്ഞു സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുമെന്നതിനെക്കുറിക്കുന്നു. വി. കുർബാന സമർപ്പിക്കപ്പെടാത്ത ഒരു നിമിഷമോ ഒരു രാജ്യമോ ഇന്നു ലോകത്തിലില്ല. ഈ ബലിയോ ദൈവത്തിനു് ഏറ്റവും സ്വീകാരയോഗ്യമാണു്. എന്തെന്നാൽ അതിലെ ബലിവസ്തുവും കാർമ്മികനും ദൈവസുതനായ മിശിഹാതന്നെയാണു്. ക്രിസ്തുവിനെക്കാൾ ദൈവത്തിനു് ഇഷ്ടമുള്ളതും നമുക്കു് വിലപിടിച്ചതുമായി ഭൂമിയിലാകട്ടെ സ്വർഗ്ഗത്തിലാകട്ടെ യാതൊന്നുമില്ല. ഗാഗുൽത്തായിൽ അർപ്പിക്കപ്പെട്ട ആ ബലിവസ്തുതന്നെ— ദൈവമനുഷ്യനായ ക്രിസ്തുതന്നെ— ആയിരമായിരം കത്തോലിക്ക അൾത്താരകളിൽ പ്രതിനിമിഷവും നിർമ്മലബലിയായി ദൈവത്തിന്റെ നാമത്തിനു് അർപ്പിക്കപ്പെടുന്നു. "ജാതികളായ ഞങ്ങൾ എല്ലാ സ്ഥലത്തും അർപ്പിക്കുന്ന ദിവ്യകാരുണ്യ അപ്പത്തിന്റെയും വീഞ്ഞിന്റെയും ബലിയെക്കുറിച്ചാണു് മാലാക്കി പ്രവചിക്കുന്നതു്" എന്നു് വി. ജസ്റ്റിൻ ന്യായപൂർവ്വം സമർത്ഥിക്കുന്നു.

മെൽക്കിസദെക്കു് നിത്യപുരോഹിതനായിരിക്കുന്ന ക്രിസ്തുവിന്റെ പൂർവ്വരൂപമായിരുന്നെന്നും; മെൽക്കിസദെക്കു് പൂർവ്വ

പിതാവായ അബ്രഹാമിന്റെ വിജയത്തിനു് നന്ദിസ്തോത്രമായി സമൎപ്പിച്ച അപ്പത്തിന്റെയും വീഞ്ഞിന്റെയും ബലി, ക്രിസ്തു ഒടുക്കത്തെ അത്താഴത്തിൽ സ്ഥാപിക്കുവാനിരുന്ന വി. കുൎബാനയുടെ മുന്നടയാളമായിരുന്നെന്നും വി. പൗലോസ് എബ്രായക്കാൎക്കെഴുതിയ ലേഖനത്തിൽ പ്രസ്താവിക്കുന്നു. പൂൎവ്വപിതാവായ അബ്രാഹം, തന്റെ സഹോദരനായ ലോത്തിനെയും മറ്റും ബന്ധനസ്ഥരാക്കിക്കൊണ്ടുപോയിരിക്കുന്നു എന്നു കേട്ടു്, ഉടൻ സൈന്യവുമായി പുറപ്പെട്ടു് ആ ശത്രുക്കളെ നിശ്ശേഷം തോൽപ്പിച്ചു് ലോത്തിനേയും മറ്റും സ്വതന്ത്രരാക്കി തിരിച്ചുപോന്നു. വരുന്നവഴി സലേമിന്റെ രാജാവായിരുന്ന മെൽക്കിസദെക്ക് എന്നൊരു പുരോഹിതൻ അബ്രാഹമിനെ അശീൎവ്വദിച്ചു്, അദ്ദേഹത്തിന്റെ വിജയത്തിനു നന്ദിസ്തോത്രമായി അപ്പവും വീഞ്ഞും ബലിയായി ദൈവത്തിനു് അൎപ്പിച്ചശേഷം, അവ അബ്രഹാമിനും സൈന്യങ്ങൾക്കും ഭക്ഷണമായി കൊടുത്തു.[7] രാജാവും പുരോഹിതനുമായിരുന്ന മെൽക്കിസദക്ക് വരുവാനിരുന്ന ക്രിസ്തുവിന്റെ പ്രതിരൂപമായിരുന്നു എന്നതിനു് സംശയമില്ല. സങ്കീൎത്തനത്തിൽ ക്രിസ്തുവിനെക്കുറിച്ചു് സോളമൻ പറയുന്നു: "മെൽക്കിസദക്കിന്റെ ക്രമപ്രകാരം താങ്കൾ ഒരു നിത്യപുരോഹിതനാണു്." [8] അതിനാൽ പഴയനിയമത്തിൽ നിലവിലിരുന്ന അഹറോന്റെയും അദ്ദേഹത്തിന്റെ വംശത്തിന്റെയും പൗരോഹിത്യപദവി അവസാനിക്കുമെന്നും തൽസ്ഥാനത്തു് ഈശോ നിത്യപുരോഹിതനായി വാഴുമെന്നും, പഴയനിയമത്തിലെ ബലികൾക്കു പകരം രക്തമയമല്ലാത്ത പരിശുദ്ധബലി ക്രിസ്തു അൎപ്പിക്കുമെന്നുമാണു് മെൽക്കിസദക്കും അദ്ദേഹത്തിന്റെ പൗരോഹിത്യവും ചൂണ്ടിക്കാണിച്ചതു്.

നിത്യപുരോഹിതനായ ക്രിസ്തു ഇപ്പോൾ സ്വൎഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തു് എഴുന്നെള്ളി ഇരിക്കുന്നെങ്കിലും, അവിടുന്നു നിയമിച്ച പുരോഹിതന്മാർവഴി ക്രിസ്തു ഇന്നും ലോകത്തിൽ തന്റെ പൗരോഹിത്യജീവിതം തുടൎന്നുകൊണ്ടു വരുന്നു. ഈശോ അന്ത്യഭോജനാവസരത്തിൽ തന്റെ ശ്ലീഹന്മാരെ പുരോഹിതന്മാരായി വാഴിച്ചു് അവരോടു്, താൻ കുരിശിന്മേൽക്കൂടി നിത്യപിതാവിനു് അൎപ്പിക്കുവാനിരുന്ന ആ പരിശുദ്ധബലി, തന്റെ ഓൎമ്മയ്ക്കായി, രക്തമയമല്ലാത്തവിധം അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൻകീഴിൽ, അൎപ്പിക്ക

വാൻ ആജ്ഞാപിച്ചു. അതിനാൽ ക്രിസ്തുവിൻെറ ബലിയും
അവിടുത്തെ പൗരോഹിത്യവും കത്തോലിക്കസഭയിൽ ലോകാ
വസാനംവരെ നിലനില്ക്കും. ഇപ്രകാരം പഴയനിയമത്തിലെ
അഹറോൻെറ പൗരോഹിത്യമവസാനിച്ച് തൽസ്ഥാനത്ത്
ഈശോ നിത്യപുരോഹിതനായി വാഴുമെന്നും, ഈശോയാൽ
സ്ഥാപിക്കപ്പെടുവാനിരുന്ന അവിടുത്തെ ശരീരത്തിൻെറയും
രക്തത്തിൻെറയും രഹസ്യങ്ങളടങ്ങിയ ബലി അനവരതം ദൈ
വത്തിനു സമർപ്പിക്കപ്പെടുമെന്നും മെൽക്കിസദക്ക് ദൈവത്തി
ൻെറ പ്രത്യേക പ്രേരണയാൽ കണ്ടറിഞ്ഞു.

വി. കുർബാനയുടെ മറെറാരു പൂർവ്വരൂപം പഴയനിയമ
ത്തിലെ പെസഹാക്കുഞ്ഞാടിൻെറ ബലിയായിരുന്നു. ദൈവരക്ഷ
കൻ ഈ പെസഹാ തൻെറ ശിഷ്യന്മാരോടുകൂടി ഭക്ഷിച്ചുകൊ
ണ്ടിരുന്നപ്പോഴാണ് അതിനെ റദ്ദുചെയ്തു അതിനു പകരം
പുതിയ പെസഹായായ വി. കുർബാന സ്ഥാപിച്ചത്. ഇസ്രാ
യേൽ ജനങ്ങൾ ഈജിപ്തിലെ അടിമത്തത്തിൽനിന്ന് മോശയു
ടെ നേതൃത്വത്തിൽ സ്വതന്ത്രരായി ഈജിപ്തുവിട്ടുപോയതി
ൻെറ ഓർമ്മയ്ക്കായി സ്ഥാപിച്ചതാണ് പെസഹാക്കുഞ്ഞാടിൻെറ
ബലി. ഇസ്രായേൽ ജനങ്ങളെ അടിമത്തത്തിൽവച്ച് അവരെ
പീഡിപ്പിച്ചുകൊണ്ടിരുന്ന ഈജിപ്തുകാരിൽ കോപിഷ്ഠനായ
ദൈവം അവരെ ശിക്ഷിക്കുവാനും തൻെറ ജനമായ ഇസ്രാ
യേലിനെ ഈജിപ്തിൽനിന്നും രക്ഷിക്കുവാനും നിശ്ചയിച്ചു. ഇ
സ്രായേലിൻെറ നായകനായി മോശയെയാണ് ദൈവം തെ
രഞ്ഞെടുത്തത്. ദൈവകല്പനപ്രകാരം മോശ ഈജിപ്തിലെ
എല്ലാ യഹൂദന്മാരോടും, അവർ ഈജിപ്തിൽവച്ച് ഭക്ഷിക്കുവാ
നിരുന്ന ഒടുവിലത്തെ ഭക്ഷണത്തിനായി ഒരു ആൺകുഞ്ഞാടി
നെ കൊല്ലണമെന്നും, അതിൻെറ രക്തം അവരുടെ വാതിൽ
പ്പടികളിന്മേൽ തളിക്കണമെന്നും ആജ്ഞാപിച്ചു. ദുഷ്ടരായ
ഈജിപ്തുകാരെ ശിക്ഷിക്കുവാനായി വാളും പിടിച്ച് സഞ്ച
രിക്കുന്ന ദൈവത്തിൻെറ മാലാഖാ ഈ രക്തം കണ്ടാണ് ഇസ്രാ
യേൽ ജനങ്ങളെ തിരിച്ചറിയേണ്ടതും അവരെ ഓടി രക്ഷപെ
ടുവാനായി സഹായിക്കേണ്ടതും. കൂടാതെ ഈ കറയില്ലാത്ത
കുഞ്ഞാടിൻെറ മാംസം പ്രത്യേകവിധം പാകംചെയ്തു ഭക്ഷിക്ക
ണമെന്നും, സ്വാതന്ത്ര്യമടഞ്ഞതിൻെറ ജ്ഞാപകമായി ഈ പെ

സഹാ അവർ എല്ലാ വർഷവും ആവർത്തിക്കണമെന്നും മോശ ഇസ്രായേൽ ജനങ്ങളോട് ആവശ്യപ്പെട്ടു. 9

പെസഹാക്കുഞ്ഞാടിൻെറ ബലി മിശിഹായുടെ കുരിശിലെ ബലിയുടെ പ്രതിരൂപമായിരുന്നു എന്ന് അപ്പസ്തോലന്മാരും വി. പിതാക്കന്മാരും പഠിപ്പിക്കുന്നു. വി. പൗലോസ് കൊറിന്ത്യർക്കെഴുതിയ ലേഖനത്തിൽ "നമ്മുടെ പെസഹായായ ക്രിസ്തു ഇതാ ബലിയായിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ സത്യവും ശുദ്ധതയുമാകുന്ന പുളിയില്ലാത്ത അപ്പംകൊണ്ട് നമുക്കു തിരുനാൾ ആഘോഷിക്കാം" എന്നു പറയുന്നു. 10 ഇസ്രായേൽ ജനം കുഞ്ഞാടിൻെറ രക്തംമൂലം ദുഷ്ടരായ ഈജിപ്തുകാരുടെ അടിമത്തത്തിൽനിന്നും സ്വതന്ത്രരായി തേനും പാലും ഒഴുകുന്ന കാനാൻപ്രദേശത്തു പ്രവേശിച്ചതുപോലെ, നാം ഈശോയുടെ രക്തത്താൽ പിശാചിൻെറ അടിമത്തത്തിൽനിന്നും രക്ഷ പ്രാപിച്ച് മോക്ഷാനന്ദഭാഗ്യത്തിന് അവകാശികളായി. ഇതിൻെറ ഓർമ്മയ്ക്കായാണ് ഈശോ പുതിയനിയമത്തിലെ പെസഹായായ വി. കുർബാന സ്ഥാപിച്ചത്.

വി. കുർബാനയുടെ വേറൊരു പ്രതിരൂപം, ഇസ്രായേൽജനം ദൈവത്തിൽനിന്നും സ്വീകരിച്ച നിയമസംഹിത പ്രകാരം ജീവിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്ത് അതിൻെറ അച്ചാരമായി അവർ ദൈവത്തിന്നർപ്പിച്ച രക്തമയമായ ബലിയാണ്. ഇസ്രായേൽ ജനങ്ങളുടെ നായകനായ മോശ സീനാമലമുകളിൽവച്ച് ദൈവത്തിൻെറ തൃക്കരങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ജനം പാലിക്കേണ്ട നിയമങ്ങളെല്ലാം സ്വീകരിച്ചു. മോശ ഈ നിയമങ്ങളെല്ലാം ജനങ്ങളെ വായിച്ചു കേൾപ്പിച്ചപ്പോൾ അവർ "ഞങ്ങൾ ദൈവത്തിൻെറ വാക്കുകൾ പ്രകാരം ജീവിച്ച് അവിടുത്തേക്ക് അനുസരണയുള്ളവരായിരുന്നുകൊള്ളാം" എന്നു വാഗ്ദാനം ചെയ്തു. ഇപ്രകാരം ദൈവവും തൻെറ തെരഞ്ഞെടുക്കപ്പെട്ട ജനവും തമ്മിൽ ഒരു ഉടമ്പടി ചെയ്തു. ദൈവം അവരെ അനുഗ്രഹിച്ചു കാത്തുപരിപാലിച്ചുകൊള്ളാമെന്നും, ജനങ്ങൾ ദൈവം കൊടുത്ത എല്ലാ നിയമങ്ങളുമനുസരിച്ച് ജീവിച്ചുകൊള്ളാമെന്നുമായിരുന്നു ഈ ഉടമ്പടിയുടെ സാരം. ഈ ഉടമ്പടിയെ ദൃഢപ്പെടുത്തുവാൻവേണ്ടിയും അതിനെ ഇസ്രായേൽജനം ഏറ്റുകൊണ്ടതിൻെറ അച്ചാരമായും മോശ ദൈവത്തിന് രക്തമയമായ ഒരു ബലി സമർപ്പിച്ചു.

മോശ ബലിവസ്തുവായ മൃഗത്തിന്റെ രക്തത്തിൽ ഒരു ഭാഗമെടുത്ത് ഇസ്രായേൽ ജനങ്ങളുടെമേൽ തളിച്ച് "ദൈവം നമ്മോട്ട് ചെയ്ത ഉടമ്പടിയുടെ രക്തം ഇതാകുന്നു" എന്നു പറഞ്ഞ് പഴയനിയമം അവർക്കു കൊടുത്തു.[11]

പഴയനിയമത്തിന്റെ പൂർത്തീകരണമായ പുതിയനിയമം ഈശോ സ്ഥാപിച്ചപ്പോൾ ഇതുപോലൊരു ബലിയും ആവശ്യമായിരുന്നു. പുതിയനിയമം ഭൂലോകപാപങ്ങളെ പോക്കുവാനായി വന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടിയുടെ രക്തത്തിലാണ് പടുത്തിട്ടുള്ളത്. ഈശോ തന്റെ അന്ത്യഭോജനനേരത്ത് പാനപാത്രമെടുത്ത് ആശീർവ്വദിച്ച് തന്റെ ശ്ലീഹന്മാരോട്ട് ഇപ്രകാരം അരുളിച്ചെയ്തു: "വാങ്ങി നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ. ഇത് പാപങ്ങളുടെ മോചനത്തിനായി വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ എന്റെ രക്തമാകുന്നു."[12] ഈ സമയത്താണ് ഈശോ തന്റെ സാരഗർഭമായ പുതിയനിയമത്തിലെ ഒരേ ഒരു കല്പന നമുക്കു തന്നത് "നിങ്ങൾ അന്യോന്യം സ്നേഹിക്കുവിൻ" എന്നരുളിച്ചെയ്തത്.[13] ഇപ്രകാരം പഴയനിയമം ഒരു ബലിയിൽ സ്ഥാപിതമായതുപോലെ, പഴയനിയമത്തിന്റെയെല്ലാം പൂർത്തീകരണമായ പുതിയനിയമവും ദിവ്യരക്ഷകന്റെ പരിപാവനമായ കുരിശിലെ ബലിയിൽ സ്ഥാപിതമായതാണ്.

---

1. Genesis 4
2. Mathew 5/23-4
3. I John 4/20
4. Hebrews 10/1
5. M. C. Christi no 28
6. Malachy 1/10-11
7. Genesis 14
8. Psalms 109/4
9. Exodus 12
10. I Corinthians 5/7
11. Exodus 24/4-8
12. Mathew 26/28
13. John 15/17.

# 3. ദിവ്യബലിയുടെ സ്ഥാപനം

നിത്യപിതാവിൻെറ മഹിമക്കും മനുഷ്യരക്ഷക്കുമായി മനുഷ്യനായിപ്പിറന്ന ദിവ്യസുതൻെറ കൺമുമ്പാകെ താൻ സ്ഥാപിക്കുവാനിരുന്ന ദിവ്യബലി എപ്പോഴും ഉണ്ടായിരുന്നു. തൻെറ ജീവിതം മുഴുവൻ ഒരു ബലിയായി അവിടുന്നു് സ്വർഗ്ഗസ്ഥനായ പിതാവിനു് സമർപ്പിച്ചിരുന്നു. ആ ബലിയുടെ പരമാന്ത്യമായിരുന്നു ഗാഗുൽത്തായിലെ ബലി. നിത്യപിതാവിനോടും മനുഷ്യരോടും തനിക്കുണ്ടായിരുന്ന അനന്തസ്നേഹം രക്തമയമായ കുരിശിലെ ബലിയിലാണു് അവിടുന്നു പൂർത്തിയാക്കിയതു്. രക്തം ചിന്തി ഒരേ ഒരു ബലി കുരിശിൽ അർപ്പിച്ചുകൊണ്ടു് ഈശോ മനുഷ്യരെ വീണ്ടെടുത്തു് അവരുടെ പാപങ്ങൾക്കായി പരിഹാരം ചെയ്തു് നിത്യപിതാവിനെ മഹിമപ്പെടുത്തി. തൻെറ അതിരററ സ്നേഹത്തിൻെറ അടയാളമായ ഈ ബലിയെ, താൻ സ്ഥാപിച്ച തിരുസ്സഭക്കു കൊടുക്കുവാൻ ഈശോ തിരുമനസ്സായി. അതെ, തൻെറ മനുഷ്യജീവിതത്തിൻെറയും പാടുപീഡകളുടെയും ഉയിർപ്പിൻെറയും സ്വർഗ്ഗാരോഹണത്തിൻെറയും ഒരു സ്മാരകം ക്രിസ്തു തൻെറ മണവാട്ടിയായ തിരുസ്സഭക്കു കൊടുത്തു. സത്യമതമായ തിരുസ്സഭക്കു് ദൈവത്തെ "ആത്മാവിലും സത്യത്തിലും" ആരാധിക്കുവാനുതകുന്ന ഒരു ബലി അത്യാവശ്യമായിരുന്നു. അതിനാൽ ഈശോ തൻെറ അനന്ത വിലയുള്ള ബലിയെ— തൻെറ അവസാനത്തുള്ളി രക്തവും ചിന്തി ഗാഗുൽത്തായിലർപ്പിച്ച ആ ബലിയെ— തിരുസ്സഭയുടെയും നിത്യബലിയായി കൊടുക്കുവാൻ ചിത്തമായി. എന്തെന്നാൽ ആ ഒരേ ഒരു ബലിയല്ലാതെ വേറെ യാതൊരു ബലിയും ദൈവത്തിനു് ഇഷ്ടമുള്ളതോ നമുക്കു് ഉപകാരപ്രദമായതോ അല്ല. അതിനാൽ ഈശോ തൻെറ പാടുപീഡകളുടെ തലേദിവസം അന്ത്യഭോജനനേരത്തു് അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൻകീഴിൽ താൻ രക്തം ചിന്തി കുരിശിലർപ്പിച്ച ആ ബലിയെത്തന്നെ രക്തമയമല്ലാത്ത വിശുദ്ധ കുർബാനയായി സ്ഥാപിച്ചു.

താൻ സ്ഥാപിക്കുവാനിരുന്ന ഈ ബലിയെ തൻെറ അപ്പസ്തോലന്മാർക്കും തൻെറ പ്രസംഗം കേൾക്കുവാനായി തടിച്ചുകൂടിയ ജനങ്ങൾക്കും ഈശോ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു.

അതിനാൽ ഈശോ വി. കുർബാന സ്ഥാപിച്ചപ്പോൾ അതു് അപ്പസ്തോലന്മാർക്ക് ഒരു പുതുമയായിരുന്നില്ല. ഊട്ടുശാലയിൽവച്ച് ഈശോ തന്റെ വാഗ്ദാനത്തെ നിറവേറ്റുക മാത്രമാണു ചെയ്തതു്. താൻ പ്രവർത്തിച്ച വിവിധങ്ങളായ അത്ഭുതങ്ങൾ മൂലം ഈശോ ദൈവമാണെന്നു് സ്വയം പ്രഖ്യാപിച്ച് അതിനെ തെളിവായി ജനങ്ങൾക്കു കാട്ടിയ ശേഷമാണു്, അത്ഭുതങ്ങളിലും അത്ഭുതമായ വി. കുർബാനയെക്കുറിച്ച് അവിടുന്നു വാഗ്ദാനം ചെയ്തതു്. കപ്പർണാമിൽവച്ചായിരുന്നു ക്രിസ്തു തന്റെ ശിഷ്യരോടും തന്റെ പ്രസംഗങ്ങൾ കേൾക്കുവാനായി ചുറ്റും കൂടിയ ജനങ്ങളോടും ആദ്യമായി വി. കുർബാനയെക്കുറിച്ച് പ്രഭാഷിച്ചതു്. ഈ പ്രഭാഷണത്തിന്റെ തലേദിവസം ഈശോ ആശീർവദിച്ച അഞ്ചപ്പവും രണ്ടു മത്സ്യവുംകൊണ്ടു് അയ്യായിരംപേർ സുഭിക്ഷമായി ഭക്ഷിക്കുക മാത്രമല്ല അവർ ഭക്ഷിച്ച ശേഷം പന്ത്രണ്ടു കുട്ടകൾ നിറയെ അപ്പക്കഷണങ്ങൾ ശേഖരിക്കുകയും ചെയ്തു. ജനങ്ങൾ ഈ അത്ഭുതം കണ്ടു് ഈശോയെ രാജാവാക്കുവാൻപോലും ശ്രമിച്ചു. എന്നാൽ ഈശോ അവരിൽനിന്നും രക്ഷപെട്ടു് ആ രാത്രി പ്രാർത്ഥനയിലാണു് ചെലവഴിച്ചതു്. ആ രാത്രിയിൽതന്നെ ഈശോ കടലിൻമീതേ നടന്നു് എല്ലാ സൃഷ്ടികളുടെമേലും തനിക്കുണ്ടായിരുന്ന സർവ്വാധിപത്യം പ്രത്യക്ഷമാക്കി. ഇപ്രകാരമുള്ള അത്ഭുതങ്ങളാൽ തന്റെ ദൈവസ്വഭാവം ശ്ലീഹന്മാർക്കും മറ്റു യഹൂദന്മാർക്കും തെളിവായി കാണിച്ച ശേഷമേ, ഈശോ താൻ സ്ഥാപിക്കുവാനിരുന്ന അത്ഭുതങ്ങളുടെ അത്ഭുതവും, വിശ്വാസരഹസ്യവുമായ വി. കുർബാനയെക്കുറിച്ച് അവരോടു പ്രഭാഷിച്ചുള്ളു. എന്തെന്നാൽ **വി. കുർബാനയെ പൂർണ്ണമായി നമുക്കു മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ദൈവസുതനിൽ വിശ്വാസമുള്ളവർക്കു മാത്രമേ അതിനെക്കുറിച്ച് എന്തെങ്കിലും അല്പമായ ഒരറിവ് സമ്പാദിക്കുവാൻ സാധിക്കുകയുള്ളു.**

"ഞാനാകുന്നു ജീവന്റെ അപ്പം; എന്റെ അടുക്കൽ വരുന്നവനു് ഒരിക്കലും വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവനു് ഒരിക്കലും ദാഹിക്കുകയുമില്ല... സ്വർഗ്ഗത്തിൽനിന്നിറ

ങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ആരെങ്കിലും ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കുന്ന എന്റെ ശരീരമാകുന്നു... സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്കയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽ തന്നെ ജീവനില്ല...” 1 വി. കുർബാനയെക്കുറിച്ച് ഈശോ അരുളിച്ചെയ്ത ഈ വാക്കുകൾ യഹൂദജനം വിശ്വസിച്ചില്ല. നേരേമറിച്ച് അവ അവർക്ക് ഒരിടർച്ചക്ക് കാരണമാവുകയാണു ചെയ്തത്. ഇത്രമാത്രം അത്ഭുതങ്ങൾ കണ്ടിട്ടും അവർ ഇനിയും ഈശോയുടെ ദൈവസ്വഭാവത്തിലും മഹിമയിലും വിശ്വാസമുള്ളവരായിരുന്നില്ല. അതിനാലവർ ഈശോയ്ക്കു വിരോധമായി “നമുക്കു തന്റെ ശരീരം ഭക്ഷിക്കുന്നതിനു തരുവാൻ ഇവനെങ്ങനെ കഴിയും?” എന്നു പിറുപിറുത്ത് അവർ ഈശോയുടെ സമ്പർക്കം ഉപേക്ഷിച്ചു. ജനങ്ങൾ മാത്രമല്ല ഈശോയുടെ “ശിഷ്യരിൽ പലരും പിന്മാറിപ്പൊയ്ക്കളഞ്ഞു; അവർ പിന്നെ അവനോടുകൂടി നടന്നില്ല.”

വി. കുർബാനയുടെ വാഗ്ദാനസമയത്ത് സംഭവിച്ച അതേസംഭവംതന്നെ ഇന്നും ആവർത്തിക്കപ്പെടുന്നുണ്ട്. ചില വിശ്വാസികൾക്കുപോലും വി. കുർബാന ഇന്ന് ഒരിടർച്ചയ്ക്കു കാരണമാണ്. പ്രത്യേകിച്ച് പതിനാറാം നൂറ്റാണ്ടിൽ സംഭവിച്ച പ്രോട്ടസ്റ്റന്റു വിപ്ലവം പ്രധാനമായി വി. കുർബാനയെയാണ് എതിർത്തത്. അവർ വി. കുർബാനയിലുള്ള ഈശോയുടെ സാന്നിദ്ധ്യത്തേയും ദിവ്യബലിയേയും നിരാകരിക്കുമ്പോൾ, പണ്ടത്തെ യഹൂദന്മാരെപ്പോലെ “നമുക്ക് തന്റെ ശരീരം ഭക്ഷിക്കുന്നതിനു തരുവാൻ ഇവനെങ്ങനെ കഴിയും... ഈ വാക്കുകൾ കഠിനമാകുന്നു...” എന്നു പറഞ്ഞ് ഈശോയുമായുള്ള എല്ലാ സമ്പർക്കവും ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. ഇത്രമാത്രം സ്നേഹത്തോടുകൂടി സ്ഥാപിച്ച വി. കുർബാനയെ നിരാകരിക്കുമ്പോൾ, ക്രിസ്തുവിനുണ്ടാകുന്ന ഹൃദയവേദന എത്രമാത്രമെന്ന് ആരാൽ വർണ്ണിക്കുവാൻ സാധിക്കും? വി. കുർബാനയെ നിരാകരിക്കുന്നവർ ദിവ്യരക്ഷകനേയും നിത്യജീവനേയും നിരാകരിക്കുകയല്ലയോ ചെയ്യുന്നത്?

ഈശോ വ്യക്തമായും ആവർത്തിച്ചാവർത്തിച്ചും “എന്റെ

 14079.

ശരീരം സാക്ഷാൽ ഭക്ഷണമാകുന്നു; എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു" എന്നു പ്രസ്താവിക്കുന്നു. അതിനാലവ നമ്മുടെ ആത്മാവിന്റെ ഭക്ഷണവും പാനീയവുമാകുന്നു എന്നതിൽ യാതൊരു സംശയവുമില്ല. ഈ വാക്കുകളെ കേട്ട് ഇടറി തന്നെ വെറുത്തുപേക്ഷിച്ചുപോകുന്ന ജനങ്ങളെക്കണ്ടപ്പോൾ ദിവ്യരക്ഷകൻ തന്റെ ശ്ലീഹന്മാരോട് "നിങ്ങളും പോകുവാൻ ഇച്ഛിക്കുന്നുവോ?" എന്നു ചോദിച്ചു. അതിനുത്തരമായി പത്രോസ് ശ്ലീഹാ: "എന്റെ കർത്താവേ ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിനക്കുണ്ട്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു എന്ന് ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" എന്നു പറഞ്ഞു.[2] വി. പത്രോസിന്റെ ഈ വാക്കുകൾ നമുക്കും ആവർത്തിച്ച് ഈശോയെ ആശ്വസിപ്പിച്ച് അവിടുത്തോടുള്ള ശക്തിയേറിയ വിശ്വാസത്തിൽ നമുക്കു ദിവസവും വളരാം. സത്യമായ ദൈവവും സത്യമായ മനുഷ്യനുമായ മിശിഹാ താൻ ബലിയായി നിത്യപിതാവിനർപ്പിച്ച മാംസവും രക്തവും, നമ്മോടുള്ള സ്നേഹാധിക്യത്താൽ നമ്മുടെ ആത്മാവിന്റെ ഭോജനപാനീയങ്ങളായിത്തരുമ്പോൾ, നാം ക്രിസ്തുവിൽ എങ്ങനെ വിശ്വസിക്കാതിരിക്കും? അവിടുന്നല്ലയോ നമ്മുടെ ജീവൻ? നമ്മെ സഹോദരങ്ങളാക്കി നമുക്കു മോക്ഷാനന്ദഭാഗ്യം തരുവാനല്ലയോ ഈശോ ഭൂജാതനായതു്? ആ ദൈവികജീവിതത്തിന്റെയും മോക്ഷാനന്ദഭാഗ്യത്തിന്റെയും നാന്ദിയാണ് വി. കർബാന. ഈശോ വി. കർബാനയെക്കുറിച്ചു ചെയ്ത വാഗ്ദാനം നിറവേററിയ ആ അന്ത്യഭോജനശാലയിലേക്ക് പത്രോസിനെപ്പോലെ എളിമയോടും ദൃഢവിശ്വാസത്തോടുംകൂടി നമുക്കും പ്രവേശിക്കാം.

"പെസഹാത്തിരുനാളിനുമുമ്പ്, ഈശോ ഈ ലോകം വിട്ട് പിതാവിന്റെ അടുക്കൽ പോകുവാനുള്ള സമയം വന്നു എന്നറിഞ്ഞിരുന്നു; ലോകത്തിൽ തനിക്കുള്ളവരെ അവിടുന്നു സ്നേഹിക്കുകയും, അവസാനംവരെ അവരെ സ്നേഹിക്കുകയും ചെയ്തു."[3] ഈ സ്നേഹത്തിന്റെ പ്രത്യക്ഷലക്ഷ്യമായിട്ടാണ് ഈശോ വി. കർബാനയെ സ്ഥാപിച്ചതു്. പെസഹാത്തിരുനാളായ ഒടുക്കത്തെ അത്താഴത്തിനുവേണ്ട ഒരുക്കങ്ങൾ എല്ലാം ചെയ്തശേഷം ദിവ്യരക്ഷകൻ തന്റെ പന്ത്രണ്ടു ശ്ലീഹന്മാരോടുകൂടി ഭക്ഷണത്തിനായി മേശയ്ക്കിരുന്നു. വിശുദ്ധ കർബാന

യെന്നാ– അതേ അടുത്ത ദിവസം താൻ കുരിശിൽ അൎപ്പിക്കുവാനിരുന്ന– ദിവ്യബലിയേയും അതിന്റെ കൂദാശയേയും നാം എത്ര ഭക്തിവിശ്വാസത്തോടും എളിമയോടും ആദരവോടുംകൂടി സ്വീകരിക്കണം എന്നു നമ്മെ പഠിപ്പിക്കുവാനായി ദിവ്യനാഥൻ "തന്റെ വസ്ത്രങ്ങൾ മാററിവച്ചു് ഒരു കച്ച തന്റെ അരയിൽ ചുററി ഒരു തട്ടത്തിൽ വെള്ളം ഒഴിച്ചു് തന്റെ ശിഷ്യരുടെ കാലുകൾ കഴുകുകയും തന്റെ അരയിൽ ചുററിയിരുന്ന കച്ചകൊണ്ടു് തുടയ്ക്കുകയും ചെയ്തു. അഹങ്കാരത്താലും പരസ്പരവിദ്വേഷത്താലും മലിനമായ ഇന്നത്തെ ലോകത്തിനു് ദിവ്യരക്ഷകൻ കൊടുക്കുന്ന മാതൃകയാണു് ഇതു്! ഈ മാതൃകയെ പിൻചെല്ലുവാനാണു് ഈശോ തന്റെ ശിഷ്യരോടു അരുളിച്ചെയ്യുന്നതു്: "നിങ്ങളുടെ കൎത്താവും ഗുരുവുമായിരിക്കുന്ന ഞാൻ നിങ്ങളുടെ കാലുകൾ കഴുകിയെങ്കിൽ, നിങ്ങൾ പരസ്പരം കാലുകൾ കഴുകുവാൻ എത്രമാത്രം കടപ്പെട്ടവരാകുന്നു." 4

ഈ പുണ്യത്തോടനുബന്ധിച്ച പുതിയനിയമത്തിലെ പ്രമാണവും ക്രിസ്തു അവൎക്കിപ്പോൾ കൊടുക്കുന്നു. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരസ്നേഹമുണ്ടെങ്കിൽ, അതുകൊണ്ടു് നിങ്ങൾ എന്റെ ശിഷ്യരാകുന്നു എന്നു് എല്ലാവരും അറിയും" 5 അതേ എളിമയിൽ അടിയുറച്ച സ്നേഹം– ദൈവസ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും– ഇതാണു് പുതിയനിയമത്തിലെ കല്പന. പണ്ടു് ഇസ്രായേൽജനം സൎവ്വേശ്വരനിൽനിന്നും പഴയനിയമം സ്വീകരിച്ചപ്പോൾ അതിനെ തങ്ങൾ അംഗീകരിച്ചു് ആ നിയമപ്രകാരം ജീവിച്ചുകൊള്ളാമെന്നുള്ള വാഗ്ദാനം ഉറപ്പിക്കുവാനായി അവർ ബലിമൃഗത്തിന്റെ രക്തം ചിന്തി അതിനെ ബലിയായി ദൈവത്തിനു സമൎപ്പിച്ചു. ഇപ്പോൾ ഇതാ സ്വൎഗ്ഗീയജീവൻ നമുക്കു തരുവാനായി വന്ന ദിവ്യനാഥന്റെ പുതിയനിയമം നാം അംഗീകരിക്കുന്നു എന്നതിന്റെ അച്ചാരമായി, വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ തലവനായ ഈശോ തന്റെ രക്തം ചിന്തി തന്നെത്തന്നെ ബലിയായി നിത്യപിതാവിനു സമൎപ്പിച്ചു് പുതിയ നിയമത്തെ ദൃഢീകരിക്കുവാൻ പോകുന്നു. ഇപ്പോൾതന്നെ പഴയനിയമത്തിലെ പെസഹാബലിയും പൂൎത്തിയാകും. കൂടാതെ

നിത്യപുരോഹിതനായ ഈശോ തൻെറ പൗരോഹിത്യവും ബലിയും എന്നേയ്ക്കും നിലനില്ക്കണമെന്നാഗ്രഹിച്ച് തൻെറ ശ്ലീഹന്മാരെ പുരോഹിതന്മാരായും ഉയർത്തി.

"അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ അപ്പം എടുത്ത് ആശീർവ്വദിച്ചു മുറിച്ച്, ശിഷ്യർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: "നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ; ഇതു് എൻെറ ശരീരമാകുന്നു. പിന്നെ അവിടുന്നു പാനപാത്രമെടുത്തു് സ്തോത്രംചെയ്തു് അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: വാങ്ങി നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ; ഇതു് പാപങ്ങളുടെ മോചനത്തിനായി വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ എൻെറ രക്തമാകുന്നു."[6] ഇപ്രകാരമാണ് സുവിശേഷകൻ വി. മത്തായി വി. കുർബാനയുടെ സ്ഥാപനത്തെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതു്. മററു സുവിശേഷകന്മാരും ഈ ചരിത്രസംഭവത്തെ തെളിവായി എടുത്തു പറയുന്നുണ്ട്. ഈശോ തൻെറ പന്ത്രണ്ടു ശ്ലീഹന്മാരുടെയും നടുവിലിരുന്നു പെസഹാ ഭക്ഷിക്കുകയാണ്. അവരിലൊരുവൻ തന്നെ ഒററിക്കൊടുക്കുമെന്നു് അവിടുന്നറിഞ്ഞിരുന്നു. തൻെറ പാടുപീഡകളും കുരിശുമരണവുംവഴി ഈ ലോകം വിട്ട് തൻെറ പിതാവിൻെറ പക്കലേക്കു പോകുവാനുള്ള സമയവും അടുത്തു എന്നു് ഈശോയ്ക്കറിയാം. എന്നാലും അത്യധികം ആഗ്രഹത്തോടുകൂടിയാണ് ഈശോ ശ്ലീഹന്മാരോടുകൂടി തൻെറ അവസാന പെസഹാ ഭക്ഷിക്കുവാൻ കാത്തിരുന്നതു്. എന്തെന്നാൽ ഇപ്പോഴാണ് തനിക്ക് അവർക്കു കൊടുക്കാവുന്നതിൽ ഏററവും വിലയേറിയ ദാനം കൊടുക്കുവാൻ പോകുന്നതു്. സർവ്വശക്തനായ ദൈവത്തിനുപോലും ഇതിൽ കൂടുതൽ സ്നേഹം കാണിക്കുവാൻ സാധിക്കുകയില്ല. തൻെറ ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികൾക്കും ദിവ്യരക്ഷകൻ തൻെറ മാംസം ഭോജനമായും രക്തം പാനീയമായും കൊടുത്തു്, അടുത്ത ദിവസം താൻ കാൽവരി മലയിൽ അർപ്പിക്കുവാനിരുന്ന ആ കുരിശിലെ ബലിയെ തൻെറ ഓർമ്മയ്ക്കായി വീണ്ടും വീണ്ടും സമർപ്പിക്കുവാൻ അവരോട് ആജ്ഞാപിക്കുന്നു.

വി. ലൂക്കാ ദിവ്യബലിയുടെ സ്ഥാപനത്തെക്കുറിച്ചു് ഇപ്രകാരം രേഖപ്പെടുത്തുന്നു: "പിന്നെ അവൻ അപ്പം എടുത്തു് സ്തോത്രം ചെയ്തു മുറിച്ചു് അവർക്കു കൊടുത്തുകൊണ്ടു് അരുളി

ചെയ്തു: ഇതു നിങ്ങൾക്കായി നല്കപ്പെടുന്ന എന്റെ ശരീരമാകുന്നു; ഇതു എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ. അപ്രകാരംതന്നെ അത്താഴത്തിനുശേഷം, അവൻ അരുളിച്ചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ എന്റെ രക്തമാകുന്നു." [7] ഈശോ അപ്പം എടുത്ത് ആശീർവ്വദിച്ച് 'ഇത് എന്റെ ശരീരമാകുന്നു' എന്നു പറഞ്ഞ ഉടൻ ആ അപ്പം ഈശോയുടെ ശരീരമായി മാറി. ഇന്ദ്രിയങ്ങൾക്കു ഗോചരമായിരുന്നത് അപ്പമായിരുന്നെങ്കിലും, അതു സാക്ഷാൽ ഈശോയുടെ ശരീരമായിരുന്നു. ഈശോ പവിത്രീകരിച്ചു കൊടുത്ത അപ്പം ഭക്ഷിച്ചപ്പോൾ ഈശോയുടെ ശരീരമാണ് ശ്ലീഹന്മാർ ഭക്ഷിച്ചത്. അതുപോലെതന്നെ ഈശോ വീഞ്ഞിരുന്ന പാനപാത്രം എടുത്ത് ആശീർവ്വദിച്ച് 'ഇത് എന്റെ രക്തമാകുന്നു' എന്നു പറഞ്ഞപ്പോൾ വീഞ്ഞ് ഈശോയുടെ രക്തമായി മാറി. പിറ്റേദിവസം കുരിശിൽ തൂങ്ങി ചിന്തപ്പെടേണ്ടതും തന്റെ സിരകളിൽക്കൂടി അപ്പോൾ ഓടിക്കൊണ്ടിരുന്നതുമായ ആ രക്തം ഈശോയുടെ കൈയിലിരുന്ന പാനപാത്രത്തിൽ സ്ഥിതിചെയ്തിരുന്നു. പാനപാത്രത്തിലെ രക്തവും ഈശോയുടെ ശരീരത്തിലെ രക്തവും തമ്മിൽ യാതൊരു വ്യത്യാസവുമില്ലായിരുന്നു. അതിനാൽ ഇന്ദ്രിയങ്ങൾക്കു വീഞ്ഞായി തോന്നിയിരുന്നെങ്കിലും സാക്ഷാൽ ഈശോയുടെ രക്തമാണ് ശ്ലീഹന്മാർ കുടിച്ചത്. നമ്മുടെ അല്പബുദ്ധിക്ക് ഇവയെല്ലാം അതീതമായിത്തോന്നിയാലും, സർവ്വശക്തനായ ദൈവത്തിനു ഇവയെല്ലാം സാധ്യമാണ്.

ഈശോ പുതിയനിയമത്തിലെ ബലിയും കൂദാശയുമായ വി. കുർബാനയെ സ്ഥാപിച്ചശേഷം "ഇതു നിങ്ങൾ എന്റെ ഓർമ്മയ്ക്കായിച്ചെയ്യുവിൻ" എന്നരുളിച്ചെയ്തു. വി. പൗലോസും കൊറിന്തിയർക്കെഴുതിയ ലേഖനത്തിൽ ഈ വസ്തുത തെളിവായിപ്പറയുന്നുണ്ട്. "നമ്മുടെ കർത്താവായ ഈശോ താൻ ഒററിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ അപ്പം എടുത്ത് ആശീർവ്വദിച്ചു മുറിച്ച് "നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ: ഇതു നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു; എന്റെ ഓർമ്മയ്ക്കായിട്ട് ഇപ്രകാരം നിങ്ങൾ ചെയ്യുവിൻ എന്നരുളിച്ചെയ്തു." [8] "ഇത് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" എന്ന വാ

ക്കുകളാൽ ഈശോ തന്റെ ശ്ലീഹന്മാരെ പുരോഹിതന്മാരായി ഉയർത്തി. വി. കുർബാനയിൽ അപ്പത്തേയും വീഞ്ഞിനേയും ഈശോയുടെ ശരീരവും രക്തവുമായി മാററുവാൻ അധികാരം കൊടുത്തു. ഈ വാക്കുകളാൽ ദിവ്യഗുരു അവരുടെ ആത്മാക്കളിൽ പൗരോഹിത്യമുദ്ര പതിപ്പിച്ച് തന്റെ പൗരോഹിത്യത്തിൽ അവർക്കും അവരുടെ പിൻഗാമികൾക്കും ഒരു പങ്കു കൊടുത്തു് അവരെ ഈ ലോകത്തിൽ തന്റെ പ്രതിനിധികളായി ഉയർത്തി. ആ പൗരോഹിത്യമുദ്ര അവരുടെ ആത്മാക്കളിൽ അനവരതം സ്ഥിതിചെയ്യും. ഈശോ ഇപ്പോൾ സ്ഥാപിച്ചതും കുരിശിൽ അർപ്പിക്കുവാൻ പോകുന്നതുമായ ദിവ്യബലി അർപ്പിക്കുക എന്നതു് അവരുടെ മഹത്തായ കൃത്യമാണ്. അപ്പത്തിൻേറയും വീഞ്ഞിൻേറയുംമേൽ വൈദികർ കൂദാശയ്ക്കടുത്ത വചനങ്ങൾ ഉച്ചരിക്കുമ്പോൾ അവ ഈശോയുടെ ശരീരവും രക്തവുമായി മാറുന്നു. പുരോഹിതന്മാർ ഈശോയുടെ സ്ഥാനത്തുനിന്ന് — അല്ല ഈശോതന്നെ തന്റെ പുരോഹിതന്മാരുടെ കരങ്ങൾവഴി— തന്റെ ബലിയെ സ്വർഗ്ഗസ്ഥനായ പിതാവിനു സമർപ്പിക്കുന്നു.

---

1. I John 6
2. John 6/69—70
3. John 13/1
4. John 13/15
5. John 13/34-35
6. Mathew 26/26-28
7. Luke 22/19—20.
8. I Cor. 11/24

# 4. കുരിശും കുർബാനയും

പുതിയനിയമത്തിലെ ബലിയായ കുരിശിലെ ബലിമൂലം ഈശോ തന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യസിദ്ധിയടഞ്ഞ് ഇപ്പോൾ സ്വർഗ്ഗത്തിൽ നിത്യപിതാവിന്റെ വലത്തുഭാഗത്ത് എഴുന്നെള്ളിയിരിക്കുന്നു. കുരിശിൽ ദിവ്യരക്ഷകൻ നിത്യപിതാവിനോടും മനുഷ്യവർഗ്ഗത്തോടുമുള്ള അനന്ത സ്നേഹത്താൽ തന്റെ രക്തം മുഴുവൻ ചിന്തി. ഈ ബലിയിലെ ബലിവസ്തുവും പുരോഹിതനും ക്രിസ്തുതന്നെയാണ്. ദൈവത്താൽ നിത്യപുരോഹിതനായി ഉയർത്തപ്പെട്ടവനും ദൈവവും മനുഷ്യനുമായ ക്രിസ്തു കുരിശിൽ തൂങ്ങി തന്റെ മാംസത്തിന്റെയും രക്തത്തിന്റെയും വേർപിരിയൽമൂലം മരണം കൈവരിച്ച് തന്നെത്തന്നെ നിത്യപിതാവിന് "ആസ്വാദ്യമായ സുഗന്ധ"ബലിയായി അർപ്പിച്ചു.[1] അതിനാൽ കുരിശിൽ ക്രിസ്തു സമ്പാദിച്ച നന്മക്കും വരപ്രസാദങ്ങൾക്കും അളവില്ല. ഈ ബലിമൂലം ഈശോ മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരംചെയ്ത് മനുഷ്യനും ദൈവവുമായുള്ള സ്നേഹബന്ധം പുനഃസ്ഥാപിക്കുകയും, പിശാചിന്റെ ശക്തിയെ അമർത്തുകയും, ദൈവത്തെ പ്രീതിപ്പെടുത്തി അവിടുത്തേക്ക് ഏററവും യോഗ്യമായ ബലി സമർപ്പിക്കുകയും ചെയ്തു. വി. പൗലോസിന്റെ വാക്കിൽ "ക്രിസ്തു കോലാടുകളുടെയോ കാളക്കിടാക്കളുടെയോ രക്തത്തോടുകൂടിയല്ല വലിയതും പൂർണ്ണവുമായ കൂടാരത്തിൽ പ്രവേശിച്ചത്; പ്രത്യുത സ്വന്ത രക്തത്തോടുകൂടി വിശുദ്ധ സ്ഥലത്ത് ഒരിക്കൽ പ്രവേശിച്ച് എന്നേക്കുമുള്ള രക്ഷ സാധിച്ചു."[2]

ഈ കുരിശിലെ ബലിയുടെ ഒരു മുൻ പ്രതിനിധീകരണം മാത്രമായിരുന്നു ഒട്ടുവിലത്തെ അത്താഴം. ഒരു ബലിയുടെ സാക്ഷാൽ കാതൽ എന്തെന്നറിയാവുന്നവർക്ക് ഈ സത്യത്തിന്റെ ഏകദേശമായ ഒരു ജ്ഞാനം ലഭിക്കുവാൻ പ്രയാസമില്ല. തന്റെ സ്രഷ്ടാവും പരിപാലകനും എല്ലാ നന്മകളുടെയും ആധാരവും പരമാന്ത്യവുമായ ദൈവത്തെ അനുസരിച്ച് അവിടുത്തെ ചിത്തപ്രകാരം താൻ ജീവിച്ചുകൊള്ളാമെന്നുറച്ച് തന്നെയും തനിക്കുള്ള സകലത്തേയും ദൈവത്തിനു സമർപ്പിച്ച് അവിടുത്തെ ആരാധിക്കുന്നതാണ് സാക്ഷാൽ ബലി. അതിനാൽ മനു

ഷ്യൻ ബലിക്കായി ഉപയോഗിക്കുന്ന പദാർത്ഥങ്ങൾ അവനെ തന്നെക്കുറിച്ച് അവനു പകരമായി നില്ക്കുന്നു. അവൻെറ ആന്തരികബലിയുടെ ബാഹ്യചിഹ്നം മാത്രമാണ് പുറമേ കാണുന്ന വസ്തുക്കൾ. ഈ വെളിച്ചത്തിൽകൂടി നോക്കുമ്പോൾ ക്രിസ്തു ഒടുവിലത്തെ അത്താഴത്തിൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൻകീഴിൽ, പിറേറദിവസം താൻ കുരിശിൽ സമർപ്പിക്കുവാനിരുന്ന തൻെറ ശരീരത്തിൻെറയും രക്തത്തിൻെറയും ആന്തരികബലി നിത്യപിതാവിനു അർപ്പിച്ചു എന്നതിനു സംശയമില്ല. താൻ സ്വമനസ്സാ, സന്തോഷപൂർവ്വം ദൈവമഹിമയ്ക്കും മനുഷ്യരക്ഷയ്ക്കുമായി തൻെറ മാംസവും രക്തവും ബലിയായി അർപ്പിക്കുവാൻ തയ്യാറായിരിക്കുന്നു— അല്ല ഇപ്പോൾ ഇതാ അർപ്പിക്കുന്നു— എന്ന ഈശോയുടെ മനസ്ഥിതിയിലാണ് ഈ ബലിയുടെ കാതൽ അടങ്ങിയിരുന്നത്. ഈശോയുടെ ജീവിതം മുഴുവൻ ഒരു ബലിയായി സംഗ്രഹിക്കാം. തൻെറ പിതാവിൻെറ ചിത്തം എപ്പോഴും നിറവേററുക— അതായിരുന്നു ആ ബലി. ഒടുവിലത്തെ അത്താഴവും കുരിശുമരണവും ആ സ്നേഹസമ്പൂർണ്ണവും അനുസരണപൂർവ്വവുമായ ജീവിതത്തിൻെറ പരമാന്ത്യമായിരുന്നു. അതിനാലാണ് ഈശോ അന്ത്യഭോജനശേഷം തൻെറ പാടുപീഡകൾക്കും കുരിശുമരണത്തിനും പോകുന്ന അവസരത്തിൽ "ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും എൻെറ പിതാവ് എന്നോടു കല്പിച്ചതുപോലെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയുന്നതിനു എഴുന്നേൽക്കുവിൻ, നമുക്ക് ഇവിടെനിന്നുപോകാം" എന്നരുളിച്ചെയ്തത്.[3]

അന്ത്യഭോജനം ഈശോ അർപ്പിച്ച ആദ്യത്തെ കുർബാനയായിരുന്നു. അതിനാൽ വി. കുർബാന കുരിശിലെ ബലിയുടെ ഒരു പ്രതിനിധീകരണമാണ്. 'അത്താഴശാലയിലെയും ഗാഗുൽത്തായിലെയും അൾത്താരയിലെയും ബലികൾ മൂന്നും കാതലിൽ ഒന്നുതന്നെ. മൂന്നിലും അർപ്പകൻ മിശിഹാ, അർപ്പിക്കപ്പെടുന്നവനും മിശിഹാ.' അൾത്താരയിൽ ഈശോ പുരോഹിതന്മാരുടെ കരങ്ങളിൽ തന്നെത്തന്നെ അർപ്പിക്കുന്നതിനാൽ വി. കുർബാനയിലെ പ്രഥമനും പ്രധാനനുമായ കാർമ്മികൻ അദൃശ്യനായ മിശിഹാതന്നെയാണ്. വി. കുർബാനയിൽ ഈശോ പുരോഹിതൻെറ അധരങ്ങളും കരങ്ങളും ഉപയോഗിച്ച് തന്നെത്തന്നെ ബലിയായി സമർപ്പിക്കുന്നതിനാൽ കുർബാനയി

ലെയും ബലിവസ്തുവും പുരോഹിതനും ഈശോതന്നെയാണ്. ഇതിൽനിന്നും നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനും, നിത്യപിതാവിനെ ആരാധിച്ച് നമുക്കുവേണ്ട പ്രസാദവരങ്ങൾ ലഭിക്കുന്നതിനും ദിവ്യബലിക്ക് അളവില്ലാത്ത ശക്തിയുണ്ടെന്നുള്ളതു സ്പഷ്ടമാകുന്നു.

എന്നാൽ കുരിശിലെ ബലിയും വി. കുർബാനയും തമ്മിൽ യാതൊരു വ്യത്യാസവുമില്ലയോ? തീർച്ചയായുമുണ്ട്. കുരിശിലെ ബലി ഒരേ ഒരു പ്രാവശ്യം മാത്രമാണ് അർപ്പിക്കപ്പെട്ടിട്ടുള്ളതു്. ഈശോയുടെ രക്തം ചിന്തിയ ആ കുരിശിലെ ബലി മേലിലൊരിക്കലും ആവർത്തിക്കപ്പെടുകയില്ല. വി. പൗലോസ് പറയുന്നതുപോലെ ഒരേ ഒരു ബലിയാൽ മനുഷ്യരക്ഷ സാധിച്ച് ഇപ്പോൾ മഹിമപ്രതാപത്തിലിരിക്കുന്ന ക്രിസ്തുവിനെ മരണം ഒരിക്കലും സമീപിക്കുകയില്ല.[4] ദിവ്യരക്ഷകൻ തന്റെ മരണത്താൽ മരണത്തേയും പാപത്തേയും ജയിച്ചു. ഈ വിജയചിഹ്നമാണ് വി. കുർബാന. "ക്രിസ്തു ഒരിക്കൽ മാത്രമേ മരിച്ചുള്ളു. എന്നാൽ അസംഖ്യം സമർപ്പണങ്ങൾക്ക് അവിടുത്തെ ഒരു മരണം മതിയാകും." കുരിശിലെ ബലി ഒരിക്കലും ആവർത്തിക്കപ്പെടുകയില്ലെങ്കിലും, ആ ബലിയെ പ്രതിനിധീകരിക്കുന്ന വി. കുർബാന കത്തോലിക്കാ ദേവാലയങ്ങളിലെ അൾത്താരകളിൽക്കൂടി ദൈവത്തിന് ഇടവിടാതെ സമർപ്പിക്കപ്പെടും. "ഇതു നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന ആജ്ഞമൂലം ഈശോ തന്റെ പുരോഹിതന്മാരോട് ലോകാവസാനംവരെ ഈ ബലിയെ അർപ്പിക്കുവാൻ കല്പിച്ചു. നിത്യപിതാവിനാൽ പുരോഹിതനായി തെരഞ്ഞെടുക്കപ്പെട്ട ക്രിസ്തുവിന്റെ പൗരോഹിത്യം അവിടുത്തെ മരണത്തോടുകൂടി അവസാനിച്ചില്ല. ദിവ്യഗുരുവിനാൽ പുരോഹിതന്മാരായി ഉയർത്തപ്പെട്ട വൈദികഗണം അവിടുത്തെ പൗരോഹിത്യവേല തുടർന്നുകൊണ്ടുവരുന്നു. പ്രധാനമായി ബലി അർപ്പിക്കുവാനാണ് പുരോഹിതൻ നിയമിതനായിരിക്കുന്നതു്. അതിനാൽ ക്രിസ്തുവിന്റെ പുരോഹിതന്മാർ ലോകാവസാനംവരെ അവിടുത്തെ ദിവ്യബലി അനവരതം അർപ്പിച്ചുകൊണ്ടിരിക്കും.

കുരിശിൽ ക്രിസ്തു രക്തം ചിന്തി സാക്ഷാൽ മരിച്ചു. എന്നാൽ അൾത്താരയിലെ ബലിയിൽ ക്രിസ്തു മരണരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതല്ലാതെ സാക്ഷാൽ രക്തം ചിന്തുകയോ മരി



സുവിശേഷം വായിക്കുന്നു.

ക്കുകയോ ചെയ്യുന്നില്ല. കുരിശ് രക്തമയമായ ബലിയാണെങ്കിൽ, വി. കുർബാന രക്തമയമല്ലാത്ത അതേബലിയാണ്: ഈ അപ്പൂർണ്ണവിധത്തിലാണ് കുരിശും കുർബാനയും തമ്മിലുള്ള പ്രധാന അന്തരം. മരണത്തെ ജയിച്ച് മഹിമയിൽ സ്വർഗ്ഗാരോഹിതനായിരിക്കുന്ന ഈശോ മരണത്തിനും പാടുപീഡകൾക്കുമെല്ലാം അതീതനാണ്. എന്നാൽ വി. കുർബായിൽ കൂദാശയ്ക്കുടുത്ത വചനങ്ങൾവഴി അപ്പം ഈശോയുടെ ശരീരവും വീഞ്ഞ് ഈശോയുടെ രക്തവുമായി മാറുന്നതിനാൽ ഈശോ മരണരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. എന്തെന്നാൽ കുരിശിൽ സംഭവിച്ചതുപോലെ ദിവ്യബലിയിലും ക്രിസ്തുവിന്റെ ശരീരവും രക്തവും വെവ്വേറെ പ്രത്യക്ഷമാകുന്നു. അതിനാൽ മരിക്കുവാൻ സാധിച്ചിരുന്നെങ്കിൽ ഈശോ വി. കുർബാനയിലും മരിച്ചേനെ. നേരെമറിച്ച് വി. കുർബാനയിൽ ദിവ്യരക്ഷകന്റെ ശരീരവും രക്തവും വേർപെട്ടു കാണപ്പെടുന്നെങ്കിലും, ക്രിസ്തു തന്റെ ദൈവസ്വഭാവത്തോടും മനുഷ്യസ്വഭാവത്തോടുംകൂടി ശരീരത്തിലും രക്തത്തിലും മുഴുവനായും, അതിന്റെ ഓരോഭാഗത്തും സന്നിധിചെയ്യുന്നു. മനുഷ്യശരീരത്തിൽ രക്തവും രക്തത്തിൽ ശരീരവും ഉൾപ്പെടുന്നതുപോലെ, മനുഷ്യസ്വഭാവവും ദൈവസ്വഭാവവും സംയോജിച്ചിരിക്കുന്ന ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽ ദൈവസ്വഭാവവും ഉൾപ്പെടുന്നു. ഇപ്രകാരം സജീവനായ ക്രിസ്തു മുഴുവനായി ഓരോ തുള്ളി രക്തത്തിലും ശരീരത്തിന്റെ ഓരോ ഭാഗത്തും സ്ഥിതിചെയ്യുന്നു.

കുരിശിലെ ബലിയാൽ ക്രിസ്തു മനുഷ്യരെ വീണ്ടെടുത്ത് ദൈവത്തെ മഹിമപ്പെടുത്തി. അളവില്ലാത്ത നന്മകളും വരപ്രസാദങ്ങളും ഈ ബലിമൂലം ഈശോ നമുക്കു സമ്പാദിച്ചുതന്നു. ജീവിച്ചവരും ജീവിക്കുന്നവരും ജീവിക്കുവാനിരിക്കുന്നവരുമായ എല്ലാ ജനങ്ങളുടേയും പാപങ്ങൾക്കു പരിഹാരം ചെയ്യുവാൻ ഈ ബലി ധാരാളം മതി. വി. പൗലോസ് പറയുന്നപോലെ “ക്രിസ്തു ഒരേബലിയാൽ തന്റെ രക്ഷണീയവേല പൂർത്തിയാക്കി വീണ്ടെടുക്കപ്പെട്ടവരെ എന്നേക്കുമായി രക്ഷിച്ചു.”[5] ലോകം മുഴുവൻ കുരിശിലെ ബലിയാൽ രക്ഷിക്കപ്പെട്ടു. വി. അഗസ്റ്റീനോസിന്റെ വാക്കുകൾ ഈ സന്ദർഭത്തിൽ സ്മരണീയമാണ്. “ക്രിസ്തു എന്തു വില കൊടുത്താണ് നമ്മെ തന്റെ സ്വന്തമാക്കിയതെന്നുകണ്ടാലും: കുരിശിൽ തൂങ്ങുന്ന ക്രിസ്തുവാണ് നമുക്കായി കൊ

ടുക്കപ്പെട്ട വില. സർവ്വേശ്വരന്റെ ഏക പുത്രനായ ആ നിർമ്മല ചെമ്മരിയാട്ടിൻകുട്ടി, തന്റെ രക്തം ചിന്തി ആ രക്തംകൊണ്ടു് നമ്മെ വാങ്ങി. ഇപ്രകാരം നമ്മെ സ്വന്തമാക്കിയവൻ ക്രിസ്തുവാണു്; നമുക്കായി കൊടുക്കപ്പെട്ട വില അവിടുത്തെ രക്തമാണു്; അവിടുന്നു വാങ്ങിയതു ഭൂലോകം മുഴുവനുമാണു്". [6]

കുരിശിലെ ബലി ഒന്നുകൊണ്ടുമാത്രം ക്രിസ്തു മനുഷ്യവർഗ്ഗത്തെ മുഴുവനും രക്ഷിച്ചു എങ്കിലും, ആ ബലിയുടെ ഫലം നാം ഓരോരുത്തരും നമ്മുടെ ഓരോരുത്തരുടെയും ശ്രമംകൊണ്ടു് സ്വന്തമാക്കേണ്ടിയിരിക്കുന്നു. ദിവ്യരക്ഷകൻ സമ്പാദിച്ച ആ അളവില്ലാത്ത വരപ്രസാദനിധിയിൽനിന്നും നാം ഓരോരുത്തരും നമ്മുടെ ശക്തിക്കൊത്തവിധം വാരി എടുക്കണമെന്നാണു് ക്രിസ്തു ചിത്തമായിരിക്കുന്നതു്. എന്തെന്നാൽ ഈശോ കുരിശിൽ തന്റെ രക്തം ചിന്തി മനുഷ്യവർഗ്ഗത്തെ മുഴുവനും വില കൊടുത്തു വാങ്ങിയെങ്കിലും അവിടുന്നു് നമ്മെ ഓരോരുത്തരേയും തനിക്കു സ്വായത്തമാക്കിയിട്ടില്ല. നമ്മെ ഓരോരുത്തരേയും തന്റെ സ്വായത്തമാക്കുന്നതിനാണു് ദിവ്യഗുരു തന്റെ കുരിശിലെ ബലിയിൽനിന്നൊഴുകുന്ന പ്രസാദവരനിർഝരങ്ങളായ കുർബാനയും കൂദാശകളും സ്ഥാപിച്ചിട്ടുള്ളതു്. ദൈവം നമുക്കു തന്നിട്ടുള്ള സ്വാതന്ത്ര്യത്തെ ആദരിച്ചു് അതിനു വിരോധമായി യാതൊന്നും ചെയ്യുവാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ നാം ഓരോരുത്തരും പൂർണ്ണമനസാ ഈ വരപ്രസാദങ്ങളാകുന്ന ഉറവകളിൽനിന്നും കോരിക്കുടിച്ചു് സായൂജ്യമടയണമെന്നാണു് അവിടുത്തെ തിരുമനസ്സു്.

ഈശോയുടെ കുരിശിലെ ബലിയുടെ പ്രതിനിധീകരണമായ വി. കുർബാനയിൽ പങ്കെടുക്കുമ്പോൾ നാം ഈശോയുടെ കുരിശിലെ ബലിയിൽതന്നെ പങ്കെടുത്തു് അതിൽനിന്നൊഴുകുന്ന വരപ്രസാദങ്ങളെ നമ്മുടെ സ്വന്തമാക്കുന്നു. ഈശോ കാൽവരിമലയിൽവച്ചു് ബലി അർപ്പിച്ചപ്പോൾ അവിടെ നാം സന്നിഹിതരല്ലായിരുന്നതിനാൽ ആ ബലിയിൽ സജീവമായ ഒരു പങ്കു് നാം എടുത്തില്ല. നമ്മുടെ രക്ഷയ്ക്കായി അർപ്പിക്കപ്പെട്ട ആ ബലിയിൽ നാമും സ്വമനസാ ഈശോയോടുചേർന്നു് നമ്മെ മുഴുവനും ഈശോയിൽ നിത്യപിതാവിനു് അർപ്പിക്കുമ്പോഴാണു് ആ ബലിയുടെ പരിപൂർണ്ണഫലം നാം അടയുന്നതു്. എന്നാൽ കാൽവരിയിലെ ബലി ദുഃഖവെള്ളിയാഴ്ചയിലെ മൂന്നു

മണിക്കൂറുകൊണ്ടു് അവസാനിച്ചു. അതിനാൽ തന്റെ രക്തമയമായ ആ ബലിയിൽ നമുക്ക പങ്കെടുക്കവാൻ സാധിക്കുകയില്ലെന്നു് ദിവ്യരക്ഷകൻ അറിഞ്ഞു് ആ ബലിയുടെ സാക്ഷാൽ പ്രതിനിധീകരണമായ രക്തമയമല്ലാത്ത വി. കുർബാനയെ അവിടുന്നു സ്ഥാപിച്ചു. ലോകാവസാനംവരെ അനവരതം ആ ബലിയെ അർപ്പിക്കവാൻ ഈശോ തന്റെ പുരോഹിതന്മാരോടു് ആജ്ഞാപിക്കുകയും ചെയ്തു. കുരിശിലെ ബലിയെപ്പോലെ കുർബാനയിലെയും ബലിവസ്തുവും പുരോഹിതനും ക്രിസ്തുതന്നെ ആയതിനാൽ നാം കുർബാനയിൽ പങ്കെടുക്കുമ്പോൾ കുരിശിലെ ബലിയിൽത്തന്നെയാണു് പങ്കെടുക്കുന്നതു്. വി. കുർബാനയിൽ നാം ഈശോയോടുകൂടി ഐക്യപ്പെട്ടു് ഈശോയിൽ നമ്മെ മുഴുവനും നിത്യപിതാവിനു ബലിയായി അർപ്പിച്ചു് ഈശോയുടെ കുരിശിലെ ബലിയുടെ ഫലങ്ങൾ നമ്മുടെ സ്വന്തമാക്കുന്നു.

വി. കുർബാന തിരുസ്സഭയുടെ ബലിയാണു്. ഈശോ സ്ഥാപിച്ച സത്യമതമായ തിരുസ്സഭക്കു് "മനുഷ്യപ്രകൃതി ആവശ്യപ്പെടുന്ന വിധത്തിലുള്ള ദൃശ്യമായ ഒരു ബലി അത്യാവശ്യമാണെന്നു കണ്ടു് തന്റെ കുരിശിലെ ബലിയെത്തന്നെ അവൾക്കു ദാനമായി കൊടുത്തു. ഈ ബലിമൂലമാണു് വിശ്വാസികൾ തങ്ങളുടെ പാപങ്ങൾക്ക പരിഹാരം ചെയ്തു് ദൈവത്തെ മഹത്വപ്പെടുത്തി തങ്ങൾക്കവേണ്ട അനുഗ്രഹങ്ങൾ യാചിക്കേണ്ടതു്. കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ ഈശോയ്ക്കുണ്ടായിരുന്ന ആ മനസ്ഥിതിതന്നെ ദിവ്യബലിയിൽ പങ്കെടുക്കുമ്പോൾ നമുക്കും ഉണ്ടായിരിക്കണം. ദൈവചിത്തത്തിനു പരിപൂർണ്ണമായി കീഴ്‌വഴങ്ങി നമ്മെത്തന്നെ ബലിയായി ഈശോയോടുചേർന്നു് ഈശോയിൽ നിത്യപിതാവിനു സമർപ്പിക്കണം. ഇപ്രകാരമാണു് നമ്മുടെ തലവനായ ഈശോയെ കൂടുതൽ കൂടുതൽ അനുകരിക്കേണ്ടതും, ഈശോ സമ്പാദിച്ച പ്രസാദവരങ്ങൾ അവിടുത്തെ മൗതികശരീരത്തിന്റെ അംഗങ്ങളിലേക്കു് പകരേണ്ടതും. വി. കുർബാനയിൽ സജീവമായ പങ്കെടുക്കുന്നവനു് വി. പൗലോസിനോടുകൂടി "ഞാൻ മിശിഹായോടുകൂടി കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു; ഞാൻ ജീവിക്കുന്നു എന്നാൽ ഇപ്പോൾ ഞാനല്ല, മിശിഹാ എന്നിൽ ജീവിക്കുന്നു" എന്നു പറയുവാൻ സാധിക്കും.

കുരിശിലെ ബലിയെ പ്രതിനിധീകരിക്കുന്ന വി. കുർബാന കുരിശിന്റെ മഹത്വത്തേയും വല്ലഭത്തേയും എപ്പോഴും ഉൽഘോഷിക്കുന്നു. എന്നാൽ മരണമില്ലാതെ മഹിമപ്രതാപത്തിൽ സ്വർഗ്ഗസ്ഥനായിരിക്കുന്ന ഈശോയുടെ കുരിശിലെ ബലിയെ പ്രതിനിധീകരിക്കുവാനും അവിടുത്തെത്തന്നെ ബലിയായി നിത്യപിതാവിന് അർപ്പിക്കുവാനും നമുക്കെപ്രകാരം സാധിക്കും? ഈ വിശ്വാസരഹസ്യം നമ്മുടെ അല്പബുദ്ധിക്ക് അതീതമാണ്. ദൈവത്തിന്റെ ഏകപുത്രന് മനുഷ്യനായി നമ്മോടുകൂടി വസിക്കുവാൻ സാധിച്ചെങ്കിൽ ഇതും അവിടുത്തേയ്ക്കു സാധ്യമാണ്. വിവിധവും മഹത്തരങ്ങളുമായ അത്ഭുതങ്ങളാൽ ഈശോ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൻകീഴിൽ തന്റെ മഹിമയേറിയ സ്വർഗ്ഗീയജീവിതത്തോടുകൂടി ഭൗതികജീവിതവും മരണവും സംയോജിപ്പിക്കുകയും, തന്നെത്തന്നെ ബലിവസ്തുവും അതേസമയംതന്നെ സ്വർഗ്ഗീയസൗഭാഗ്യങ്ങളുടെ മൂർത്തീകരണവും ആക്കിത്തീർക്കുകയും ചെയ്യുന്നു. ഇപ്രകാരമാണ് ഈശോ മനുഷ്യവർഗ്ഗത്തോടുള്ള അതിരറ്റ സ്നേഹം പ്രത്യക്ഷമാക്കി "ഇതാ ഞാൻ നിങ്ങളോടുകൂടി ലോകാവസാനംവരെ ഉണ്ടായിരിക്കും" എന്ന വാഗ്ദാനം നിറവേറ്റുന്നത്. [8]

---

1. Ephesians 5/2
2. Heb. 9/12
3. John 14/31
4. Heb. 9/28
5. Heb. 10/14
6. Mediator Dei no 80
7. Galatians 2/20
8. Mathew 28/20.

# 5. ദിവ്യബലിയുടെ ഉദ്ദേശ്യങ്ങൾ

കുരിശിലെ ബലിയുടെ പ്രതിനിധീകരണമായ ദിവ്യബലിയുടെ വില അനന്തമാണ്. ഈ ബലിയിൽനിന്നും തിരുസ്സഭയിലേയ്ക്കും മനുഷ്യകുലത്തിലേയ്ക്കും പ്രവഹിച്ചുകൊണ്ടിരിക്കുന്ന പ്രസാദവരം എത്രയെന്ന് തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല. അനന്തമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ആ പ്രസാദവരപ്രവാഹത്തിൽനിന്നും നമ്മുടെ ഓരോരുത്തരുടെയും യോഗ്യത അനുസരിച്ച് കോരിയെടുക്കുവാൻ നമുക്കു സാധിക്കും. നാം ഓരോരുത്തരുടെയും സ്നേഹവും ഭക്തിയും പ്രസാദവരവും എത്ര കൂടുതലായിരിക്കുന്നുവോ, അത്രയും കൂടുതലായി ദിവ്യബലിയുടെ ഫലങ്ങൾ നമുക്കു സ്വന്തമാക്കാം. അതിനാൽ വി. കുർബാനയിൽനിന്നു നാം സമ്പാദിക്കുന്ന ഫലം നമ്മുടെ ഓരോരുത്തരുടേയും യോഗ്യതയനുസരിച്ചിരിക്കും. ദിവ്യബലിയിൽ സജീവവും ബോധപൂർവ്വവുമായ ഒരു പങ്കെടുത്ത് കൂടുതൽ വരപ്രസാദങ്ങൾ ലഭിക്കുന്നതിനു് അതിൻെറ പ്രധാന ഉദ്ദേശ്യങ്ങളെക്കുറിച്ചുള്ള ധ്യാനം വളരെ ഉപകാരപ്രദമാണ്.

കാൽവരിയിലെ ബലി ഏതെല്ലാം ഉദ്ദേശ്യങ്ങൾക്കായി ഈശോ നിത്യപിതാവിനു സമർപ്പിച്ചുവോ, അതേ ഉദ്ദേശ്യങ്ങൾ ദിവ്യബലിയിൽ ഭാഗഭാക്കുകളാകുന്ന നമുക്കും ഉണ്ടായിരിക്കണം. ദിവ്യബലിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങൾ നാലാണ്: ദൈവത്തിൻെറ സൃഷ്ടികളായ നാം അവിടുത്തെ സ്തുതിച്ച് ആരാധിക്കുക; അവിടുന്നു നമുക്കു പ്രദാനം ചെയ്തിട്ടുള്ള നിരവധി നന്മകൾക്ക് നന്ദിസ്തോത്രം ചെയ്യുക; അവിടുത്തെ കല്പനകളെ ലംഘിച്ചു ചെയ്തിട്ടുള്ള പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ക്ഷമ യാചിക്കുക; നമ്മുടെയും മററുള്ളവരുടെയും അനുദിനാവശ്യങ്ങൾ നിറവേററിത്തരുന്നതിനായി ദൈവത്തോട് അഭ്യർത്ഥിക്കുക.

എല്ലാ സൃഷ്ടികളുടെയും പരമാന്ത്യം ദൈവമാണ്. അവയെല്ലാം ദൈവത്തിൻെറ മഹത്വം പ്രകീർത്തിക്കുന്നു. മോക്ഷത്തിൽ പുണ്യവാന്മാരുടെ ഏക ആനന്ദം അതിപരിശുദ്ധനായ ദൈവത്തെ ആരാധിക്കുകയാണ്. അവിടുത്തെ മുമ്പിൽ മാലാഖമാർ "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്ന

ഗീതം അനവരതം പാടിക്കൊണ്ടിരിക്കുന്നു. ഈ ദൈവാരാധനയാണു് നമ്മുടെ അതിപ്രധാനമായ കടമ. സർവ്വശക്തനും പരിശുദ്ധരിൽ പരിശുദ്ധനുമായ ദൈവം അനന്തമായ ആരാധന സ്തുതിക്കു യോഗ്യനാണു്. എന്നാൽ സൃഷ്ടികളും പാപികളുമായ നാം ദൈവത്തിനു യോഗ്യമായ ആരാധന സമർപ്പിക്കുവാൻ എത്രയോ അയോഗ്യരാണു്? നമ്മുടെ അയോഗ്യതയെ പരിഹരിച്ചു് അതിപരിശുദ്ധനായ ദൈവത്തെ യോഗ്യമായവിധം ആരാധിക്കുവാൻ ഈശോ നമ്മെ പ്രാപ്തരാക്കിയിട്ടുണ്ടു്.

മനുഷ്യാവതാരത്തിന്റെ പ്രധാന ഉദ്ദേശ്യംതന്നെ, നിത്യപിതാവിനു യോഗ്യമായ ആരാധനസ്തുതി കൊടുക്കുക എന്നതായിരുന്നു. പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ ക്രിസ്തുവിനു് ദൈവത്തെ ഏററവും യോഗ്യമായവിധം ആരാധിക്കുവാൻ സാധിച്ചു. ക്രിസ്തുവിന്റെ ജീവിതം മുഴുവനും ഒരു ദൈവാരാധനപ്രകടനമായിരുന്നു. ആ ദൈവാരാധനയുടെ പാരമ്യം കുരിശിലെ ബലിയിലാണു് നാം ദർശിക്കുന്നതു്. നമ്മെ തന്റെ സഹോദരന്മാരും ദൈവത്തിന്റെ ദത്തുപുത്രന്മാരുമാക്കിത്തീർത്ത ഈശോ തന്റെ അതിപാവനമായ കുരിശിലെ ബലിതന്നെ ദൈവാരാധനയ്ക്കായി നമുക്കും തന്നിട്ടുണ്ടു്. വീണ്ടെടുക്കപ്പെട്ട ജനത്തിനു് ദൈവത്തെ യോഗ്യമായവിധം ആരാധിച്ചു സ്തുതിക്കുന്നതിനുള്ള ഏക മാർഗ്ഗം വി. കുർബാനയാണു്. തിരുസ്സഭയുടെ ബലിയായ വി. കുർബാനയിൽ തിരുസ്സഭ മുഴുവനും– അതിലെ ഓരോ അംഗവും– ശിരസ്സായ ക്രിസ്തുവിനോടുചേർന്നു് ക്രിസ്തുവിൽ അർപ്പിക്കുന്ന ഈ ബലി നിത്യപിതാവിനു് ഏററവും യോഗ്യമായ ആരാധനയായിത്തീരുന്നു. നാം ഓരോരുത്തരും എത്രയോ പാപികളും ഹീനരുമായിരുന്നാലും നാം തനിച്ചല്ല ഈ ദിവ്യബലി അർപ്പിക്കുന്നതു്; ഭൂമിയിലെ ദൈവത്തിന്റെ കുടുംബമായ തിരുസ്സഭയുടെ എല്ലാ അംഗങ്ങളോടും അതിന്റെ ശിരസ്സോടുംചേർന്നാണു് നാം ഈ ബലി സമർപ്പിക്കുന്നതു്. ദൈവത്തിന്റെ ഈ കുടുംബത്തിൽ അനേകം പരിശുദ്ധരും പുണ്യാത്മാക്കളും ഉണ്ടെന്നു മാത്രമല്ല, നമ്മുടെ എല്ലാ ഭക്തിക്കുറവുകളും സ്നേഹമില്ലായ്മയും പരിഹരിക്കുന്നതിനു ശക്തിയുള്ള ക്രിസ്തുവും നമ്മോടുകൂടിയുണ്ടു്. ഈശോ നമ്മുടെ എല്ലാ അയോഗ്യതകളും പരിഹരിച്ചു് നമ്മുടെ ബലി തന്റേതാക്കി നമ്മുടെപേർക്കു് ആസ്വാദ്യമായ സുഗന്ധമായി നിത്യപിതാവിനു സമർപ്പിക്കുന്നു. ഉദയം മുതൽ അസ്തമ

നംപ്വൻറെ നിരന്തരം ദൈവാരാധനയ്ക്കായി അർപ്പിക്കപ്പെടുന്ന ദിവ്യബലിയുടെ മാഹാത്മ്യമറിഞ്ഞ് നമ്മുടെ ആരാധനസ്തോത്രങ്ങൾ ഈശോയുടേതായി മാററി അവ ഈശോയിൽ നമുക്കു നിത്യപിതാവിനു സമർപ്പിക്കാം.

ദൈവം നമ്മുടെ സ്രഷ്ടാവും പരിപാലകനും മാത്രമല്ല, എല്ലാ നന്മകളുടെയും ദാതാവുമാണ്. അതിനാൽ അവിടുത്തേക്കു് കൃതജ്ഞതാസ്തോത്രം ചെയ്യുന്നതാണ് നമ്മുടെ രണ്ടാമത്തെ കടമ. നമുക്കുപകാരം ചെയ്യുവരോടു് കൃതജ്ഞത പ്രകാശിപ്പിക്കുകയെന്നതു് നമ്മുടെ ഒരു കടമ മാത്രമല്ല, അതൊരുത്തമ മനുഷ്യൻെറ അടയാളവുമാണ്. കൃതഘ്നത അഹംഭാവികളുടെയും ദുഷ്ടബുദ്ധികളുടെയും ലക്ഷണമാണ്. മനുഷ്യരുടെ കൃതഘ്നത ക്രിസ്തുവിനെ വല്ലാതെ വേദനിപ്പിച്ചിട്ടുണ്ടു്. ഒരിക്കൽ അവിടുന്ന് പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തിയെങ്കിലും അവരിൽ ഒരുത്തൻ മാത്രമേ അവിടുത്തോടു കൃതജ്ഞത പ്രദർശിപ്പിച്ചുള്ളു. മററൊൻപതുപേരുടെ കൃതഘ്നതകണ്ടു് ക്രിസ്തു വ്യസനപൂർവ്വം ചോദിക്കുകയുണ്ടായി "പത്തുപേരല്ലയോ സുഖപ്പെട്ടവർ, മററൊൻപതുപേർ എവിടെ?" എന്ന്. [1]

ഇപ്രകാരം നമുക്കുപകാരംചെയ്തിട്ടുള്ള അയൽവാസിയോടു് കൃതജ്ഞത പ്രകാശിപ്പിക്കുവാൻ നാം കടമപ്പെട്ടവരാണെങ്കിൽ, ദൈവതൃക്കരങ്ങളിൽനിന്നു നാം സ്വീകരിച്ചിട്ടുള്ള നിരവധി നന്മകൾക്കു് അവിടുത്തേയ്ക്കു് കൃതജ്ഞതാസ്തോത്രം ചെയ്യുന്നതിൽ നാം എത്രയോ തീക്ഷ്ണതയുള്ളവരായിരിക്കണം? പാപികളും നീചപുഴുക്കൾക്കു തുല്യരുമായ നമ്മെ ദൈവം എത്രയോ സ്നേഹത്തോടും വാത്സല്യത്തോടുംകൂടിയാണു് കാത്തുപരിപാലിച്ചുവരുന്നതു്? സ്വാഭാവികമായും അതിസ്വാഭാവികമായും അവിടുന്നു നമുക്കു തന്നിട്ടുള്ള ദാനങ്ങൾക്കു കണക്കില്ല. "ദൈവം തൻെറ പുത്രനോടുപോലും ദാക്ഷിണ്യം കാണിക്കാതെ, അവനെ നമുക്കേവർക്കുംവേണ്ടി ഏല്പിച്ചുതന്നു എങ്കിൽ, അവനോടുകൂടി സമസ്തവും ദൈവം നമുക്കു തരാതിരിക്കുന്നതെങ്ങനെ?" [2]
അതെ; ക്രിസ്തുവിൽ നമുക്കു സമസ്തവും ലഭിച്ചു. ക്രിസ്തു നമ്മെ ദൈവമക്കളും മോക്ഷരാജ്യത്തിന് അവകാശികളുമാക്കി. ഈ ദൈവദാനങ്ങൾക്ക് പ്രതിനന്ദിയായി നാം എന്താണ് സമർപ്പിക്കുവാൻ പോകുന്നതു്? ദൈവം അനന്ത നന്ദിസ്തോത്രത്തിനു

യോഗ്യനാണു്; ദൈവത്തിനു യോഗ്യമായ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ നാമാകട്ടേ, എത്രയോ അയോഗ്യരുമാണു്.

എന്നാൽ ഇവിടെയും നമ്മുടെ അയോഗ്യതയെ പരിഹരിക്കുവാൻ ക്രിസ്തു തിരുമനസ്സായി. ദിവ്യബലിയിൽ ക്രിസ്തു, താൻ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ തന്റെ ഹൃദയത്തിൽ കത്തിജ്ജ്വലിച്ചുകൊണ്ടിരുന്ന ആ കൃതജ്ഞതാസ്തോത്രം, നമ്മുടെ പേക്കായി ഇപ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനു സമർപ്പിക്കുന്നു. മനുഷ്യവംശത്തിനു ദൈവം പ്രദാനം ചെയ്തിട്ടുള്ള എല്ലാ നന്മകൾക്കുമായി ക്രിസ്തു സമർപ്പിച്ച നന്ദിസ്തോത്രം— അതേ, ഊട്ടുശാലയിലും കുരിശിലും താൻ ചെയ്ത ആ കൃതജ്ഞതാപ്രകടനം— ലോകാവസാനംവരെ നാം തുടർന്നുകൊണ്ടുപോകുവാനായി ഈശോ ദിവ്യബലി സ്ഥാപിച്ചു. വിശുദ്ധ കുർബാനയിൽ ഈശോ നമ്മുടെ അയോഗ്യതകൾ പരിഹരിച്ചു്, നമ്മുടെ നന്ദിസ്തോത്രങ്ങൾ തന്റേതായി മാററി, അവയെ നിത്യപിതാവിനു് ഏററവും സ്വീകാര്യമാക്കുന്നു. ദിവ്യബലിയിൽ പങ്കെടുക്കുന്ന നമുക്ക് ഈ ചിന്ത എപ്പോഴുമുണ്ടായിരിക്കണം. ഈശോയോടുകൂടി ഈശോയിൽ നാം നിത്യപിതാവിനു സമർപ്പിക്കുന്ന ഏററവും ഉന്നതമായ കൃതജ്ഞതാഗീതമാണു് ദിവ്യബലി.

വി. കുർബാനയിൽ ഈശോ നമ്മെ ദൈവത്തിനു യോഗ്യമായ ആരാധനയും നന്ദിസ്തോത്രവും സമർപ്പിക്കുവാൻ പ്രാപ്തരാക്കുന്നതുപോലെ, നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്തു് ദൈവാനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കുന്നതിനും യോഗ്യരാക്കുന്നു. ഈശോ ഈ ഉദ്ദേശ്യങ്ങൾക്കായി രക്തം ചിന്തി തന്റെ കുരിശിലെ ബലി അർപ്പിച്ചു; ഈ ഉദ്ദേശ്യങ്ങൾക്കായി വി. കുർബാനയും നാം ദിനംപ്രതി അർപ്പിക്കുന്നു. ഇപ്രകാരം ദിവ്യബലി നമ്മുടെ അനുദിന പാപങ്ങൾക്കുള്ള ഒരു പരിഹാര ബലിയുമാണു്.

തന്റെ പാപങ്ങളാൽ താൻ ദൈവകോപത്തിൽ ഉൾപ്പെട്ടെന്നും തന്മൂലം ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നതിനു് താൻ ഏററവും അയോഗ്യനാണെന്നും മനുഷ്യൻ വിശ്വസിക്കുന്നു. അതിനാൽ മനുഷ്യൻ തന്റെ പാപങ്ങൾക്കു പരിഹാരം ചെയ്തു് ദൈവവുമായി ഐക്യപ്പെട്ടു് ദൈവസ്നേഹത്തിൽ കഴിയുവാൻ ആഗ്രഹിക്കുന്നു. ഈ ഉദ്ദേശ്യത്തോടുകൂടി മനുഷ്യൻ പാപപരിഹാരബലികൾ ദൈവത്തിനു് എല്ലാ കാലങ്ങളിലും സമ

പ്പിച്ചുകൊണ്ടിരുന്നു. ഇപ്രകാരമുള്ള ബലികൾ പഴയനിയമത്തിലും ധാരാളമുണ്ടായിരുന്നെന്നും അവയെല്ലാം ക്രിസ്തുവിൻെറ കുരിശിലെ ബലിയുടെ പ്രതിരൂപങ്ങളും നിഴലുകളുമായിരുന്നെന്നും നാം കണ്ടു. കുരിശിലെ ബലി മറെറല്ലാ ബലികൾക്കും പഴയനിയമത്തിനും ഒരു വിരാമമിട്ടു (means a stop). ക്രിസ്തു കുരിശുമൂലം സ്വർഗ്ഗത്തേയും ഭൂമിയേയും രമ്യപ്പെടുത്തി, നമ്മുടെ പാപങ്ങൾക്കു ക്ഷമ യാചിച്ച് പരിഹാരം ചെയ്യുന്നതിന് ഏററവും ശക്തിയുള്ള ഒരു ബലി നമുക്കു തന്നു. ഇന്ന് നമ്മുടെ പാപപരിഹാരമായി ദൈവത്തിന്നർപ്പിക്കാവുന്നതും അനന്ത വല്ലഭമുള്ളതുമായ ഒരേ ഒരു ബലി വിശുദ്ധ കുർബാന മാത്രമാണ്.

നമ്മുടെ അനുദിന പാപങ്ങൾക്കും ഭക്തിക്കുറവിനും ശരിയായ പരിഹാരം ചെയ്ത് ദൈവകോപത്തെ ശമിപ്പിക്കുന്നതിന് വി. കുർബാനയ്ക്കുള്ള ശക്തി അനന്തമാണ്. എന്തെന്നാൽ ഈ ബലി നമുക്കായി നമ്മിൽ ദൈവപുത്രൻ തന്നെയാണ് സ്വർഗ്ഗസ്ഥനായ പിതാവിനു സമർപ്പിക്കുന്നതു്. ദിവ്യരക്ഷകൻെറ വാക്കിൽ "പാപങ്ങളുടെ മോചനത്തിനായി വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ" തൻെറ രക്തം നമ്മുടെ അനുദിന പാപങ്ങൾക്കു പരിഹാരബലിയായി കത്തോലിക്കാ അൾത്താരകളിൽക്കൂടി നാം ദൈവത്തിനു വീണ്ടും വീണ്ടും സമർപ്പിക്കുന്നു. നമ്മുടെ പാപങ്ങളുടെമേൽ ഉത്തമമനസ്താപപ്പെട്ട് വിശുദ്ധ കൂദാശകൾ യോഗ്യതയോടുകൂടി സ്വീകരിക്കുന്നതിനും പ്രസാദവരങ്ങൾ ധാരാളമായി സ്വായത്തമാക്കുന്നതിനും വി. കുർബാന നമ്മെ പ്രാപ്തരാക്കും.

നമ്മുടെ പാപങ്ങൾക്കു മാത്രമല്ല, മറെറല്ലാ മനുഷ്യരുടെയും പാപങ്ങൾക്കു പരിഹാരമായും ദിവ്യബലി നമുക്കു സമർപ്പിക്കാം. നമ്മുടെ ബന്ധുമിത്രാദികളുടെയും അയൽവാസികളുടെയും പാപപരിഹാരത്തിനും കഠിനപാപികളുടെ മാനസാന്തരത്തിനുംവേണ്ടി നാം പ്രാർത്ഥിക്കണം. ശുദ്ധീകരസ്ഥലത്തിൽ യാതനയനുഭവിക്കുന്നവരുടെ ആത്മാക്കളെയും നാം വിസ്മരിക്കരുതു്. അവർ **ആശ്വാസം കണ്ടെത്തി നിത്യഭാഗ്യമടയുന്നതിനു് ഏററവും ഫലപ്രദമായ പ്രാർത്ഥന ദിവ്യബലിയാണു്.** ഈ നിയോഗങ്ങൾക്കായി നാം

അനുദിനം കുർബാന കാണുകയും കഴിയുമ്പോഴെല്ലാം കുർബാന ചൊല്ലിക്കുകയും ചെയ്യുന്നതിൽനിന്നുളവാകുന്ന ഫലങ്ങൾ എത്രയെന്നു കണക്കില്ല. വി. മോനിക്കാ മരണസമയത്തു് തന്റെ പുത്രൻ വി. അഗസ്തീനോസിനോടു ചെയ്ത അവസാന അഭ്യർത്ഥന "എല്ലായിടത്തും ദൈവത്തിന്റെ അൾത്താരയിൽ എന്നെ നീ ഓർക്കണം" എന്നായിരുന്നു.

"നമുക്കാവശ്യമുള്ള എല്ലാ ദൈവാനുഗ്രഹങ്ങളും ലഭിക്കുന്നതിന് ദിവ്യബലിയെപ്പോലെ ശക്തിയേറിയ വേറൊരു പ്രാർത്ഥനയില്ല. വി. കുർബാന ഏററവും ഉന്നതമായ പ്രാർത്ഥനയായതിനാൽ കുർബാന നേരത്തു് മററു പ്രാർത്ഥനകളിൽ വ്യാപൃതരാകുന്നതു ഉചിതമല്ല. ദിവ്യബലിയിൽ നമ്മുടെ ശരീരത്തിനും ആത്മാവിനുംവേണ്ട എല്ലാ അനുഗ്രഹങ്ങളും ഈശോയുടെ നാമത്തിൽ നമുക്ക് നിത്യപിതാവിനോടു പ്രാർത്ഥിക്കാം. ഈശോയുടെ നാമത്തിൽ നാം പിതാവിനോടു ചോദിക്കുന്നതെല്ലാം അവിടുന്നു നമുക്കു തരുമെന്ന് ഈശോ വാഗ്ദാനം ചെയ്തിട്ടുണ്ട്.[3] നമ്മുടെ ഏററവും നല്ല മദ്ധ്യസ്ഥനായ ഈശോതന്നെയാണ് വി. കുർബാനയിൽ നമുക്കായി പ്രാർത്ഥിക്കുന്നത്. ഈശോയുടെ പ്രാർത്ഥന ദൈവം ഒരിക്കലും ശ്രവിക്കാതിരിക്കുകയില്ല. ക്രിസ്തു, കാലിത്തൊഴുത്തിൽ പിറന്നതുമുതൽ കുരിശുമരത്തിൽ മരിച്ചതുവരെ സമ്പാദിച്ചിട്ടുള്ള എല്ലാ വരപ്രസാദങ്ങളും, സ്വർഗ്ഗസ്ഥനായ പിതാവിന് ദിവ്യബലിയിൽ നമ്മുടെ പേർക്കായി ഇടവിടാതെ സമർപ്പിക്കുന്നു; പിതാവു് ഈശോയിൽ പ്രീതനായി ഈശോവഴി നമ്മുടെ അഭ്യർത്ഥനകളെല്ലാം സാധിച്ചുതരികയും ചെയ്യുന്നു.

വി. കുർബാന നമുക്കാവശ്യമായ എല്ലാ നന്മകളും ലഭിച്ചുതരുന്നതിനെന്നപോലെ, നമുക്ക് ഹാനികരമായ എല്ലാ തിന്മകളും നീക്കിത്തരുന്നതിനും ശക്തിയുള്ളതാണ്. ചിലപ്പോൾ നാം ആവശ്യപ്പെടുന്നവ ദൈവം ഉടൻ തന്നില്ലെന്നുവന്നേക്കാം. എന്നാൽ ഇതിൽ നാം നിരാശപ്പെടാതെ എളിമയോടും ശരണത്തോടുംകൂടി നമ്മുടെ പ്രാർത്ഥന തുടർന്നുകൊണ്ടുപോകണം. പ്രാർത്ഥനയ്ക്കു വേണ്ട ഒരു പ്രധാനഗുണം ദൈവതിരുമനസ്സിനു പൂർണ്ണമായി യോജിച്ച് ആ തിരുമനസ്സ് നിറവേറുവാൻ ആഗ്രഹിക്കുകയെന്നതാണ്. ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചിരുന്നിടത്തോളംകാലം അവിടുത്തെ ശ്രദ്ധയെല്ലാം ദൈവതിരുമനസ്സു

നിറവേററുന്നതിലായിരുന്നു. "എന്നെ അയച്ചവൻെറ ഇഷ്ടം നിറവേററുകയും അവൻെറ ജോലി നിർവ്വഹിക്കുകയുമാണ് എൻെറ ഭക്ഷണം." "എൻെറ ഇഷ്ടമല്ല പിന്നെയോ അങ്ങെയുടെ ഇഷ്ടം നിറവേററട്ടെ."[4] എന്നീ വാക്കുകളിൽനിന്നു ക്രിസ്തു ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്വഴങ്ങി അവിടുത്തേക്കുവേണ്ടിമാത്രം ജീവിച്ചിരുന്നു എന്നു തെളിയുന്നു. ദൈവമാതാവായ പരിശുദ്ധ കന്യകമറിയം സമ്പാദിച്ച എണ്ണമില്ലാത്ത വരപ്രസാദങ്ങൾക്കും കാരണം അവൾ ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്വഴങ്ങി ജീവിച്ചു എന്നതാണ്. അതിനാൽ ഇവരുടെയും മററു പുണ്യവാന്മാരുടെയും മാതൃക നമുക്കും പിൻചെല്ലാം. നമ്മുടെ പ്രാർത്ഥന ദൈവചിത്തം നമ്മിൽ എപ്പോഴും നിറവേററട്ടെ എന്നായിരിക്കണം. അതാണ് പരിശുദ്ധതയുടെയെല്ലാം ഉറവ. ഇപ്രകാരം ദൈവതിരുച്ചിത്തത്തിനു കീഴ്വഴങ്ങിയുള്ള നമ്മുടെ അഭ്യർത്ഥനകൾ ദൈവം തീർച്ചയായും സാധിച്ചുതരും. നമ്മുടെ ശരീരത്തിനോ ആത്മാവിനോ ഹാനികരമായവ ദൈവം തരികയില്ല. ഒരു കൊച്ചുകുഞ്ഞ് എരിഞ്ഞുകൊണ്ടിരിക്കുന്ന വിറകുതുണ്ടോ, മൂർച്ചയേറിയ കത്തിയോ എത്രമാത്രം ശാഠ്യം പിടിച്ചു ചോദിച്ചാലും അമ്മ അതിനു കൊടുക്കുകയില്ല. ഇതുപോലെ അനന്ത സ്നേഹത്തോടും വാത്സല്യത്തോടുംകൂടി നമ്മെ വളർത്തിക്കൊണ്ടുവരുന്ന സ്വർഗ്ഗസ്ഥനായ പിതാവ് നമുക്കു ഹാനികരമായവ ഒരിക്കലും തരികയില്ല.

നമ്മുടെ ആത്മരക്ഷക്കുതകുന്ന എല്ലാ പ്രസാദവരങ്ങളും കുർബാനയിൽ ദൈവം നമുക്കു ധാരാളമായി തരും. പരിശുദ്ധാത്മാവിയുടെ ദാനങ്ങളാൽ നമ്മെ നിറച്ച്, നാം സ്നേഹത്തിലും സമാധാനത്തിലും സന്തോഷത്തിലും വളന്ന് പുണ്യപൂർണ്ണത പ്രാപിക്കുവാൻ ദിവ്യബലി നമ്മെ സഹായിക്കുന്നു. നമ്മുടെ കർത്തവ്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നതിനുള്ള ശക്തിയും, പ്രലോഭനങ്ങളെ എതിർത്ത് ലോകം പിശാച് ശരീരം ഇവയോട് മല്ലിടുന്നതിനുള്ള ബലവും, ഇഹലോകവാസത്തിൽ നമുക്കുണ്ടാകുന്ന നിരവധി കുരിശുകളാകുന്ന കഷ്ടാരിഷ്ടതകൾ സന്തോഷത്തോടെ സഹിച്ച് അവയെ നമ്മുടെ അനുദിനബലിയായി നിത്യപിതാവിനു സമർപ്പിക്കുന്നതിനുള്ള മനസ്ഥൈര്യവും, വിഷമപ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും ദൈവനിശ്ചയപ്രകാരമുള്ള ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്നതിനുമുള്ള സഹായവും, കടശി

ഭാഗ്യമരണം പ്രാപിക്കുവാനുള്ള അനുഗ്രഹവും ദിവ്യബലിയിൽ നാം കണ്ടെത്തും. എന്നാൽ വി. കുർബാനയുടെ നേരത്ത് നമ്മുടെ ശ്രദ്ധ മുഴുവൻ നമ്മിൽമാത്രം കേന്ദ്രീകരിക്കുവാൻ അനുവദിക്കരുത്. വി. കുർബാനയിൽ നാം തിരുസ്സഭക്കും അതിന്റെ എല്ലാ ആവശ്യങ്ങൾക്കും അതിലെ ഓരോ അംഗത്തിനുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. ദിവ്യരക്ഷകൻ മനുഷ്യവർഗ്ഗത്തിന്റെ മുഴുവന്റെയും രക്ഷയ്ക്കാണ് കുരിശിലെ ബലി അർപ്പിച്ചത്. അതിനാൽ ഓരോ കുർബാനയിലും ദിവ്യരക്ഷകനുണ്ടായിരുന്ന ആ നിയോഗം നമുക്കുമുണ്ടായിരിക്കണം. മനുഷ്യവർഗ്ഗം മുഴുവനും ഒന്നുചേർന്ന് വി. കുർബാനയിൽ സത്യദൈവത്തെ ആരാധിക്കുന്ന ദിവസം വേഗം ആഗതമാകട്ടെ!

ദൈവത്തെ ആരാധിച്ച് അവിടുത്തെ അനന്ത നന്മകൾക്ക് കൃതജ്ഞതാസ്തോത്രം ചെയ്യുക, മനുഷ്യരുടെ പാപങ്ങൾക്ക് ക്ഷമ യാചിച്ച് ദൈവാനുഗ്രഹങ്ങൾ അഭ്യർത്ഥിക്കുക– ഇവയായിയിരുന്നു കുരിശിലെ ബലിയിൽ ദിവ്യരക്ഷകനുണ്ടായിരുന്ന ഉദ്ദേശ്യങ്ങൾ. ഈ ഉദ്ദേശ്യങ്ങൾക്കുവേണ്ടിത്തന്നെയാണ് തിരുസ്സഭ ദിവ്യബലി ദൈവത്തിന് അനവരതം അർപ്പിക്കുന്നത്. വി. കുർബാനയുടെ പ്രധാന ഭാഗങ്ങളേയും അവയിൽ വൈദികൻ ചൊല്ലുന്ന പ്രാർത്ഥനകളേയും ചെയ്യുന്ന ക്രിയകളേയുംകുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണം ഈ ഉദ്ദേശ്യങ്ങൾ കുറേക്കൂടി വ്യക്തമാക്കുന്നതിനും തൽഫലമായി ദിവ്യബലിയിൽ കൂടുതൽ ഭക്തിപൂർവ്വം പങ്കെടുത്ത് ധാരാളം വരപ്രസാദങ്ങൾ സമ്പാദിക്കുന്നതിനും നമ്മെ സഹായിക്കും.

---

1. Luke 17/17
2. Rom 8/32
3. John 16/23
4. Mathew 26/39

## 6. ദിവ്യബലിയുടെ പ്രധാന ഭാഗങ്ങൾ

ഗാഗുൽത്തായിലെ ബലിമൂലം സമ്പാദിച്ച അളവില്ലാത്ത വരപ്രസാദങ്ങളിൽ നാം പങ്കുപററി മോക്ഷാനന്ദഭാഗ്യം അടയുന്നതിനാണ് ദൈവരക്ഷകൻ വി. കുർബ്ബാനയാകുന്ന തൻെറ കുരിശിലെ ബലിയെ അവിടുത്തെ മണവാട്ടിയായ തിരുസ്സഭയ്ക്കു കൊടുത്തതു്. തിരുസ്സഭയോ ഈ ദാനത്തെ തൻെറ അമൂല്യനിധിയായിക്കരുതി ആദ്യകാലംമുതലേ ഈ ബലിയെ ഏററവും ഭക്ത്യാദരപൂർവ്വം ദൈവത്തിനു സമർപ്പിച്ചുവന്നു. ദിവ്യബലിയുടെ അനന്ത വല്ലഭം നമ്മെ മനസ്സിലാക്കുന്നതിനും അതർപ്പിക്കുന്നവർ എത്രമാത്രം പരിശുദ്ധരായിരിക്കണമെന്നു് നമ്മെ ഉൽബോധിപ്പിക്കുന്നതിനും അതിനായി നമ്മെ തയ്യാറാക്കുന്നതിനും തിരുസ്സഭ ചില പ്രാർത്ഥനകൾ ഈ ദിവ്യബലിക്ക് ആമുഖമായിച്ചേർത്തിട്ടുണ്ടു്. അന്ത്യഭോജനസമയത്തു് ദിവ്യരക്ഷകൻ സ്ഥാപിച്ച കുർബ്ബാനയുടെ മൂന്നു പ്രധാന ഭാഗങ്ങൾ കാഴ്ചവെപ്പും, പവിത്രീകരണവും, കുർബ്ബാനയുടെ സ്വീകരണവുമായിരുന്നു. അന്ത്യഭോജനസമയത്തുതന്നെ ദിവ്യഗുരു തൻെറ ശ്ലീഹന്മാരുടെ കാലുകൾ കഴുകി തൻെറ ഉപദേശങ്ങളാൽ അവരെ പരിശുദ്ധരാക്കി തൻെറ ബലിയിൽ അവരെ ഭാഗഭാക്കുകളാക്കുവാൻ എല്ലാപ്രകാരം ഒരുക്കി എന്നു നാം കണ്ടു. ഈ മാതൃകയനുസരിച്ച് തിരുസ്സഭയും ദിവ്യബലിയുടെ പ്രഥമ ഭാഗമായ കാഴ്ചവെപ്പിനുമുമ്പ് പല മതകർമ്മങ്ങളും പ്രാർത്ഥനകളുംമൂലം വിശ്വാസികളെ വി. കുർബ്ബാനയിൽ സജീവവും ബുദ്ധിപൂർവ്വവുമായ പങ്കെടുക്കുവാൻ പ്രാപ്തരാക്കുന്നു. അതിനാൽ വി. കുർബ്ബാനയുടെ ആദ്യഭാഗത്തെ ആമുഖ കുർബ്ബാനയെന്നു വിളിക്കാറുണ്ടു്.

ആമുഖ കുർബ്ബാനയിൽ വിശ്വാസികൾ മാത്രമല്ല, ജ്ഞാനസ്നാനം സ്വീകരിക്കുവാനായി അദ്ധ്യയനം ചെയ്തുകൊണ്ടിരുന്ന സ്ഥാനാർത്ഥികളും സന്നിഹിതരായിരുന്നു. അതിനാൽ ഈ ഭാഗത്തെ സ്ഥാനാർത്ഥികളുടെ കുർബ്ബാന അഥവാ അദ്ധ്യയന കുർബ്ബാനയെന്നും വിളിക്കാറുണ്ടു്. തിരുസ്സഭയുടെ ആദ്യശതകങ്ങളിൽ ജ്ഞാനസ്നാന സ്വീകരണത്തിനായി തയ്യാറാവുന്ന അക്രൈസ്തവർ ധാരാളമുണ്ടായിരുന്നു. അവർക്ക് ആമുഖ കുർബ്ബാനയിൽ മാത്രമേ പങ്കെടുക്കുവാൻ സാദ്ധ്യമായിരുന്നുള്ളു. എന്തെ

നാൽ ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗമായവർ മാത്രമേ സാക്ഷാൽ കർബാനയിൽ പങ്കെടുക്കുവാൻ അവകാശമുള്ളു. ജ്ഞാനസ്നാനം സ്വീകരിച്ചവർ മാത്രമേ ഈശോയോടുകൂടി ദിവ്യബലിയെ നിത്യപിതാവിനു സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. അതിനാൽ ആമുഖ കർബാനയ്ക്കുശേഷം അതായത് കാഴ്ചവെപ്പിനുമുമ്പ് അദ്ധ്യേതാക്കളായ അക്രൈസ്തവർ ദേവാലയത്തിനു വെളിക്കു പോകേണ്ടിയിരുന്നു.

നമ്മെ ദിവ്യബലി അർപ്പിക്കുന്നതിന് ഒരുക്കുകയാണ് ആമുഖ കർബാനയുടെ പ്രധാന ഉദ്ദേശ്യം. ദിവ്യഗുരു ആരാധ്യമായ അത്താഴബലി അർപ്പിക്കുവാൻ പലവിധ ഒരുക്കങ്ങൾ ചെയ്തെങ്കിൽ, ദിവ്യസന്നിധിയിൽ പ്രവേശിക്കുന്നതിനു് എത്രയും അയോഗ്യരും പാപികളുമായ നാം അതിലുപരിയായി ഒരുങ്ങേണ്ടതു് അത്യാവശ്യമാണ്. പുരോഹിതൻ തിരുവസ്ത്രങ്ങളണിഞ്ഞ് പീഠത്തിൻകീഴിൽവന്ന് കുരിശടയാളം വരച്ച് കർബാന ആരംഭിക്കുന്നു. ഈ കുരിശടയാളം താൻ കുരിശിലെ ബലി തന്നെയാണ് കൂദാശയ്ക്കടുത്തവിധം പ്രതിനിധീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുന്നു. എന്നാൽ ഈ ബലി അർപ്പിക്കുവാൻ നാം എത്രയോ അയോഗ്യരാണ്? തൻെറയും താൻ പ്രതിനിധീകരിക്കുന്ന വിശ്വാസികളുടെയും പാപമോചനത്തിനായി വൈദികൻ താഴ്മയോടെ 'ഞാൻ പിഴയാളി' എന്ന ജപം ചൊല്ലി പ്രാർത്ഥിക്കുന്നു. ഇതിനുശേഷം വൈദികൻ പീഠത്തിലേക്കു പ്രവേശിച്ച് അതിൽ ഉൾക്കൊള്ളുന്ന പുണ്യാവശിഷ്ടങ്ങൾ മുത്തുകയും പീഠകീർത്തനങ്ങൾ വായിക്കുകയും ചെയ്യുന്നു. ത്രിതൈ്വക സർവ്വേശ്വരനെ ആരാധിച്ച് പുകഴ്ത്തുവാനാണ് ഈ കീർത്തനങ്ങളും പ്രാർത്ഥനകളും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

ഇപ്രകാരം നാം ഈ പ്രാർത്ഥനകൾമൂലം നമ്മുടെ പാപങ്ങൾ ഏററു പറഞ്ഞ് നമ്മുടെ അയോഗ്യതയേയും ഇല്ലായ്മയേയും സമ്മതിച്ച് ദൈവത്തെ നമ്മുടെ സർവ്വവുമായി ആരാധിച്ചു വണങ്ങുമ്പോൾ, ഇതിനു മറുപടി എന്നപോലെ ദൈവം നമ്മോടു സംസാരിക്കുവാനായി വരുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും ഉൾപ്പെട്ട ദൈവവചനമാണ് നാം തുടർന്നു ശ്രവിക്കുവാൻ പോകുന്നത്. എല്ലാ കർബാനയിലും വേദപുസ്ത

കങ്ങളിൽനിന്നും രണ്ടു വായനകൾ പതിവാണ്. ഇവയിൽ ഒന്ന് നാലു സുവിശേഷങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്നും, മറേറത് പഴയനിയമത്തിൽനിന്നോ അപ്പസ്തോലന്മാരുടെ ലേഖനങ്ങളിൽനിന്നോ എടുത്തതുമായിരിക്കും. സുവിശേഷവായനയ്ക്കു മുമ്പു വരുന്ന ലേഖനപാരായണം ഈശോതന്നെ അരുളിച്ചെയ്ത വാക്കുകൾ ശ്രവിക്കുവാൻ നമ്മെ തയ്യാറാക്കുന്നു. ദിവ്യരക്ഷകൻ ഭൂജാതനായതു് നമ്മുടെ അജ്ഞാനാന്ധകാരം നീക്കി നമ്മെ സത്യവെളിച്ചത്തിലേയ്ക്കു നയിക്കുവാനാണ്. അതിനാൽ അവിടുത്തെ വാക്കുകളും പ്രവൃത്തികളുമടങ്ങിയ സുവിശേഷങ്ങളാണ് നമ്മുടെ ജ്ഞാനനിക്ഷേപം. പരിശുദ്ധതയിൽ വളരുന്നതിനും ദൈവരാജ്യം പ്രാപിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ അവ നമുക്കു കാണിച്ചു തരുന്നു. ദൈവവചനങ്ങളെ ഭക്ത്യാദരപൂർവ്വം ശ്രവിച്ച്, അവ അനുസരിച്ച് നമ്മുടെ ജീവിതത്തെ നവീകരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് തിരുസ്സഭ ഈ വേദപാരായണങ്ങൾ ആഘോഷ കർബാനയിൽ ചേർത്തിരിക്കുന്നത്. സുവിശേഷത്തോട് നമ്മുടെ ആദരവു കാണിക്കുവാനായി നാം എഴുന്നേററുനിന്നു ശ്രവിക്കുന്നു.

സുവിശേഷ വായനയ്ക്കുശേഷം ചിലപ്പോൾ വൈദികൻ വേദവാക്യങ്ങളെ വ്യാഖ്യാനിച്ചു പ്രസംഗിക്കാറുണ്ട്. എന്തെന്നാൽ വേദവാക്യങ്ങൾ എപ്പോഴും എല്ലാവർക്കും സുഗ്രാഹ്യമല്ല. പ്രത്യേകിച്ച് അതിലെ ദുർഘടഭാഗങ്ങൾ വ്യാഖ്യാനിച്ചു മനസ്സിലാക്കിക്കൊടുക്കുവാൻ വൈദികൻ കടപ്പെട്ടവനുമാണ്. വിശ്വാസികൾ അവ ശ്രവിക്കുവാൻ ബാധ്യസ്ഥരുമാണ്. ഈ വായനകളും പ്രസംഗവും സാധാരണ വിശ്വാസപ്രമാണത്തിന്റെ പാരായണത്തോടുകൂടി അവസാനിക്കുന്നു. വിശ്വാസപ്രമാണം വഴി നാം തിരുസ്സഭ പഠിപ്പിക്കുന്ന സത്യങ്ങളിൽ നമുക്കുള്ള സ്ഥിരവിശ്വാസത്തേയും അവ അനുസരിച്ചു ജീവിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയേയും പുതുക്കുന്നു. പാട്ടുകർബാനകളിൽ ആഘോഷ കർബാനയിലുള്ള പ്രാർത്ഥനകളും കീർത്തനങ്ങളും വളരെ ആഘോഷപൂർവ്വം കൊണ്ടാടാറുള്ളതുകൊണ്ടു് ഈ ഭാഗം മററു ഭാഗങ്ങളെ അപേക്ഷിച്ച് കൂടുതൽ സമയമെടുക്കും.

വിശ്വാസികളുടെ കർബാന ആരംഭിക്കുന്നത് കാഴ്ചവെപ്പോടുകൂടിയാണ്. അപ്പവും വീഞ്ഞും ദൈവത്തിനു സമർപ്പിക്കുന്ന ഭാഗം കർബാനയുടെ ഒരു പ്രധാന ഘടകമാണ്. നാം

ദൈവത്തിന്നർപ്പിക്കുന്ന അപ്പവും വീഞ്ഞും എന്തത്ഥം ഉൾക്കൊള്ളുന്നു എന്നു ശരിയായി മനസ്സിലാക്കിയെങ്കിലേ കർബാനയിൽ സജീവമായ പങ്കെടുക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ., വെറും സാമൂഹ്യ നടപടിപ്രകാരം മനുഷ്യൻ തൻെറ സ്നേഹവും ആദരവും കൃതജ്ഞതയും കാണിക്കുവാനായി സ്നേഹിതന്മാക്കോ, തൻെറ മേൽ അധികാരമുള്ളവക്കോ ചില ദാനങ്ങൾ കൊടുക്കുന്നു. പിതാവിൻെറ പിറന്നാളിൽ പുത്രൻ പിതാവിനു കൊടുക്കുന്ന സമ്മാനം ഇതിനൊരുദാഹരണമാണ്. ഈ സമ്മാനംവഴി പുത്രൻ എന്താണ് വിവക്ഷിക്കുന്നതു്? സമ്മാനമായി കൊടുക്കുന്ന സാധനത്തെയോ അതിൻെറ വിലയെയോ ഒരുത്തരും കാര്യമായി ഗണിക്കുന്നില്ല. പിതാവിന് പുത്രൻെറ സമ്മാനം അവശ്യമില്ല. എന്തെന്നാൽ വേണമെങ്കിൽ പിതാവിനു് പുത്രൻ കൊടുക്കുന്ന വസ്തുക്കളേക്കാൾ കൂടുതൽ വിലയുള്ള ധാരാളം വസ്തുക്കൾ വാങ്ങുവാൻ സാധിക്കും. എന്നാൽ തൻെറ പുത്രനിൽനിന്നു ലഭിച്ച സമ്മാനത്തിൽ പിതാവു് സന്തോഷിച്ചു് ചാരിതാത്ഥ്യമടയുന്നു. എന്തെന്നാൽ മകൻെറ സമ്മാനം ഒരു ചിഹ്നം അല്ലെങ്കിൽ അടയാളം മാത്രമാണ്. ഈ സമ്മാനം മകനു പിതാവിനോടുള്ള സ്നേഹത്തേയും ഭക്തിയേയും കുറിക്കുന്നു. ഓറവാക്കിൽ ആ സാധനം പുത്രനെത്തന്നെ കുറിക്കുന്നു. താൻ കൊടുക്കുന്ന സമ്മാനംവഴി പുത്രൻ തന്നെ മുഴുവനും പിതാവിൻെറ പൂണ്ണാധികാരത്തിനു സമപ്പിക്കുന്നു.

നമ്മുടെ സ്നേഹത്തിൻെറയും ആദരവിൻെറയും ചിഹ്നമായി നാം കൊടുക്കുന്ന ദാനം സ്വീകരിക്കപ്പെടുമ്പോഴാണ് ആ ദാനം പൂത്തിയാകുന്നതു്. ഉദാഹരണമായി, തന്നെ അനുസരിക്കാതെ തൻെറ കുടുംബത്തിനു കളങ്കം വരുത്തിവച്ച പുത്രൻെറ സമ്മാനം പിതാവു സ്വീകരിച്ചില്ലെന്നു വരാം. ആ സമ്മാനം പിതാവു സ്വീകരിക്കാതിരിക്കുന്നിടത്തോളംകാലം പുത്രൻെറ ദാനം പൂത്തിയാകുന്നില്ല; പുത്രനെ പിതാവു സ്വീകരിക്കുന്നുമില്ല. പുത്രൻെറ ദാനം എപ്പോൾ പിതാവു സ്വീകരിക്കുന്നുവോ, അപ്പോൾ പുത്രനെയും സ്വീകരിച്ചു് അവനെ ആശ്ലേഷിച്ചു സ്നേഹിക്കുന്നു. ഇപ്രകാരം പുത്രൻ കൊടുക്കുന്ന സമ്മാനം അവനു പിതാവിനോടുള്ള സ്നേഹത്തേയും, പിതാവിനെ അനുസരിച്ചു നടന്നുകൊള്ളാമെന്നുള്ള മനോഭാവത്തേയും, പിതാവിനോട്ട് സ്നേഹബന്ധത്തിൽ ഐക്യപ്പെടുവാനുള്ള അഗ്രഹ



തിരുശ്ശരീരം ഉയൎത്തുന്നു.

ത്തേയും പ്രത്യക്ഷപ്പെടുത്തുന്നു. പിതാവു് ആ ദാനം സ്വീകരിക്കുമ്പോൾ പുത്രന്റെ അഭിലാഷങ്ങളെല്ലാം സാഫല്യമടയും. ആ ദാനം പിതാവും പുത്രനും തമ്മിലുള്ള സ്നേഹബന്ധത്തെക്കുറിക്കുന്നു.

ഇതുപോലെ നമ്മുടെ എല്ലാവരുടെയും പിതാവായ സ്വർഗ്ഗസ്ഥനായ ദൈവത്തോടു് ഐക്യപ്പെട്ടു് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കണമെന്ന ആഗ്രഹത്തോടെ നമ്മുടെ എളിയ ദാനങ്ങൾ അവിടുത്തേക്കു് നാം സമർപ്പിക്കുന്നു. നമ്മുടെ സ്രഷ്ടാവും എല്ലാ നന്മകളുടെയും നിദാനവുമായ സർവ്വശക്തനായ ദൈവം എത്രയോ മഹത്വമേറിയവനാണു്! അവിടുത്തോടു് താരതമ്യപ്പെടുത്തി നോക്കുമ്പോൾ കേവലം കൃമിസദൃശനായ മനുഷ്യൻ എവിടെ? എല്ലാ സൃഷ്ടികളേക്കാളും അനന്തമായ ആദരവിനും ഭക്തിക്കും സ്നേഹത്തിനും പാത്രമായ ദൈവത്തിനുമാത്രം അർപ്പിക്കുന്ന ദാനത്തിനാണു് ബലി എന്നു പറയുന്നതു്. നാം ദൈവത്തിനു സമർപ്പിക്കുന്ന ദാനം അവിടുത്തേക്കു നമുക്കുള്ള ഭക്ത്യാദരങ്ങളും കൃതജ്ഞതയും മാത്രമല്ല, ദൈവത്തിന്റെ സർവ്വവല്ലഭത്തേയും പ്രതാപത്തേയും ഏറ്റു പറഞ്ഞു് അവിടുത്തെ അനുസരണയുള്ള ദാസരായി എപ്പോഴും ജീവിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയും ഉൾക്കൊള്ളുന്നു.

വി. കുർബാന തിരുസ്സഭ മുഴുവന്റെയും ബലിയായതിനാൽ കത്തോലിക്കാ അൾത്താരകളിൽനിന്നു് അർപ്പിക്കപ്പെടുന്ന ആ ബലിയിൽ എല്ലാ വിശ്വാസികൾക്കും, പ്രത്യേകിച്ചു് ദിവ്യപൂജയുടെ സമയത്തു് സന്നിഹിതരായിരിക്കുന്നവർക്കു് ഒരു പങ്കുണ്ടു്. അതിനാൽ കാഴ്ചവെപ്പു സമയത്തു് തിരുസ്സഭയുടെ പ്രതിനിധിയായ വൈദികനോടുചേർന്നു് എല്ലാ വിശ്വാസികളും അപ്പവും വീഞ്ഞും ദൈവത്തിനു സമർപ്പിക്കുന്നു. തിരുസ്സഭയുടെ ആദ്യകാലങ്ങളിൽ നടപ്പിലിരുന്ന ആചാരം ഈ വസ്തുത തെളിവായി എടുത്തു കാണിച്ചിരുന്നു. പൂർവ്വകാലങ്ങളിൽ വിശ്വാസികൾ ഓരോരുത്തരും കുർബാനയ്ക്കുവേണ്ട അപ്പവും വീഞ്ഞും കൊണ്ടുവന്നു കാഴ്ചവെയ്ക്കുമായിരുന്നു. ഇവയിൽ കുർബാനയ്ക്കു് ആവശ്യമായതുമാത്രം എടുക്കുകയും ശേഷിച്ചവ സാധുക്കൾക്കു കൊടുക്കുകയും ചെയ്യുക പതിവായിരുന്നു. ഇന്നു് ഓരോ വിശ്വാസിയും തനിയേ അപ്പവും വീഞ്ഞും സമർപ്പിക്കുന്നില്ലെങ്കിലും, അവരുടെയും നാമത്തിലാണു് വൈദികൻ അപ്പവും

വീഞ്ഞും കാഴ്ചവയ്ക്കുന്നത്. അതിനാൽ കാഴ്ചവെപ്പ് വൈദിക ന്റെ മാത്രമല്ല നമ്മുടെ ഓരോരുത്തരുടേതുമാണ്.

ഒരു ചെറിയ അപ്പം മാത്രമാണ് വൈദികൻ ദൈവ ത്തിനു സമർപ്പിക്കുന്നത്. എന്നാൽ ആ അപ്പം എല്ലാ വിശ്വാസി കൾക്കുമായി നിലകൊള്ളുന്നു. അപ്പം എന്തിനെയാണ് കുറിക്കു ന്നത്? നമ്മുടെ ജീവനെക്കുറിക്കുന്നു. എന്തെന്നാൽ ആഹാരമി ല്ലാതെ നമുക്കു ജീവിക്കുവാൻ സാധിക്കുകയില്ല. കൂടാതെ ഈ അപ്പം നമ്മുടെ പ്രയത്നഫലമായി നാം സമ്പാദിച്ചതാണ്. അ തിനാൽ നമ്മുടെ ഓരോരുത്തരുടെയും പ്രയത്നങ്ങളേയും ബു ദ്ധിമുട്ടുകളേയും കുറിക്കുന്നതും നമ്മുടെ ജീവനെ നിലനിറുത്തി പോഷിപ്പിക്കുന്നതുമായ ഈ അപ്പം നമ്മുടെ ഓരോരുത്തരു ടെയും ജീവന്റെ ചിഹ്നമാണ്. അതുകൊണ്ടു് മററു പ്രാർത്ഥന കളിൽ വ്യാപൃതരാകാതെ നാം കാഴ്ചവെപ്പിൽ ചെയ്യുന്ന പ്രവൃ ത്തികളുടെ മാഹാത്മ്യം മനസ്സിലാക്കി അതിൽ സജീവമായ ഒരു പങ്കെടുക്കണം. നമ്മെ പ്രതിനിധീകരിക്കുന്ന അപ്പവും വീഞ്ഞുംമൂലം നാം നമ്മെ മുഴുവനും ദൈവത്തിനു സമർപ്പിക്കു കയാണു ചെയ്യുന്നതു്. ദൈവത്തെ ആരാധിച്ചു വണങ്ങി നന്ദി സ്തോത്രം ചെയ്തു് അവിടുത്തെ സ്നേഹം കേണപേക്ഷിക്കുകയാ ണ് നാം ഇപ്പോൾ ചെയ്യേണ്ടതു്.

നമുക്കായി നിലകൊള്ളുന്ന അപ്പവും വീഞ്ഞും വൈദി കൻ കാഴ്ചചെയ്യുമ്പോൾ, നമ്മെയും നമുക്കുള്ള സർവ്വത്തേയും ദൈവത്തിനു കാഴ്ച കൊടുക്കണം. നമ്മുടെയും നമ്മുടെ ബന്ധു മിത്രാദികളുടെയും കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ദുഃഖങ്ങളും, അപ്പവും വീഞ്ഞും സ്ഥിതിചെയ്യുന്ന കാസായിലും പീലാസായി ലും നമുക്കു നിക്ഷേപിക്കാം. അവയെല്ലാം ദൈവം പരിശുദ്ധ മാക്കി അവ നമ്മുടെ സന്തോഷത്തിനു കാരണമാക്കട്ടെ. അവി ടുന്നല്ലാതെ വേറെയാക്ക് ഇവയെല്ലാം മാററിത്തരുവാൻ സാധി ക്കും? നമ്മുടെ ജീവിതത്തിലെ വിചാരവചനപ്രവൃത്തികളും ദൈവത്തിനു കാഴ്ചവെച്ചു് മേലിൽ അവിടുത്തേക്കുവേണ്ടിമാ ത്രം ജീവിച്ചുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്യാം. ദൈവാരാ ധനയിലടങ്ങിയിരിക്കുന്ന ഈ സ്വയം പരിത്യാഗമാണ് ബ ലിയുടെ കാതൽ. മേലിൽ നാം നമ്മുടെ സ്വേച്ഛകളെ അടക്കി അവിടത്തേക്കുവേണ്ടിമാത്രം ജീവിച്ചുകൊള്ളാമെന്നുള്ള തീരുമാനത്തേയും ദൈവത്തിനു കാഴ്ചയായി കൊടുക്കാം. സത്യ

ദൈവത്തെ അറിയാതെ അജ്ഞാനാന്ധകാരത്തിൽ വസിക്കുന്ന വരും രക്ഷ പ്രാപിക്കണമെന്നാണ് ദൈവതിരുമനസ്സ്. അതിനാൽ അവക്കുവേണ്ടിയും നാം പ്രാൎത്ഥിക്കണം. ദിവ്യബലി സമയത്തു് തിരുസ്സഭയുടെയും രാഷ്ട്രത്തിന്റെയും അധികാരികൾക്കായും പ്രാൎത്ഥിക്കുവാൻ മറക്കരുതു്. എല്ലാ കുർബാനയിലും വൈദികൻ മാൎപ്പാപ്പായ്ക്കും സ്വന്തം മെത്രാനുംവേണ്ടി പ്രാൎത്ഥിക്കുന്നുണ്ടു്. വൈദികന്റെ ഈ പ്രാൎത്ഥനയിൽ നമുക്കും ചേരാം.

കാഴ്ചവെപ്പിൽ നാം ദൈവത്തിന്നൎപ്പിക്കുന്ന ദാനങ്ങൾ കൊണ്ടു് നമ്മുടെ ബലി പൂൎത്തിയാകുന്നില്ല. ആ ദാനങ്ങൾ ദൈവം സ്വീകരിക്കുമ്പോൾമാത്രമേ നമ്മുടെ ബലി പൂൎത്തിയാകുകയുള്ളു. കുർബാനയിൽ വൈദികനോടുചേൎന്നു് നമ്മുടെ ദാനങ്ങൾ പരിശുദ്ധമാക്കി അവയെ സ്വീകരിക്കുവാൻ നിത്യപിതാവിനോടു് നാം താഴ്മയോടെ പ്രാൎത്ഥിക്കുന്നു. ദിവ്യബലി പിതാവു സ്വീകരിക്കണമെങ്കിൽ അതു് അവിടുത്തേയ്ക്കു യോഗ്യതയുള്ളതായിരിക്കണം. അവിടുത്തേയ്ക്കു സ്വീകാൎയ്യമായ ഒരേ ഒരു ബലി കുരിശിലെ ബലിയാണു്. അതിനാൽ ഈശോ ഈ ബലി നമ്മുടെയും ബലിയായിത്തരുവാൻ ചിത്തമായി. ദിവ്യരക്ഷകൻ നമ്മോടുകൂടി നമ്മിൽ തന്റെ കുരിശിലെ ബലിയെ ഇപ്പോൾ ഇതാ അൾത്താരയിൽ രക്തമയമല്ലാത്തവിധത്തിൽ അൎപ്പിക്കുവാൻ പോകുന്നു. ഇപ്രകാരം സാക്ഷാൽ ഈശോയുടെ കുരിശിലെ ബലി രക്തമയമല്ലാത്തവിധത്തിൽ പ്രതിനിധീകരിക്കപ്പെടുവാൻ പോകുന്നതു് കുർബാനയിലെ പവിത്രീകരണസമയത്താണു്. ഇതാണു് കുർബാനയിലെ സൎവ്വപ്രധാനവും സംപൂജ്യവുമായ ഭാഗം.

ഈശോയുടെ ശരീരത്തിന്റെയും രക്തത്തിന്റെയും ബലിയാണു് നാം അൎപ്പിക്കുവാൻ പോകുന്നതു്. ദിവ്യരക്ഷകൻതന്നെ അൾത്താരയിലേക്കു് എഴുന്നെള്ളിവന്നു് നാം കാഴ്ചയായി അൎപ്പിച്ച അപ്പത്തേയും വീഞ്ഞിനേയും തന്റെ ദിവ്യശരീരവും രക്തവുമായി മാറ്റുന്ന അത്ഭുതകൎമ്മമാണു് പവിത്രീകരണം. അന്ത്യഭോജനവേളയിൽ സംഭവിച്ചതുതന്നെ കുർബാനയിലും സംഭവിക്കുന്നു. അൾത്താരയിൽ അവിടുത്തെ സാന്നിദ്ധ്യം അദൃശ്യമാണെങ്കിലും ഈശോതന്നെയാണു് ബലി അൎപ്പിക്കുന്ന പുരോഹിതനും ബലിവസ്തുവും. ഈശോ പ്രത്യേകം അഭിഷേചിച്ചിട്ടുള്ള പുരോഹിതന്മാരുടെ കരങ്ങളാൽ തന്നെത്തന്നെ ബലിയാ

യി നിത്യപിതാവിനു സമർപ്പിക്കുന്നു. "അദൃശ്യകാർമ്മികനായ മിശിഹാ ദൃശ്യകാർമ്മികനായ പുരോഹിതൻെറ അധരങ്ങൾകൊണ്ടു് അരുളിച്ചെയ്യുകയും കരങ്ങൾകൊണ്ടു് പ്രവർത്തിക്കുകയും ചെയ്യുന്നു." [1] വൈദികൻ ഈശോയുടെ സ്ഥാനത്തുനിന്നുകൊണ്ടു് അപ്പത്തിൻെറമേൽ 'ഇതെൻെറ ശരീരമാകുന്നു' എന്നും, വീഞ്ഞിൻെറമേൽ 'ഇതെൻെറ രക്തമാകുന്നു' എന്നുമുള്ള കൂദാശവചനങ്ങൾ ഉച്ചരിക്കുമ്പോൾ അപ്പം ദിവ്യരക്ഷകൻെറ തിരുശ്ശരീരവും, വീഞ്ഞു് അവിടുത്തെ തിരുരക്തവുമായി വസ്തുമാറുന്നു.

ഈ വസ്തുമാററം ദിവ്യരക്ഷകൻെറ തിരുച്ചിത്തപ്രകാരം അതിന്നായി പ്രത്യേകം അധികാരം സിദ്ധിച്ചിട്ടുള്ള പുരോഹിതൻമൂലം ത്രിയേക ദൈവത്തിൻെറ ശക്തിയാൽ നിർവ്വഹിക്കപ്പെടുന്നെങ്കിലും സാധാരണ ഈ പ്രവൃത്തി, പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും പിതാവിൻെറയും പുത്രൻെറയും സ്നേഹത്തെക്കുറിക്കുന്നവനുമായ പരിശുദ്ധാത്മാവിൻേറതാണെന്നാണു് പറയുക. നാം അർപ്പിക്കുന്ന അപ്പവും വീഞ്ഞും സ്വീകരിച്ചു് ഈശോയുടെ ശരീരവും രക്തവുമായി മാററണമെന്നു് നാം പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. അപ്പം നമ്മുടെ കർത്താവിൻെറ ദിവ്യശരീരവും വീഞ്ഞു് അവിടുത്തെ തിരുരക്തവുമായി വസ്തുമാറുന്നതോടുകൂടി നമ്മുടെ ബലി ദൈവം സ്വീകരിക്കുന്നു. അൾത്താരയിൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൻകീഴിൽ സന്നിഹിതനായിരിക്കുന്ന ദിവ്യരക്ഷകനെ ആരാധിക്കുവാനായി വൈദികൻ തിരുശ്ശരീരവും തിരുരക്തവും ഉയർത്തുന്നു. ഈ സമയം നമ്മുടെ കർത്താവിനെ ഭക്തിപൂർവ്വം നോക്കി 'എൻെറ കർത്താവും എൻെറ ദൈവവും' എന്നു ജപിച്ചു് നമുക്കു അവിടുത്തെ ആരാധിക്കാം.

പവിത്രീകരണത്താൽ വി. കർബാനയിൽ കാൽവരിയിലെ ബലി തന്നെ പ്രതിനിധീകരിക്കപ്പെടുന്നു. കുരിശിൽ സംഭവിച്ചതുപോലെ വി. കർബാനയിൽ ഈശോയുടെ ശരീരവും രക്തവും കൂദാശ വചനങ്ങളുടെ ശക്തിയാൽ വെവ്വേറെ അൾത്താരയിൽ പ്രത്യക്ഷമാകുകയും ഈശോ തന്നെത്തന്നെ ബലിയായി നിത്യപിതാവിനു സമർപ്പിക്കുകയും ചെയ്യുന്നു. നാം അർപ്പിച്ചതും നമ്മെ പ്രതിനിധീകരിക്കുന്നതുമായ അപ്പവും വീഞ്ഞുമാണു് ഈശോയുടെ ശരീരവും രക്തവുമായി മാറുന്നതു്. അതിനാൽ ഈശോയിൽ നമ്മളും ഉൾപ്പെടുന്നു; ഈശോ അർപ്പി

ക്കന്ന ബലി നമ്മുടേതുമായിത്തീരുന്നു. ഈശോ നമ്മെ അവിടു ത്തെ മൗതികശരീരത്തിന്റെ അംഗങ്ങളാക്കി നമ്മോടുകൂടി, നമ്മിൽ തന്റെ കാൽവരിയിലെ ബലിതന്നെ സ്വർഗ്ഗസ്ഥനായ പിതാവിനു സമർപ്പിക്കുന്നു. വി. ആഗസ്തീനോസിന്റെ വാക്കിൽ "ഈശോയുടെ മൗതികശരീരമായ തിരുസ്സഭ അനുദിന ബലിമൂലം, തന്റെ തലവനായ ഈശോയിൽ തന്നെത്തന്നെ അർപ്പിക്കുവാൻ പഠിക്കുന്നു." 2 നാം സാക്ഷാൽ പരിശുദ്ധ കന്യകമറിയത്തോടുകൂടി കുരിശിലെ ബലി നിത്യപിതാവിനു സമർപ്പിക്കുകയാണു ചെയ്യുന്നതു്. അതിനാൽ ദൈവമാതാവി നുണ്ടായിരുന്ന ഭക്തിതീക്ഷ്ണതയോടുകൂടി ദിവ്യബലി അർപ്പിക്കു വാൻ നമ്മെ യോഗ്യരാക്കുന്നതിനു് ആ മാതാവിനോടു നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

നമ്മുടെ ദാനങ്ങൾ കുരിശിലെ ബലിവസ്തുവായി മാറുന്ന തിനാൽ, ആ ദാനങ്ങൾ പ്രതിനിധീകരിക്കുന്ന നമ്മളും നമ്മുടെ സ്വയം പരിത്യാഗവും, ദൈവചിത്തമനുസരിച്ചു ജീവിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയുമെല്ലാം ഈശോയിൽ നിത്യപിതാവി നു് അർപ്പിക്കപ്പെടുന്നു. നമ്മുടെ ദൈവസ്നേഹവും ആരാധനയുമെല്ലാം ഈശോയിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു; ഈശോ അവയെ തന്റെ ദൈവസ്നേഹത്തോടും ആരാധനയോടുംകൂടി ഒന്നായിച്ചേർത്തു് സ്വർഗ്ഗസ്ഥനായ പിതാവിനു് ഏററവും ആസ്വാദ്യവും ഏററവും സ്വീകാരയോഗ്യവുമായ ബലിയായി സമർപ്പിക്കുന്നു.

കുർബാനയാകുന്ന തന്റെ കുരിശിലെ ബലി, രക്തം ചിന്താത്തവിധം, നമ്മിൽക്കൂടിയാണു് — തിരുസ്സഭയിൽക്കൂടിയാണു് — ഈശോ നിത്യപിതാവിനു സമർപ്പിക്കുന്നതു്. അതിനാൽ വി. കുർബാനയുടെ മഹത്വത്തിനും ആ ബലിയിൽനിന്നു ലഭിക്കാവുന്ന പ്രസാദവരങ്ങൾക്കും കണക്കില്ല. കുരിശിലെ ബലിമൂലം നമുക്കായി സമ്പാദിച്ച അനന്തവരപ്രസാദങ്ങൾ കർബാനയിൽക്കൂടി ദിവ്യരക്ഷകൻ നമുക്കു തരുന്നു. ദിവ്യബലിയിൽനിന്നും നമുക്കു ലഭിക്കാവുന്ന പ്രസാദവരങ്ങളും നന്മകളും നമ്മുടെ ഓരോരുത്തരുടെയും കഴിവനുസരിച്ചിരിക്കും. നമ്മുടെ പ്രസാദവരവും ഭക്തിയും എത്ര കൂടുതലായിരിക്കുന്നുവോ, അത്രയും കൂടുതലായിട്ടാണു് ഓരോ ദിവ്യപൂജയുടെയും യോഗ്യതയിൽ നാം ഭാഗഭാക്കാകുന്നതു്.

---

1. Med. Dei no. 73 2. De Civitate Dei (Gihn 131).

# 7. കുർബാനയുടെ സ്വീകരണം

ദിവ്യബലിയുടെ സാരാംശം മുഴുവൻ പവിത്രീകരണത്തിൽ സ്ഥിതിചെയ്യുന്നെങ്കിലും, പവിത്രീകരണംകൊണ്ടുമാത്രം ബലി പൂർത്തിയാകുന്നില്ല. കാഴ്ചവെപ്പിൽ നാം നമ്മെ മുഴുവനും ദൈവത്തിനു സമർപ്പിച്ചു; പവിത്രീകരണത്തിൽ ദൈവം അതു സ്വീകരിച്ചു. നമ്മുടെ ബലി ദൈവം സ്വീകരിച്ച് ബലിയുടെ ലക്ഷ്യമായ ദൈവൈക്യത്തിലേക്ക് നമ്മെ പ്രവേശിപ്പിക്കുവാൻ അവിടുന്നിപ്പോൾ തിരുമനസ്സാകുന്നു. ഈ ഐക്യം വി. കുർബാനയുടെ സ്വീകരണംമൂലമാണ് പൂർത്തിയാകുന്നതു്. അതിനാൽ കുർബാനയുടെ സ്വീകരണം ദിവ്യബലിയുടെ ഒരു പ്രധാന ഭാഗമാണ്. ഓരോ കുർബാനയുടെയും പൂർത്തീകരണത്തിന് കാർമ്മികനായ വൈദികനെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കണം. വൈദികനോടുകൂടി മററു വിശ്വാസികളും ദിവ്യകാരുണ്യം സ്വീകരിക്കുന്നതു് ദിവ്യപൂജയുടെ പൂർത്തീകരണത്തിന് ആവശ്യമല്ലെങ്കിലും, അതു് ഏററവും യോഗ്യവും ഫലപ്രദവുമായ ഒരു കർമ്മമാണ്.

മുമ്പു പ്രസ്താവിച്ച ഉദാഹരണംതന്നെ എടുത്തു്, പിതാവിൻെറ പിറന്നാൾ ദിവസം പുത്രൻ ചില പലഹാരങ്ങൾ പിതാവിനു സമ്മാനമായി കൊടുക്കുന്നു എന്നു സങ്കല്പിക്കാം. പിതാവു് പുത്രൻെറ സമ്മാനം സ്വീകരിച്ചു് അവനെ താൻ സ്നേഹിക്കുന്നു എന്നു കാണിക്കുവാനായി ആ പലഹാരത്തിൽ ഒരു ഭാഗം പുത്രനും കൊടുത്തു് രണ്ടുപേരും ഒരുമിച്ചിരുന്നു ഭക്ഷിക്കുന്നു. ഈ ഭക്ഷണം അവർ രണ്ടുപേരും തമ്മിലുള്ള സ്നേഹബന്ധം വർദ്ധിപ്പിച്ചു് അവരെ അന്യോന്യം ഐക്യപ്പെടുത്തുന്നു. ഏതാണ്ടിപ്രകാരമാണ് ദൈവവും നമ്മുടെ കാഴ്ചകൾ സ്വീകരിച്ചു് അവയെ പവിത്രീകരിച്ചു് നമ്മെ അവിടുത്തെ സ്നേഹത്തിലേക്കും ഐക്യത്തിലേക്കും നയിക്കുവാൻ തിരുമനസ്സാകുന്നതു്. കുർബാനയുടെ സ്വീകരണം നമ്മുടെ പ്രാർത്ഥനകൾക്കും കാഴ്ചകൾക്കുമുള്ള ദൈവത്തിൻെറ മറുപടിയാണ്. ദൈവം ഇപ്പോൾ നമ്മിൽ പ്രീതനായി ഈശോയുടെ ശരീരവും രക്തവുംവഴി തന്നെത്തന്നെ നമ്മുടെ ആത്മാവിനു ഭക്ഷണപാനീയമായിത്തരുന്നു. ദിവ്യകാരുണ്യംവഴി ദൈവം നമ്മെ സ്വർഗ്ഗീയസദ്യയിൽ



വി. കുർബ്ബാന വിശ്വാസികൾക്കു നൽകുന്നു.

പങ്കാളികളാകുന്നു. ദിവ്യകാരുണ്യസ്വീകരണം, വരുവാൻ പോകുന്ന മോക്ഷാനന്ദത്തിന്റെ ആരംഭമാണ്; സ്വർഗ്ഗരാജ്യത്തിൽ ദൈവത്തെ മുഖത്തോടു മുഖം കണ്ടാനന്ദിക്കുന്നതിലാണ് അതിന്റെ പരിപൂർണ്ണത അടങ്ങിയിരിക്കുന്നത്.

എല്ലാ കൂദാശകളുടെയും കേന്ദ്രവും പരമാന്ത്യവുമായ വി. കുർബാന സ്വീകരിക്കുന്നതിൽപ്പരം മഹത്തായ ഒരു വരം നമുക്കീലോകത്തിൽ ലഭിക്കുവാനില്ല. "സർവ്വജ്ഞനും സർവ്വശക്തനും, സർവ്വസമ്പന്നനുമായ ദൈവത്തിനുപോലും ഈ കൂദാശയെ അതിശയിക്കുന്ന വേറൊരു മഹാകൃത്യം നിർവ്വഹിക്കുവാൻ ശക്യമല്ല." തന്റെ ശരീരവും രക്തവും നമ്മുടെ ഭക്ഷണപാനീയങ്ങളായിത്തന്നു് നമ്മുടെ ഹൃദയത്തിൽ എപ്പോഴും വസിച്ചു് നമ്മെ പരിശുദ്ധ ത്രിത്വവുമായി ഐക്യപ്പെടുത്തുവാൻ ദൈവരക്ഷകനു മാത്രമേ സാധിക്കുകയുള്ളു. അനന്തമായ ആരാധനയ്ക്കു യോഗ്യമായ ഈ കൂദാശയ്ക്കടുത്ത ഭക്തിയും വണക്കവും പ്രദർശിപ്പിക്കുവാൻ നാം എത്രയോ അയോഗ്യർ! ഈ കൂദാശയിൽ പ്രസാദവരങ്ങളുടെ എല്ലാം നിക്ഷേപമായ ദിവ്യരക്ഷകനെ—സ്വർഗ്ഗദൂതന്മാർ വീക്ഷിക്കുന്നതിനുപോലും ശങ്കിക്കുന്ന ദിവ്യരക്ഷകനെ—സ്വീകരിച്ചു് അവിടുത്തോടുകൂടി ഒരു മാംസവും രക്തവുമായി നാം രൂപാന്തരീഭവിക്കുന്നു. ഈ കൂദാശ ഈശോയ്ക്കു് നമ്മോടുള്ള അനന്ത സ്നേഹത്തിന്റെയും കരുണയുടെയും പ്രത്യക്ഷമായ അടയാളമാണ്. ഈശോതന്നെ അരുളിച്ചെയ്തു "ഒരു മനുഷ്യൻ തന്റെ സ്നേഹിതനെപ്രതി സ്വജീവനെ ത്യജിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല" എന്ന്. [1] എന്നാൽ ഈശോ നമുക്കുവേണ്ടി മരിക്കുക മാത്രമല്ല ചെയ്തതു്. മരണശേഷവും ഈ കൂദാശവഴി നമ്മോടുകൂടി നിത്യം ജീവിക്കുകയും നമുക്കുവേണ്ടി പ്രതിദിനം മരണമില്ലാത്തവനായി ബലി അർപ്പിക്കുകയും ചെയ്യുന്നു.

സ്നേഹത്തിന്റെ കൂദാശയായ വി. കുർബാന അനുദിനം സ്വീകരിക്കുവാൻ നാം നമ്മെത്തന്നെ ഒരുക്കണം. മിശിഹാനുകരണം പറയുന്നതുപോലെ ഒരു ജീവിതകാലം മുഴുവൻ വിനിയോഗിച്ചാലും വി. കുർബാന ഒരിക്കൽപോലും യോഗ്യതാപൂർവ്വം സ്വീകരിക്കുവാൻ തക്ക ഒരുക്കങ്ങൾ ചെയ്യാൻ നമുക്കു സാധ്യമല്ല. എന്നാൽ നമ്മുടെ ശക്തിക്കനുസരിച്ച ഒരുക്കങ്ങൾ ചെയ്താൽ, ഔദാര്യനിധിയായ ദിവ്യരക്ഷകൻ നമ്മുടെ കുറവു

കളെല്ലാം പരിഹരിക്കുവാൻ തയാറാണു്. നമ്മുടെ ഹൃദയങ്ങളിൽ എഴുന്നെള്ളിവരുവാൻ അവിടുന്നു് ആശാപൂർവ്വം കാത്തിരിക്കുകയാണു്. എന്തെന്നാൽ വി. കൊച്ചുത്രേസ്യായുടെ വാക്കിൽ "സ്വർണ്ണനിർമ്മിതമായ ഒരു പാത്രത്തിൽ ഇരിക്കുവാനല്ല മനുഷ്യഹൃദയത്തിൽ എഴുന്നെള്ളി അതിനെ ദൈവസ്നേഹത്തിൽ നിറയ്ക്കുവാനത്രേ ഈശോ വി. കുർബാന സ്ഥാപിച്ചിട്ടുള്ളതു്." നമ്മുടെ ആത്മാവിൽ യാതൊരു ചാവുദോഷവും ഇല്ലാതിരിക്കുകയാണ് വി. കുർബാന സ്വീകരിക്കുന്നതിനുവേണ്ട അതിപ്രധാനമായ ഒരുക്കം. ചാവുദോഷത്താൽ ആത്മാവിന്റെ ജീവനായ ദൈവവരപ്രസാദം നഷ്ടപ്പെട്ടു്, ആത്മാവു് മരിച്ചതിനു തുല്യമാകുന്നു. മരിച്ച ഒരു മനുഷ്യനു ഭക്ഷിക്കുവാൻ സാധിക്കുകയില്ല. ഇതുപോലെ ചാവുദോഷത്തിൽ ജീവിക്കുന്ന വിശ്വാസിക്കും ആത്മാവിന്റെ ഭക്ഷണമായ വി. കുർബാന സ്വീകരിക്കുവാൻ സാധിക്കുകയില്ല. അതിനാൽ ചാവുദോഷത്തിലായിരിക്കുന്നവൻ കുമ്പസാരത്താൽ അവന്റെ ആത്മാവിനെ ശുദ്ധമാക്കിയശേഷമേ ഈ ദിവ്യവിരുന്നിൽ സന്നിഹിതനാകുവാൻ പാടുള്ളു. ചാവുദോഷത്തോടുകൂടി ദിവ്യകാരുണ്യം സ്വീകരിക്കുന്നതു് ഒരു ഭയങ്കര ദൈവദോഷമാണു്. ദിവ്യകാരുണ്യസ്വീകരണത്തിനുവേണ്ട ഒരുക്കത്തെക്കുറിച്ചു് വി. പൗലോസ് ഇപ്രകാരമെഴുതുന്നു: "ഇതിനാൽ ഏതു മനുഷ്യനും തന്നെത്തന്നെ പരിശോധിക്കുകയും പിന്നെ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ യോഗ്യനല്ലാതെ അതിൽനിന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരത്തെ വിവേചിക്കാത്തതുകൊണ്ടു് തനിക്കുതന്നെയുള്ള ശിക്ഷാവിധിയാകുന്നു ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നതു്."[2]

വി. കുർബാന സ്വീകരിക്കുന്നതിനു മുമ്പ് വൈദികർ സുവിശേഷത്തില ശതാധിപന്റെ വിശ്വാസവും എളിമയും നിറഞ്ഞ വാക്കുകളാണു് ഉച്ചരിക്കുന്നതു്. ഈശോ കഫർണാമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ അവിടുത്തെ സമീപിച്ചു് ഇപ്രകാരം അപേക്ഷിച്ചു: "കർത്താവേ എന്റെ ഭൃത്യൻ പക്ഷവാതത്താൽ വല്ലാതെ കഷ്ടപ്പെടുന്നു." അതിനുത്തരമായി ഈശോ "ഞാൻ വന്നു അവനെ സുഖപ്പെടുത്താം" എന്നരുളിച്ചെയ്തു. പ്രത്യുത്തരമായി ശതാധിപൻ "കർത്താവേ അങ്ങു് എ

ന്റെ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല. അങ്ങു ഒരു വാക്കുമാത്രം അരുളിച്ചെയ്താൽ മതി എന്റെ ഭൃത്യൻ സുഖം പ്രാപിച്ചുകൊള്ളും. എന്തുകൊണ്ടെന്നാൽ എന്റെ കീഴിലുള്ള ഭടന്മാരോട് ഞാൻ ആവശ്യപ്പെടുന്നതെല്ലാം അവർ ചെയ്യുന്നു. ഞാൻ ഒരുവനോടു പോകുക എന്നു പറയുമ്പോൾ അവൻ പോകുന്നു; മറ്റൊരുവനോടു വരിക എന്നു പറയുമ്പോൾ അവൻ വരുന്നു; എന്റെ ഭൃത്യനോട് ഇതു ചെയ്യുക എന്നാവശ്യപ്പെടുമ്പോൾ അവൻ അതു ചെയ്യുന്നു.” ഈശോ ഈ വാക്കുകൾ കേട്ട് അത്ഭുതപ്പെട്ട്, തന്റെകൂടെ ഉണ്ടായിരുന്നവരോട് ഇപ്രകാരം പറഞ്ഞു: “ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: ഇസ്രായേലിൽ ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല.” അനന്തരം ദിവ്യരക്ഷകൻ ശതാധിപനോട്: “നീ പൊയ്ക്കൊൾക. നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ.” അതേ സമയംതന്നെ അവന്റെ ഭൃത്യൻ സുഖം പ്രാപിക്കുകയും ചെയ്തു.[3]

ഇതുപോലുള്ള എത്രയോ അത്ഭുതങ്ങളാണ് വിശ്വാസത്തിന്റെ ഫലമായി ഈശോ ചെയ്തിട്ടുള്ളതു്! രണ്ടു കുരുടന്മാരുടെ വിശ്വാസം നിറഞ്ഞ പ്രാർത്ഥന അവരെ സുഖപ്പെടുത്തി. ദിവ്യരക്ഷകൻ തന്റെ പിന്നാലെവന്ന ഈ കുരുടന്മാരോട്: നിങ്ങൾ വിശ്വസിച്ചതുപോലെ നിങ്ങൾക്കു സംഭവിക്കട്ടെ എന്നരുളിച്ചെയ്തു. ഉടനെ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു.[4] രക്തസ്രാവപീഡിതയായിരുന്ന ഒരു സ്ത്രീ വിശ്വാസത്താൽ പ്രേരിതയായി ഈശോയുടെ വസ്ത്രാഗ്രം സ്പർശിച്ച് സുഖം പ്രാപിച്ചു.[5] ഇപ്രകാരം ഈശോയിൽനിന്നു പുറപ്പെട്ടിരുന്ന ശക്തി എല്ലാവരേയും സുഖപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു. ഈശോതന്നെ നമ്മുടെ ആത്മീയരോഗങ്ങളേയും സുഖപ്പെടുത്തി അവിടുത്തെ യോഗ്യതയോടുകൂടി സ്വീകരിക്കുവാൻ നമ്മെ തയാറാക്കട്ടെ! പരിശുദ്ധരിൽ പരിശുദ്ധനും എല്ലാ പുണ്യങ്ങളുടെയും നികേതനവുമായ അവിടുത്തേയ്ക്കല്ലാതെ വേറെയാർക്കും നമ്മുടെ ആത്മാവിനെ സുഖപ്പെടുത്തുവാൻ സാധിക്കുകയില്ല. ദൈവത്തിൽ നമ്മുടെ വിശ്വാസവും ശരണവുമെല്ലാംവച്ച് നമ്മെ മുഴുവനും അവിടുത്തെ തൃപ്പാദങ്ങളിൽ അടിയറവയ്ക്കാം. ഈശോ നമ്മുടെ പ്രാർത്ഥന ശ്രവിച്ച് നമ്മെ വി. കുർബാന സ്വീകരിക്കുവാൻ യോഗ്യരാക്കും. പരിശുദ്ധ കന്യകമറിയത്തിന്റെയും

മററു പുണ്യവാന്മാരുടെയും മാലാഖാമാരുടെയും സഹായം ഈ സമയത്തു് അഭ്യർത്ഥിക്കുന്നതു് ഉചിതമാണു്. വി. കുർബാന സ്വീകരിക്കുന്നതിനു് അവർക്കുണ്ടായിരുന്ന ഒരുക്കത്താലും പുണ്യങ്ങളാലും നമ്മുടെ ആത്മാവിനെയും അലങ്കരിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.

വി. കുർബാനയുടെ സ്വീകരണംമൂലം നാം ഈശോയോടു് ഐക്യപ്പെടുന്നു. ഈശോ തന്റെ ശരീരവും രക്തവും നമ്മുടെ ആത്മാവിനു ഭക്ഷണപാനീയങ്ങളായിത്തരുന്നതു് നമ്മെ അവിടുത്തോടു് യോജിപ്പിക്കുവാനാണു്. നാം സ്വീകരിക്കുന്ന ഭക്ഷണം നമ്മുടെ ശരീരമായി മാറുന്നു, എന്നാൽ ദിവ്യകാരുണ്യസ്വീകരണംമൂലം ഈശോ നമ്മിൽ വസിച്ചു് നമ്മെ തന്നോടു് ഐക്യപ്പെടുത്തി നമ്മെ ക്രിസ്തുവായി രൂപാന്തരപ്പെടുത്തുന്നു. അതിനാൽ വി. പൗലോസ് ശ്ലീഹായോടുകൂടി യഥാർത്ഥത്തിൽ നമുക്കു പറയുവാൻ സാധിക്കും: "ഞാൻ ജീവിക്കുന്നു; എന്നാൽ ഞാനല്ല ക്രിസ്തുവാണു് എന്നിൽ ജീവിക്കുന്നതു്" എന്നു്. എന്തെന്നാൽ "എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" എന്ന ദിവ്യരക്ഷകന്റെ വാക്കുകൾ അഭേദ്യമായി നിലകൊള്ളുന്നു. തീയിലിട്ടു പഴുപ്പിച്ച ഇരുമ്പുകഷണം തീയിൽനിന്നു വേർതിരിച്ചറിയുവാൻ സാധ്യമല്ലാത്തതുപോലെ വി. കുർബാനയിൽ ഈശോ നമ്മെ ദിവ്യസ്നേഹാഗ്നിയിൽ എരിച്ചു് ദൈവികജീവിതത്തിലേക്കു് നമ്മെ പ്രവേശിപ്പിക്കുന്നു.

വി. കുർബാനമൂലം ഈശോ നമ്മെ തന്റെ ദൈവികജീവിതത്തിലേക്കുയർത്തി, തന്റെ മൗതികശരീരത്തിന്റെ അംഗങ്ങളായ നമ്മെയെല്ലാം തന്നോടു് ദൃഢമായ ബന്ധത്തിൽ ഐക്യപ്പെടുത്തുന്നു. ഇപ്രകാരം വി. കുർബാന വിശ്വാസികളേയും അന്യോന്യം ഐക്യപ്പെടുത്തി അവരെ എല്ലാവരേയും ഒരു ശരീരത്തിന്റെ അംഗങ്ങളാക്കുന്നു. വിശ്വാസികളെല്ലാവരും ഈശോയുടെ ശരീരരക്തമാകുന്ന ഒരേ ഭക്ഷണപാനീയങ്ങളാലാണു് പോഷിപ്പിക്കപ്പെടുന്നതു്. ആകയാൽ വി. പൗലോസ് പറയുന്നതുപോലെ "അപ്പം ഒന്നുതന്നെ ആയിരിക്കുന്നതുപോലെതന്നെ നാമേവരും ഒരേ ശരീരമാകുന്നു. നാമേവരും ആ ഒരേ അപ്പത്തിൽനിന്നുതന്നെയാകുന്നു സ്വീകരിക്കുന്നതു്." [6]

ക്രിസ്തുവിൽ ഐക്യപ്പെട്ട് ക്രിസ്തുവിൻെറ അംഗങ്ങളായി ജീവിക്കുന്നതു് എത്രയോ മഹത്വമേറിയ ഒരു ജീവിതമാണ്! എന്നാലീജീവിതത്തിനനുസരിച്ച ചുമതലയും നമുക്കുണ്ട്. ഈ കത്തവ്യബോധത്തോടുകൂടി പരിപാവനവും സ്നേഹസമ്പൂൎണ്ണവുമായ ഒരു ജീവിതം നയിക്കുവാൻ നാം കടപ്പെട്ടവരാണ്. വി. കുർബാനയിൽ ഈശോ നമ്മോട് ഐക്യപ്പെടുന്നതു് വിശ്വാസികൾ എല്ലാവരും യോജിച്ച് ഒന്നായി ജീവിക്കുന്നതിനുവേണ്ടിയാണ്. ശരീരത്തിലെ ഒരംഗത്തിനുണ്ടാവുന്ന മുറിവുകളും സുഖക്കേടുകളും മററംഗങ്ങളേയും ശരീരം മുഴുവനേയും ബാധിക്കുന്നതുപോലെ മററു വിശ്വാസികളുടെ ദാരിദ്ര്യവും ബുദ്ധിമുട്ടുകളും നമുക്കോരോരുത്തൎക്കും സംഭവിച്ചതിനു തുല്യമായി നാം ഗണിക്കണം. "ഒരേ ശരീരം ഭക്ഷിച്ച് ഒരേ ശരീരമായിത്തീരുന്ന നാം, എന്തുകൊണ്ട് അന്യോന്യസ്നേഹത്തിലും ഒരു ശരീരമെന്നു പ്രത്യക്ഷപ്പെടുത്തുന്നില്ല?" എന്ന് ജോൺ ക്രിസ്സോസ്റ്റോം ന്യായപൂൎവ്വം ചോദിക്കുന്നു. സാധുക്കളിൽ ക്രിസ്തുവിനെ ദൎശിച്ച് അവൎക്ക് ഉദാരമായ ദാനങ്ങൾ നാം ചെയ്യണം. നാം ദരിദ്രരുടെ പട്ടിണിയും നഗ്നതയും നിവാരണം ചെയ്യുവാൻ മടി പ്രദൎശിപ്പിക്കുമ്പോഴെല്ലാം ക്രിസ്തുവിനോടുതന്നെയാണ് ഈ അപരാധം ചെയ്യുന്നതു്. ഈ സത്യം "ഇപ്പോൾ നാം വിശ്വസിക്കുവാൻ വിസമ്മതിച്ചാൽ, അവസാന വിധിദിവസം ദിവ്യരക്ഷകൻ തൻെറ മഹത്വത്തിൽ പ്രത്യക്ഷപ്പെട്ട് "ചെറിയവരായ എൻെറ ഈ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്യുമ്പോഴെല്ലാം എനിക്കുതന്നെയാകുന്നു ചെയ്യുന്നതു്" എന്ന് അരുളിച്ചെയ്യുമ്പോൾ വിശ്വസിക്കുവാൻ നാം നിർബന്ധിതരാകും. 7

ദിവ്യകാരുണ്യം തിരുസ്സഭയുടെ കേന്ദ്രവും ക്രിസ്തീയ ജീവിതത്തിനു ദിവ്യാമൃതവുമാണ്. വേദസാക്ഷിയായ വി. ഇഗ്നേഷിയസിൻെറ വാക്കിൽ ഈ കൂദാശ "അമർത്യതയുടെ സിദ്ധൌഷധ"മാണ്. വരുവാനിരിക്കുന്ന സ്വൎഗ്ഗീയാനന്ദത്തിൻെറ അച്ചാരമായിട്ടാണ് വി. കുർബാനയെ ഈശോ സ്ഥാപിച്ചിട്ടുള്ളതു്. എന്തെന്നാൽ "എൻെറ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യായുസ്സുണ്ട്. അവസാന നാളിൽ അവനെ ഞാൻ ഉയിൎപ്പിക്കുകയും ചെയ്യും" എന്ന് ഈശോ വാഗ്ദാനം ചെയ്തിട്ടുണ്ട്. 8 നേരേമറിച്ച് "മനുഷ്യപുത്രൻെറ മാംസം നിങ്ങൾ ഭക്ഷിക്കുകയില്ലെങ്കിൽ നിങ്ങൾക്ക

നിങ്ങളിൽത്തന്നെ ജീവനില്ല" എന്നും ഈശോ അരുളിച്ചെയ്തിരിക്കുന്നു. അതിനാൽ വിശ്വാസികളുടെ ജീവകേന്ദ്രം വി. കുർബാനയായിരിക്കണം. യോഗ്യതയോടുകൂടി ദിവ്യകാരുണ്യം സ്വീകരിക്കുന്നവൻ, ഈലോകത്തിൽ ഈശോയോടുകൂടി, ഈശോയിൽ, ജീവിച്ചശേഷം പരലോകത്തിൽ നിത്യമോക്ഷാനന്ദഭാഗ്യം അനുഭവിക്കും.

വി. കുർബാന നമ്മുടെ ആത്മാവിന്റെ ഭക്ഷണമാണ്. ഭക്ഷിക്കാതിരുന്നാൽ ശരീരശക്തി ക്ഷയിച്ച് മരിക്കുന്നതുപോലെ, നമ്മുടെ ആത്മാവിന്റെ ഭക്ഷണമായ ദിവ്യകാരുണ്യം സ്വീകരിക്കാതിരുന്നാൽ, നമ്മുടെ ആത്മാവും ബലഹീനമായി മരണമടയുന്നു. ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നിടത്തോളംകാലം നമുക്ക് പല ശത്രുക്കളോടു മല്ലിടേണ്ടതായിട്ടുണ്ട്. ലോകം, പിശാച്, ശരീരം– ഈ മൂന്നു ശത്രുക്കളും നമ്മെ ബലമായി പാപത്തിലേയ്ക്കു വലിക്കുന്നു. ഈ പ്രലോഭനങ്ങളെ അമർത്തി പരിശുദ്ധമായ ക്രിസ്തീയജീവിതം നയിക്കുന്നതിന് നമുക്കു ഈശോയുടെ സഹായം അത്യന്താപേക്ഷിതമാണ്. ഈശോയെക്കൂടാതെ നമുക്ക് യാതൊന്നും ചെയ്യുവാൻ സാധിക്കുകയില്ല. ഈശോയാണ് നമുക്കു വേണ്ട ശക്തി നൽകി നമ്മുടെ ശത്രുക്കളോടു പടവെട്ടുന്നതിനു നമ്മെ സഹായിക്കുന്നത്. നമ്മെ ശക്തിപ്പെടുത്തുന്ന ഈശോവഴി നമുക്കെല്ലാം പ്രവർത്തിക്കുവാൻ സാധിക്കും.[9] വി. കുർബാന വഴിയാണ് ഈശോ നമുക്കു വേണ്ട എല്ലാ ശക്തിയും പ്രസാദവരങ്ങളും തരുന്നത്. ദിവ്യകാരുണ്യം പാപം ചെയ്യുന്നതിനുള്ള ദുരിച്ഛകളെ നശിപ്പിച്ച് നമ്മെ മാരകപാപത്തിൽ വീഴാതെ സംരക്ഷിക്കുന്നു. കൂടാതെ സൽകൃത്യങ്ങൾമൂലം ദൈവത്തിന്റെ പ്രിയംകരമായ എല്ലാ പുണ്യങ്ങളും സമ്പാദിച്ച് ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും വളരുന്നതിനുള്ള ബലം ഈ കൂദാശയിൽ നാം കണ്ടെത്തും. കന്യകകൾക്ക് അവരുടെ കന്യാത്വം ഭംഗംകൂടാതെ സൂക്ഷിക്കുന്നതിനും, രക്തസാക്ഷികൾക്ക് അവരുടെ വിശ്വാസത്തിൽ ദൃഢമായി നില്ക്കുന്നതിനും, മഹാത്മാക്കൾക്ക് മിശിഹായ്ക്കും സഭയ്ക്കുംവേണ്ടി സധീരം പോരാടുന്നതിനും സാധിച്ചെങ്കിൽ അവയെല്ലാം ഈ കൂദാശയുടെ ശക്തിയാലാണ് സാധിച്ചിട്ടുള്ളത്.

വി. കുർബാനയുടെ സ്വീകരണംവഴി നമുക്കു ലഭിക്കാവുന്ന പ്രസാദവരങ്ങൾ നാം അതിനായി ചെയ്യുന്ന ഒരുക്കത്തെ മാത്രമല്ല, സ്വീകരിച്ചശേഷം ചെയ്യുന്ന കൃതജ്ഞതാപ്രകടനത്തേയും ആശ്രയിച്ചിരിക്കും. ദിവ്യകാരുണ്യം സ്വീകരിച്ചശേഷമുള്ള ഏതാനും മിനിട്ടുകളാണു് നമ്മുടെ ജീവിതത്തിലെ ഏററവും വിലയേറിയ സമയം. ഈ സമയം പാഴാക്കാതെ നമ്മുടെ ഹൃദയത്തിൽ എഴുന്നെള്ളിയിരിക്കുന്ന ദിവ്യരക്ഷകനെ സ്നേഹിച്ചാരാധിച്ചു് നന്ദി പ്രദർശിപ്പിക്കാം. വി. കുർബാനയിൽ ഒരിക്കൽക്കൂടി അവിടുത്തെ സ്വീകരിക്കുവാൻ അനുവദിച്ചതിൽ നമുക്കുള്ള അഗാധമായ കൃതജ്ഞത രേഖപ്പെടുത്തി നമ്മെ ഇത്രമാത്രം സ്നേഹിക്കുന്ന അവിടുത്തേയ്ക്കുവേണ്ടിമാത്രം ജീവിച്ചുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്യാം. നമ്മുടെയും നമ്മുടെ ബന്ധുമിത്രാദികളുടെയും ആവശ്യങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം വീണ്ടും അവിടുത്തെ ഉണർത്തിച്ചു് അവിടുത്തെ തിരുവിഷ്ടംപോലെ അവയ്ക്കെല്ലാം പരിഹാരം കണ്ടെത്തിത്തരുവാനായി താഴ്മയോടുകൂടി പ്രാർത്ഥിക്കാം.

നമ്മുടെ ആത്മാവിനെ സുകൃതപുണ്യങ്ങളാൽ നിറച്ചു് അതിനെ ഈശോയ്ക്കു യോഗ്യമായ ആലയമാക്കിത്തീർക്കണമെന്നും, അവിടുത്തെ സ്നേഹത്തിൽനിന്നും ഒരിക്കലും അകന്നുപോകുവാൻ അനുവദിക്കരുതെന്നും പ്രാർത്ഥിക്കുന്നതിനുള്ള ഉത്തമസമയം ഇതുതന്നെ. ദിവ്യരക്ഷകൻ ചുങ്കക്കാരുടെ പ്രമാണിയായ സക്കേവൂസിൻെറ വീട്ടിൽ പ്രവേശിച്ചു് ഉളവാക്കിയ പരിവർത്തനങ്ങൾ നമ്മിലും ഉളവാകട്ടെ! പാപിയും ധനവാനുമായ സക്കേവൂസ് മാനസാന്തരപ്പെട്ടു് അവൻ ചെയ്ത പാപങ്ങൾക്കെല്ലാം പരിഹാരം ചെയ്യുക മാത്രമല്ല അവൻ ഈശോയുടെ ഒരുത്തമ ശിഷ്യനായിത്തീരുകയും ചെയ്തു. സക്കേവൂസിൻെറ ഭവനത്തിൽ ഈശോ പ്രവേശിച്ചപ്പോൾ, സക്കേവൂസ് എഴുന്നേററു് ഈശോയോടു പറഞ്ഞു: "കർത്താവേ ഇതാ എൻെറ വസ്തുക്കളിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ഞാൻ അപഹരിച്ചെടുത്തിട്ടുള്ളവ ഒന്നിനു നാലുവീതം ഏവർക്കും തിരിയെ കൊടുക്കുകയും ചെയ്യുന്നു." ഈശോ അപ്പോൾ അവനോടു് അരുളിച്ചെയ്തു: "ഇന്നു് ഈ വീടിനു രക്ഷയുണ്ടായി." 10 ദിവ്യരക്ഷകൻെറ ഈ വാക്കുകൾ ശ്രവിക്കുവാൻ നമുക്കും ഭാഗ്യമുണ്ടാ

യിരുന്നെങ്കിൽ! ദൈവം ധനംകൊണ്ടു് നമ്മെ അനുഗ്രഹിച്ചിട്ടുണ്ടെങ്കിൽ, ആ ധനം സ്വാർത്ഥതയ്ക്കും അമിതസുഖലോലുപതയ്ക്കുമായി ഉപയോഗിക്കാതെ നമ്മുടെ സാധുക്കളായ സഹോദരന്മാരുടെ ദാരിദ്ര്യവും ദുരിതങ്ങളും അകറ്റുന്നതിനായി നമുക്കു വിനിയോഗിക്കാം. നമ്മുടെ അയൽവാസികൾക്കു ചെയ്യുന്ന സഹായങ്ങളെല്ലാം ഈശോയ്ക്കുതന്നെ ചെയ്തതാണെന്നു് നാം എപ്പോഴും ഓർക്കണം.

---

1. John 15/13
2. I Cor 11/28—29
3. Mt. 8
4. Mt. 9/27—30
5. Mark 5
6. I Cor 10/17
7. Mt. 25/40
8. John 6/55
9. Phil. 4/13
10. Luke 19/1—9.

# 8. ഉപസംഹാരം

വി. കുർബാനയിൽ ആദ്യം മുതൽ അന്ത്യംവരെ നാം കാണുന്ന പ്രധാന സത്യം വിശ്വാസികളും ക്രിസ്തുവും തമ്മിലുള്ള ഐക്യമാണ്. ദിവ്യബലി തിരുസ്സഭയുടെ– ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ– ബലിയാണ്. ദിവ്യപൂജയിൽ ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അംഗങ്ങളായ വിശ്വാസികൾ എല്ലാവരും തങ്ങളുടെ ശിരസ്സായ ക്രിസ്തുവിനോടുചേർന്ന് ക്രിസ്തുവിന്റെ കുരിശിലെ ബലിയെ രക്തം ചിന്താത്തവിധം നിത്യപിതാവിന് അനവരതം അർപ്പിക്കുന്നു. അതിനാൽ വിശ്വാസികളെല്ലാവരും അതിൽ ഭാഗഭാക്കുകളാകുന്നു. "ദിവ്യബലിയിൽ പരിശുദ്ധ ശുശ്രൂഷകന്മാർ ഓരോരുത്തനും ദിവ്യരക്ഷകന്റെ ആളായിട്ടു മാത്രമല്ല പ്രവർത്തിക്കുന്നതു്; പ്രത്യുത മൗതികശരീരം മുഴുവന്റെയും ആളായിട്ടത്രെ പ്രവർത്തിക്കുന്നതു്." സൂര്യോദയംമുതൽ അസ്തമനംവരെ ഇടവിടാതെ ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള അൾത്താരകളിൽനിന്നു നിത്യപിതാവിന് "അസ്വാദ്യമായ സുഗന്ധമായി" സ്വർഗ്ഗത്തിലേയ്ക്കുയരുന്ന ഈ നിർമ്മലബലിയിൽ നമുക്കെപ്പോഴും പങ്കുകൊള്ളുവാൻ സാധിക്കുമെന്നതു് എത്രയോ മഹത്തും ആശ്വാസദായകവുമായ ഒരു സത്യമാണു്!

എന്നാൽ വി. കുർബാനയിൽനിന്നു നമുക്കു ലഭിക്കാവുന്ന പ്രസാദവരങ്ങൾ നമ്മുടെ ഓരോരുത്തരുടെയും ആത്മാവിന്റെ സ്ഥിതിയേയും ദിവ്യബലിയിൽ നാം എടുക്കുന്ന സജീവമായ പങ്കിനേയും ആശ്രയിച്ചിരിക്കും. ദൈവിക ജീവിതത്തിൽ മനുഷ്യരെ പങ്കാളികളാക്കുന്ന ഈ ബലിയുടെ മഹത്വമറിയുന്നവൻ അവന്റെ ജീവിതം മുഴുവൻ വി. കുർബാനയിൽ കേന്ദ്രീകരിക്കും. അപ്പോൾ ദിവ്യബലി അവനൊരു ഭാരമായിട്ടല്ല പ്രത്യുത തന്റെ ജീവിതത്തിന്റെ അമൂല്യനിക്ഷേപമായിക്കരുതി സന്ദർഭം കിട്ടുമ്പോഴെല്ലാം അതിൽ ഏററവും ഭക്തിപൂർവ്വമായ ഒരു പങ്കെടുത്തു് അനുദിനം അതിൽനിന്നൊഴുകുന്ന പ്രസാദവരങ്ങളെ സ്വായത്തമാക്കും.

വി. കുർബാന അരമണിക്കൂറുകൊണ്ടു കഴിയുന്നെങ്കിലും, കുർബാനയിൽ നാം അർപ്പിക്കുന്ന ആത്മാർപ്പണമായ ആന്തരിക

ബലിക്ക് ഒരിക്കലും വിരാമമില്ല. നമ്മുടെ ദൈനംദിന ജീവിതവും അതിലെ ഓരോ നിമിഷവും ദിവ്യബലിയുടെ ഒരു തുടർച്ചയായിരിക്കണം. നാം നമ്മെ മുഴുവനും ഈശോയിൽ നിത്യപിതാവിനു കാഴ്ചവെച്ചു. ഈ ആത്മാർപ്പണം നമ്മുടെ ജീവിതത്തിലെ ഓരോ കൃത്യങ്ങളിലും ആവർത്തിച്ച് അതിനെ എപ്പോഴും നമുക്കു പുതുക്കാം. നമ്മുടെ ജീവിതകടമകൾ നിറവേററുന്നതിൽ നേരിടുന്ന വൈഷമ്യങ്ങൾ; അയൽവാസികളും ശത്രുക്കളും വരുത്തിവയ്ക്കുന്ന കഷ്ടാരിഷ്ടതകൾ; നമുക്കുണ്ടാകുന്ന തോൽവികൾ, അപമാനങ്ങൾ, സുഖക്കേടുകൾ, ദാരിദ്ര്യം—ഇവയെല്ലാമാണ് നമ്മുടെ അനുദിനബലി. ഇവ അന്നത്തെ ദിവ്യബലിയുടെ തുടർച്ചയോ അല്ലെങ്കിൽ അടുത്ത ദിവസം വരുവാനിരിക്കുന്ന ബലിക്കായുള്ള ഒരുക്കമോ ആയിരിക്കണം. ഇവയെല്ലാം പിറുപിറുക്കാതെ ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്‌വഴങ്ങി സന്തോഷത്തോടുകൂടി സ്വീകരിച്ച് സ്വർഗ്ഗസ്ഥനായ പിതാവിനു സമർപ്പിക്കാം. എപ്പോഴും കത്തോലിക്കാ അൾത്താരകളിൽ പവിത്രീകരിക്കപ്പെടുന്ന പാനപാത്രങ്ങളിൽ അവയെ നമുക്കു നിക്ഷേപിക്കാം. അവയെ ദൈവം പ്രസാദവര കനകമായി മാററിത്തരും. നമ്മുടെ ജീവിതത്തിൽ നേരിടുന്ന കുരിശുകൾ മാത്രമല്ല, നമ്മുടെ സന്തോഷങ്ങളും വിജയങ്ങളും ദൈവത്തിനു കാഴ്ചവെച്ച് അവിടുത്തേക്കു നന്ദിസ്തോത്രം ചെയ്യാം.

നമ്മുടെ ജീവിതം മുഴുവൻ വി. കുർബാനയുടെ ഒരു തുടർച്ചയായിരിക്കുന്നതുപോലെ, നാം, ക്രിസ്തു സാധിക്കുവാൻവന്ന മനുഷ്യരക്ഷയ്ക്കായുള്ള ജോലിയും തുടർന്നുകൊണ്ടുപോകണമെന്നാണ് ദിവ്യരക്ഷകന്റെ തിരുമനസ്സ്. ഈശോ ഇപ്പോൾ നമ്മോടുകൂടി ഐക്യപ്പെട്ട് നമ്മിൽ ആത്മരക്ഷയ്ക്കായുള്ള വേല തുടർന്നുകൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നു. ഈശോ മനുഷ്യനായിപ്പിറന്ന് പാടുപീഡകൾ അനുഭവിച്ച് തന്റെ തിരുരക്തം ചിന്തിയത് നമ്മുടെമാത്രം രക്ഷയ്ക്കല്ല, പ്രത്യുത മനുഷ്യരെ എല്ലാവരേയും ദൈവത്തോടു രമ്യപ്പെടുത്തുന്നതിനും, അവരെയെല്ലാം ഏക ശരീരമായി യോജിപ്പിച്ച് മോക്ഷാനന്ദത്തിലേയ്ക്കു നയിക്കുന്നതിനുംവേണ്ടിയാണ്. എന്നാൽ ഇന്നെത്രയോപേർ അവിടുത്തെ അറിയാതെയും, അറിഞ്ഞശേഷം അവിടുത്തെ നിഷേധിച്ചും ജീവിച്ചുവരുന്നു! ഇവരുടെ എല്ലാവരുടെയും രക്ഷയ്ക്കായി ഈശോ ദാഹിക്കുന്നു. ഇവരെല്ലാവരും തന്റെ കുരിശി



അവസാന ആശീർവ്വാദം.

ലെ ബലിയിൽനിന്നൊഴുകുന്ന അനന്ത വരപ്രസാദത്തിൻെറ ഉറവയിൽനിന്നും കോരിക്കുടിച്ച് നിത്യഭാഗ്യമടയണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. ഈശോയുടെ ഈ ആഗ്രഹം സഫലമാക്കുന്നതിനു് നാം എന്താണു് ചെയ്യുന്നത്? ദൈവരാജ്യം വിസ്തൃതമാക്കുന്നതിന്— നമ്മളോടുകൂടെ തിരുസ്സഭാശരീരത്തിൽ ഇപ്പോഴും യോജിക്കാതെ നില്ക്കുന്നവരെ മാംസത്തിനൊത്തവിധം മ്ശിഹായുടെ സഹോദരന്മാരായി അംഗീകരിച്ച് അവരെ നിത്യരക്ഷയ്ക്കു് നമ്മളോടൊന്നിച്ച് പങ്കുകാരാക്കുന്നതിനു്— നമ്മാൽ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ലയോ? നമ്മുടെ അനുദിനബലിയെ ജീവിക്കുകയാണു്— നമ്മുടെ ജീവിതത്തിലെ എല്ലാ പ്രവൃത്തികളിലും നാം പുതുക്കുന്ന ആത്മാർപ്പണമാണു്— നാം ഇതിന്നായ് ചെയ്യാവുന്ന മഹത്തായ വേല. അപ്പോൾ നാം ത്യാഗങ്ങളും ബുദ്ധിമുട്ടുകളും സഹിക്കുന്നതിൽ വിസമ്മതം പ്രകടിപ്പിക്കുകയില്ല; പ്രേഷിതവേലയ്ക്കായി നമ്മെത്തന്നെ അർപ്പിക്കുവാൻ സാധിച്ചില്ലെങ്കിൽ ആ വേലയെ പ്രോത്സാഹിപ്പിക്കുന്നതിനു് നമ്മാലാകുന്നതെല്ലാം നാം ചെയ്യും; തിരുസ്സഭയ്ക്കും നമ്മുടെ സഹോദരന്മാർക്കുംവേണ്ടി എന്തു ത്യാഗവും സഹിക്കുന്നതിനു് നാം സന്നദ്ധരായിരിക്കുകയും ചെയ്യും.

ക്രൈസ്തവനും അക്രൈസ്തവനും തമ്മിലുള്ള വ്യത്യാസം പ്രധാനമായി ദിവ്യബലിയിലാണു് അടങ്ങിയിരിക്കുന്നതു്. വി. കുർബാനയിൽ ക്രൈസ്തവനുള്ള നിക്ഷേപം അനന്തമാണു്. ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ അവൻ സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്നു. ദിവ്യരക്ഷകൻെറ അംഗങ്ങളായി ആ ദൈവീകജീവിതം അനുഭവിക്കുന്നതിൽപ്പരം മനുഷ്യനഭികാമ്യമായിട്ടുള്ളതു് മറെറന്താണു്? മോക്ഷാനന്ദഭാഗ്യത്തിൻെറ അച്ചാരമായ ഈ ദൈവികജീവിതത്തിൽ മനുഷ്യരെല്ലാവരും പങ്കാളികളാകണമെന്ന ഉദ്ദേശ്യത്തോടെയാണു് തൻെറ കുരിശിലെ ബലി ലോകാവസാനംവരെ തുടർന്നുകൊണ്ടുപോകണമെന്ന് ദിവ്യരക്ഷകൻ തിരുമനസ്സായതു്. അതിനാൽ ദിവ്യബലി സമയത്തു് ക്രൈസ്തവരുടെ പുണ്യപരിപൂർണ്ണതയ്ക്കായി പ്രാർത്ഥിക്കുന്നതുപോലെ, അക്രൈസ്തവരുടെ മാനസാന്തരത്തിനായും നമുക്കു പ്രാർത്ഥിക്കാം. സ്വർഗ്ഗസ്ഥനായ പിതാവിനോടു ദിവ്യരക്ഷകൻെറ അവസാനപ്രാർത്ഥന — "നീ എന്നെ അയച്ചിരിക്കു

ന്നുവെന്ന് ലോകം വിശ്വസിക്കുവാൻ അവരെല്ലാവരും ഒന്നാകട്ടെ; എൻെറ പിതാവേ നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ, അവരും നമ്മിൽ ഒന്നാകട്ടെ."[1] എന്ന പ്രാർത്ഥന നമുക്കും ആവർത്തിക്കാം. പ്രേഷിതവേല വിജയപൂർവ്വം നിറവേററുവാനുള്ള ശക്തിയും വരപ്രസാദവും ദിവ്യബലിയിലാണ് നാം കണ്ടെത്തേണ്ടത്. കൊച്ചുത്രേസ്യായെപ്പോലെ പ്രേഷിതരംഗത്തിറങ്ങാതെതന്നെ അനേകം ആത്മാക്കളെ രക്ഷിക്കുവാൻ നമ്മുടെ അനുദിന ബലിക്ക് ശക്തിയുണ്ടെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്.

നമ്മുടെ ബലിവസ്തുവായ ഈശോ നമ്മെ വിട്ടുപിരിയാതെ ലോകാവസാനംവരെ നമ്മോടുകൂടി വസിക്കുവാൻ തിരുമനസ്സായി കത്തോലിക്കാ ദേവാലയങ്ങളിലെ സക്രാരികളിൽ പള്ളികൊള്ളുന്ന ദിവ്യരക്ഷകൻ നമ്മെ ഓരോരുത്തരേയും സ്നേഹിച്ച് നമ്മുടെ പ്രതിസ്നേഹം ആഗ്രഹിക്കുന്നു. എന്നാലീസ്നേഹത്തിൻെറ കൂദാശയിൽ അവിടുന്നനുഭവിക്കുന്ന യാതനകൾക്കു കണക്കില്ല. അവിടുത്തെ ദിവ്യകാരുണ്യസാന്നിദ്ധ്യത്തെ നിഷേധിക്കുന്നവർ മാത്രമല്ല, കത്തോലിക്കർപോലും ഈ കൂദാശയിൽ അവിടുത്തോടു പ്രദർശിപ്പിക്കുന്ന ദൈവദൂഷണങ്ങളും ഭക്തിക്കുറവുകളും നിരവധിയാണ്. നമ്മോടുള്ള സ്നേഹത്താൽ ഇത്രമാത്രം സഹനമനുഭവിക്കുവാൻ ചിത്തമായ ദിവ്യനാഥനെ നമുക്കു സന്ദർശിച്ച് ആശ്വസിപ്പിക്കാം. വി. കർബാനയുടെ നേരെ മററുള്ളവർ കാട്ടുന്ന ഭക്തിക്കുറവിനും ദൈവദൂഷണങ്ങൾക്കും പരിഹാരമായി നമ്മുടെ ഭക്തിതീക്ഷ്ണതയും ജ്വലിച്ചെരിയുന്ന ദൈവസ്നേഹവും അവിടുത്തേക്കു സമർപ്പിക്കാം.

നമ്മുടെ ആത്മാവിൻെറ ഈ സ്നേഹനാഥനെ സന്ദർഭം കിട്ടുമ്പോഴെല്ലാം സന്ദർശിച്ച് ആദ്ധ്യാത്മികമായവിധം അവിടുത്തെ നമ്മുടെ ഹൃദയങ്ങളിലേക്കു ക്ഷണിക്കാം. വി. കർബാനയുടെ സ്വീകരണം ദിവസത്തിൽ ഒരിക്കൽ മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളു; എന്നാൽ നമ്മുടെ ആഗ്രഹത്താലും സ്നേഹപ്രകരണങ്ങളാലും ദിവസത്തിൽ അനേകം പ്രാവശ്യം ഈശോയെ നമുക്കു സ്വീകരിക്കുവാൻ സാധിക്കും. "സക്രാരിയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ അങ്ങേ ഞാൻ ആരാധിക്കുന്നു; അങ്ങേ ഉൾക്കൊള്ളുവാൻ ഞാൻ ആഗ്രഹിക്കുന്നു; അവിടുന്ന് എൻെറ ഹൃദയത്തിൽ എഴുന്നെള്ളിവരേണമെ" എന്നു പ്രാർത്ഥി

ച്ച്. ആദ്ധ്യാത്മികമായവിധം ഈശോയെ നമുക്ക സ്വീകരിക്കാം.

നമ്മുടെ എല്ലാ സങ്കടങ്ങളിലും വിഷമങ്ങളിലും ഏകാവലംബമായ ഒരേ ഒരു സ്നേഹിതൻ ഈശോ മാത്രമാണ്. മറെറല്ലാവരും നമ്മെ ഉപേക്ഷിച്ചാലും അവിടുന്നു നമ്മെ ഉപേക്ഷിക്കുകയില്ല. സക്രാരിയിൽ നമ്മോടുള്ള സ്നേഹത്താൽ ബന്ധിതനായിരിക്കുന്ന ദിവ്യരക്ഷകൻ "സങ്കടപ്പെടുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം"[2] എന്നരുളിച്ചെയ്ത് നമ്മെ ക്ഷണിക്കുന്നു. അതിനാൽ നമ്മുടെ കഷ്ടതകളിലും വിഷമപ്രശ്നങ്ങളിലും ദിവ്യകാരുണ്യനാഥനെ സമീപിച്ച് അവിടുത്തെ ഉപദേശവും ആശ്വാസവും നേടാം.

---

1. John 17/21. 2. Mt. 11/28.

Printed and Published for the Proprietor by Rev. Fr. Wilfrid, T. O. C. D. at the St. Joseph's Press, Mannanam. 1957.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M200 Acc. No. 14079

This book should be returned on or before the date last stamped below.

If the book is not returned on due date a fine of ₹1 per day will be charged

M
200
KUN - [illegible]

14079

ഊത്താപ്പാനവിൽ, എസ്. ജെ

സ്വർഗ്ഗാരോഹണം.

KOTTAYAM PUBLIC LIBRARY

Call No M200 Acc. No 14070

Author ഉണ്ണാപറമ്പിൽ, ജസ്. ജെ

Title സ്വർഗ്ഗ സോപാനം